ശ്രീരാമവർമ്മഗ്രന്ഥാവലി.

മനുഷ്യാലയചന്ദ്രിക

തച്ചുശാസ്ത്രം

. കൊച്ചി മലയാളഭാഷാപരിഷ്കരണക്കമ്മിറ്റിയിൽനിന്ന്,
വ്യാഖ്യാനത്തോടും പരിലേഖനങ്ങളോടും കൂടി
പ്രസിദ്ധപ്പെടുത്തുന്നതു്.

T P A
STOCK VERIFIED
1995

1125.

(പകർപ്പവകാശം കമ്മിറ്റിക്കുമാത്രം.)

[വില 1 - 2 - 0

രണ്ടാം പതിപ്പ്.

എറണാകുളം
പരീക്ഷാനുഗ്രഹാലയത്തിൽ
അച്ചടിച്ചത്.

[കോപ്പി 500.

വിഷയാനുക്രമണിക

പദ്യം	വിഷയവിവരം
1	മംഗളാചരണം
2	ഗ്രന്ഥകർത്തൃവിവരണം
3	ഇഷ്ടദേവതാവന്ദനം
4	ഗ്രന്ഥാരംഭം
5	പൂർവ്വാഗമപ്രാമാണ്യപ്രദർശനം
6	ആചാര്യവരണം
7	വിലക്ഷണഗൃഹദോഷം
8	ഗൃഹാകൃതിസങ്കല്പനം
9	കാരുഗ്രഹണം
10 11-12	കാരു (ശില്പി)ലക്ഷണാദികം
13	ഭൂപരീക്ഷാദിക്രമം
14	സർവ്വസാമാന്യമായി ഉത്തമഭൂമിയുടെ ലക്ഷണം
15	സർവ്വവർജ്യഭൂമിയുടെ ലക്ഷണം
16	വർണ്ണഭേദമനുസരിച്ചുള്ള ലക്ഷണം
17	മിശ്രലക്ഷണത്തിങ്കൽ പരീക്ഷ ആവശ്യമെന്നു്
18	അഗ്നിപരീക്ഷാ
19	ജലപരീക്ഷാ
20	സ്ഥലസമീകരണവും ശങ്കുസ്ഥാപനവും
21-22	ദിങ്നിർണ്ണയം
23-24	സൂത്രനാമങ്ങളും ഖണ്ഡകല്പനയും
26	സൂത്രവേധദോഷങ്ങൾ
27	സൂത്രവർണ്ണം
28	അന്യോന്യവേധവർജ്ജനം
29	വൃക്ഷസ്ഥിതിയുടെ ഗുണഫലം
30	വൃക്ഷങ്ങളുടെ അനിഷ്ടസ്ഥിതി
31	സർവ്വത്ര ശുഭവൃക്ഷാദികം
32	പുരസ്സു് അടുത്തും, അകന്നും നില്ക്കേണ്ടുന്ന വൃക്ഷങ്ങളുടെ ക്രമനിയമം
33	വൃക്ഷങ്ങളിൽ സർവ്വത്ര വർജ്യങ്ങൾ
34	ഭൂസ്ഥിതികൊണ്ടു വീഥികല്പനം
35-36	പരിതഃപ്രദേശചിന്താ
37	ഭൂമിയുടെ ഉച്ചനീചത്വംകൊണ്ടുള്ള ഫലകാലങ്ങൾ
38	വർണ്ണഭേദം അനുസരിച്ചു ഭൂമിയുടെ ലക്ഷണഭേദം
39, 40, 41	മാനസാധനനിർണ്ണയം
42	മേയവസ്തുഭേദംകൊണ്ടു മാനസാധനഭേദവിധി
43	ഓരോ വസ്തുക്കളിൽ യോനിഭേദം എടുക്കേണ്ടുന്ന വിധി

പദ്യം	വിഷയവിവരം
44	ങ്ങളെവെടുക്കേണ്ടുന്ന സ്ഥാനങ്ങൾ
45	വീഥീവിന്യാസനിയമം
46-47	വീഥീവിന്യാസവും, ഗ്രാഹ്യത്യാജ്യവീഥീ നിയമവും
48	പദകല്പനം
49, 50, 51	പദദേവതാസ്ഥിതിനിയമം
52	വാസ്തുപുരുഷാഗമം
53	വാസ്തുപുരുഷസ്ഥിതി
54-57	വാസ്തുപുരുഷന്റെ അംഗസ്ഥിതികളായ ദേവതമാരുടെ സ്ഥാനങ്ങളും അവരെ പൂജിക്കേണ്ടതാണെന്നും, മഠം
58	നാഡീരജ്ജുമർമ്മാദികൾ
59	മർമ്മവേധംകൊണ്ടുള്ള ദോഷങ്ങളും തൽപരിഹാരവിധിയും
60	യോന്യാദിനിർണ്ണയം
61-64	യോന്യാദികളുടെ ഗ്രാഹ്യത്യാജ്യവിഭാഗം
65-75	യോന്യാദികളുടെ വികല്പവിധി
76-77	ദീഘ്രവിസ്തൂരാദി കല്പനാക്രമം
78	ഇഷ്ടദീർഘ°ഘകല്പനവിധി
79	ഞ്ഞതിന്റെ പ്രകാരഭേദം
80	പദാധികാദിവിധി
81	പാദാധികാദികളെ എടുക്കുന്നതിനെക്കുറിച്ച°
82	ഗുണവ്യാസവിധി
83	ദീർഘ°ഘവിസ്തൂരകല്പനാവികല്പങ്ങൾ
84	പാദമാന(പൊക്കം) കല്പനാവിധി
85-86	ഉപപീഠവിധി
87	അധിഷ്ഠാന(തറ)വിധി
88	മഞ്ചകാധിഷ്ഠാനവിധി
89-90	ഗളമഞ്ചകാധിഷ്ഠാനവിധി
91	തറയുടെ അവയവവിധി
92	കാലൈകരത്തിനുള്ള നിയമം
93-96	ഗുണകളുടെ ആകാരവിധി
97	പാദപീഠ(ഭ്രാമ)വിധി
98-99	പോതികാവിധി
100, 101,	ഉത്തരവിധി
102	അർദ്ധോത്തരവിധി
103	ഉത്തരവാജനവിധി
104	ഉത്തരവാജനവും ചിറകുത്തരവും ഉണ്ടാക്കുവാനുള്ള വിധി
105	പ്രസൂരവിധി
106	അഗ്രധാനി(മോന്തായ)വിധി
107	ലുപാലഞ്ച (കഴുക്കോലിടൽ) വിധി
108, 109	കൂടവിധി

പദ്യം	വിഷയവിവരം
110	ചൂളീവിഷ്ണ്വംഭവിധി
111-112	ലുപാ (കഴുക്കോൽ) വിധി
113-116	ലുപാദീർഘ്യനിർണ്ണയവിധി
117-118	ലുപാവിസ്താര (കഴുക്കോൽവീതി) വിധി
120	കൊടിനൂൽ വരപ്പാനുള്ള വിധി
121	തൂക്കും വിതാനവും വരപ്പാനുള്ള വിധി
122	വളവണ്ണം കല്പിപ്പാനുള്ള വിധി
123	വാമടയുടെ വീതികനം കല്പിക്കേണ്ട വിധി
124	വാമട കൊതപ്പാനുള്ള വിധി
125	വാമട തറപ്പാനുള്ള വിധി
126	പട്ടികകളുടെ വീതി കനം കല്പിക്കാനുള്ള വിധി
127	അവസാനപ്പലകയുടെ വിധി
128-129	ദ്വാര (കട്ടിള) വിധി
130-131	ദ്വാരനീളവും വിസ്താരവും കല്പിക്കാനുള്ള വിധി
132-133	വാതിലും സൂത്രപട്ടികയും ഉണ്ടാക്കുവാനുള്ള വിധി
134	ദ്വാരാലങ്കാരങ്ങളും മറവും
137-140	താക്കഴകളുടെ വിധി
141	ഭിത്തിപ്രമാണവിധി
142-143	വേധികാവിധി
145	മുഖ്യന്തം പണിയുവാനുള്ള വിധി
146	ഗൃഹങ്ങളുടെ പ്രാധാന്യക്രമം
147	മൂന്നുകെട്ടുഗൃഹത്തിന്റെ ഗുണദോഷഫലം
148	രണ്ടുകെട്ടുഗൃഹത്തിന്റെ ഗുണദോഷങ്ങൾ
149	പത്രമാനവിധി
150	അങ്കണവിധി
151-159.	ശാലാവിധി
160	എടക്കെട്ടുവാതൽ വയ്പാനുള്ള വിധി
161	പടിപ്പുരയുണ്ടാക്കുവാനുള്ള വിധി
162	മാരോ കെട്ടുകളെക്കൊണ്ടുള്ള ഉപയോഗ വിധി
163	അല്പക്ഷേത്രത്തിൽ ഗൃഹസ്ഥാനവിധി
164	രാജധാനിയുടെ ഉപഗൃഹവിധി
165	സാമാന്യം ഇല്ലാവക്കും ഉപഗൃഹവിധി
166-167	ഗോശാലാ (തൊഴുത്തു്) സ്ഥാനവിധി
168-169	കൂപ (കിണറിന്റെ) സ്ഥാനവിധി
170	ചില സ്ഥാനങ്ങളിൽ കൂപാദികളുടെ ദോഷവിധി
171	മതിൽ, കിടങ്ങു മുതലായവയുടെ വിധി
172	വാസ്തുപൂജാദിവിധി
173	ഭവനപരിഗ്രഹവിധി (ഗൃഹപ്രവേശനവിധി

പ്രസ്താവന

മലയാളരാജ്യത്തിന്റെ മദ്ധ്യദേശങ്ങളിൽ മനുഷ്യാലയ നിർമ്മാണത്തിൽ ശില്പശാസ്ത്രജ്ഞന്മാർ പ്രധാനമായി അംഗീകരിച്ചുവരുന്ന ഒരു പ്രമാണഗ്രന്ഥമാണു 'മനുഷ്യാലയചന്ദ്രിക;' ഈ ഗ്രന്ഥം തന്നെ വേറെ ഒരു രൂപത്തിൽ അല്പാല്പം ഭേദഗതികളോടുകൂടി ഏഴു് അധ്യായങ്ങളാക്കി തിരിച്ചു്, പേരുമാറ്റം കൂടാതെ പെരുമാറ്റത്തിൽ വന്നിട്ടുണ്ടു്. അതു ബ്രിട്ടീഷുമലബാറിൽനിന്നു 'പാലോളി ചോയി' വൈദ്യരാൽ ഉണ്ടാക്കപ്പെട്ട 'ലളിത' എന്നൊരു ഭാഷാവ്യാഖ്യാനത്തോടുകൂടി 1080-ാമാണ്ടിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ആ 'ലളിത'യുടെ രംഗപ്രവേശകാലത്തുതന്നെ അതിന്റെ സ്വാലിത്യങ്ങളേയും കാപട്യങ്ങളേയും വിശദീകരിച്ചുകൊണ്ടു 'ലളിതാനിരൂപണം' എന്നൊരു ഖണ്ഡനത്തെ 'ഒരാശാരിച്ചെറുക്കൻ' എന്നു പേരുവച്ചു ഞാൻ തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുക്കൂടത്തിൽനിന്നു പ്രകാശിപ്പിച്ചു.

ആവകസ്സംരംഭങ്ങളെല്ലാം ശമിച്ചു പിന്നെയും കുറച്ചുകാലം കഴിഞ്ഞതിനുശേഷം ആ 'മനുഷ്യാലയചന്ദ്രിക'യ്ക്കു സവിസ്തരമായ മറെറാരു വ്യാഖ്യാനം ഞാൻ എഴുതുകയും, അതിൽ ആദ്യത്തെ മൂന്നു് അധ്യായം 1097-ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ശേഷമുള്ള ഭാഗം വേറേ ചില പ്രതിബന്ധങ്ങളാൽ അന്നു പ്രസിദ്ധീകരിപ്പാൻ സാധിച്ചില്ല. ആ വ്യാഖ്യാനം എഴുതുവാനായി ഞാൻ പല പൂർവ്വഗ്രന്ഥങ്ങളേയും അന്വേഷിച്ചു സമ്പാദിച്ചു കൂട്ടത്തിൽ കൈവശം കിട്ടിയതാണു് ഈ ഗ്രന്ഥം. ഇതിലെ മൂലവും ഭാഷാവ്യാഖ്യാനവും പഴയതു തന്നെയാണു്; അവയിൽ എനിക്കു പറയത്തക്ക അവകാശം ഒന്നുമില്ല. എന്നാൽ വ്യാഖ്യാനത്തിലെ ചില ഭാഷാരീതി നവീനന്മാക്കു മനസ്സിലാക്കുവാൻ പ്രയാസമുള്ളതും രുചിക്കാത്തതുമായി തോന്നിയതിനാൽ

അവിടവിടെ ആശയത്തിനു ഭേദംവരാത്തണ്ണം പദവിന്യാസത്തിൽ ഏതാനും ചില മാറ്റങ്ങൾ ചെയ്തിട്ടില്ലെന്നില്ല. ഇതു കൂടാതെ അധികപ്പടിയായി ഞാൻ ചെയ്തിട്ടുള്ളതു്, ശങ്കുസ്ഥാപനം, ദിങ്നിർണ്ണയം, പദവിന്യാസം, വീഥീസ്ഥിതി മുതലായി ഗൃഹനിർമ്മാണം ചെയ്യുന്ന ഭൂമിയെസ്സംബന്ധിച്ചും, ഭിന്നശാല, പത്തരശാല മുതലായ ഗൃഹങ്ങളുടെ വിന്യാസഭേദങ്ങളെ ഉദാഹരിച്ചും ഏതാനും ചില പരിലേഖങ്ങളും ഒരു കോൽ മുതൽ അഷ്ടപത്തുകോൽ വരെയുള്ള ഓരോ പരിഷ്കയിലും ധ്വജാദിയോനികളിൽ വരുന്ന പുറകണക്കുകളെല്ലാം ഉത്തമമദ്ധ്യമാധമങ്ങളായി തിരിച്ചു് അയാസം കൂടാതെ അറിയത്തക്കവണ്ണം 'കോൽ തച്ചു്' എന്ന ഒരു പട്ടികയും മാത്രമാണു്. ഈ വിഷയത്തിൽ ഞാൻ ചെയ്തിട്ടുള്ള പരിശ്രമത്തിന്റെ ഫലം, ശില്പകർമ്മോപജീവികളായ ആശാരിമാർക്കും അവരവർക്കു ഹിതമായ കണക്കുകളെ ഇഷ്ടംപോലെ തെരഞ്ഞെടുത്തു ഗൃഹം തീർപ്പിക്കുന്നതിൽ ഗൃഹനാഥന്മാർക്കും വരാവുന്ന ആയാസം കുറയ്ക്കുകയാണു്.

അനേകകാലത്തെ ലോകാവലോകനംകൊണ്ടും നിരീക്ഷണപരീക്ഷണങ്ങളെക്കൊണ്ടും അഭേദ്യങ്ങളായ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി പൂർവ്വാചാര്യന്മാർ നിബന്ധിച്ചിരിക്കുന്ന ശാസ്ത്രനിയമങ്ങളെ ലംഘിച്ചു പ്രവർത്തിക്കുന്നതു ശ്രേയസ്കരമായിത്തീരുകയില്ലെന്നു വിശ്വസിക്കുന്ന യാഥാസ്ഥിതികന്മാർക്കും, ശാസ്ത്രനിയമങ്ങളെയും ജാത്യാദിമര്യാദകളെയും അനുസരിച്ചു നടക്കുന്നതു് അസ്വാതന്ത്ര്യത്തിനും അസുഖത്തിനും കാരണമായിത്തീരുന്നതാകകൊണ്ടു് അതൊക്കെ മറയത്തു കളയേണ്ട കാലമായി എന്നു വാദിക്കുന്ന ഉൽപതിഷ്ണുക്കൾക്കും യഥേഷ്ടം രുചിക്കത്തക്കവണ്ണം ഗൃഹങ്ങളുണ്ടാക്കുവാനുള്ള സൌകര്യങ്ങളെല്ലാം ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. ഇതുതന്നെയാണു് ഈ ഗ്രന്ഥത്തിനു് ഇതരശില്പശാസ്ത്രഗ്രന്ഥങ്ങളെ അപേക്ഷിച്ചു പ്രത്യേകം

ആദരണീയമായ ഒരു ഗ്രണമുള്ളതു്. ജനബാഹുല്യം, ധനവിഭാഗം മുതലായതുകൊണ്ടു് ഒരു തറവാട്ടു പല താവഴികളായും ഓരോ താവഴികളും അനേകം വീടുകളായും പിരിയുന്നതിനാൽ നാട്ടുപുറങ്ങളിലും, വൈദേശികസമ്പ്രദായത്തിലുള്ള പരിഷ്കാരഭ്രമം നിമിത്തം നഗരങ്ങളിലും സ്ഥലദൌർല്ലഭ്യം സംഭവിക്കുകയും, പ്രാചീനസമ്പ്രദായത്തിലുള്ള നാലുകെട്ടുപുരകളോടു ജനങ്ങൾക്കു വൈമുഖ്യം തോന്നുകയും ചെയ്യുന്നതിനാൽ ഭൂമിയുടെ ലക്ഷണവും വിസ്താരവും, പുരകളുടെ ആകൃതിയും കണക്കും നോക്കുന്ന രീതിയിൽ ചില പ്രശ്നാരങ്ങളും പുത്രമകളും വരുത്തേണ്ടതിനും ഈ ഗ്രന്ഥം അത്യന്തം ഉപയോഗപ്രദമായിരിക്കുമെന്നതാണു്.

ഇതിലെ രണ്ടാമത്തെ ശ്ലോകത്തിൽനിന്നു ഗ്രന്ഥകർത്താവു 'തിരുമംഗലത്തു' 'നിലകണ്ഠൻ' എന്നൊരാൾ ആണെന്നു കാണുന്നു. ഒന്നും മൂന്നും ശ്ലോകങ്ങളിൽ അദ്ദേഹത്തിന്റെ ഇഷ്ടദേവതമാരായി പറയുന്നതു ബ്രഹ്മീഷുമലബാറിൽ പൊന്നാനിത്താലൂക്കിൽ എടക്കളം തീവണ്ടി ആപ്പീസ്സിൽനിന്നു തെക്കു പടഞ്ഞാറു പണ്ടത്തെ വെട്ടത്തുനാട്ടിൽപ്പെട്ട ചില ക്ഷേത്രങ്ങളിലെ ദേവന്മാരെക്കുറിച്ചാണു്. ആ ടിക്കിൽ അന്വേഷിച്ചതിൽ, അവിടെ 'തൃപ്പുറങ്ങോട്ടു്' (പരക്രോഡം) എന്ന ക്ഷേത്രത്തിനു സമീപത്തിൽ 'തിരുമംഗലം' എന്നൊരു മൂത്തതിന്റെ ഇല്ലം ഇപ്പോഴും ഉണ്ടു്. ആ ഗൃഹത്തിൽ പണ്ടു പലപണ്ഡിതന്മാരും ഉണ്ടായിരുന്നുവെന്നും കേൾവിയുണ്ടു്. അവരിൽ ഒരാളായിരുന്ന ഈ ഗ്രന്ഥകർത്താവെന്നു വിചാരിക്കുന്നതിൽ വലിയ അസാംഗത്യമുണ്ടാവാനവകാശമില്ല. ആയ്വാവത്തത്തിൽ ഗംഗാതീരംപോലെ കേരളത്തിൽ പ്രാചീനകാലത്തു ഭാരതപ്പുഴയുടെ പാരാവാരങ്ങൾ വിടൽ ഖനികളായിരുന്നുവെന്നു പ്രസിദ്ധമാണു്. ആ സ്ഥലമാഹാത്മ്യം ഇന്നും കേവലം നശിച്ചുപോയിട്ടില്ലെന്നു തെളിയിക്കാനെന്നവണ്ണം ചില പണ്ഡിതരത്നങ്ങൾ ആ പ്രദേശങ്ങളിൽ പ്രകാശിക്കുന്നുണ്ടല്ലൊ.

ഇദ്ദേഹത്തിന്റെ ജീവിതകാലം സൂക്ഷ്മമായി പറയത്തക്ക ലക്ഷ്യങ്ങളൊന്നും കിട്ടീട്ടില്ല. എന്നാൽ, ഈ ഗ്രന്ഥത്തിൽതന്നെ അഞ്ചാമത്തെ ശ്ലോകത്തിന്റെ അന്ത്യപാദത്തിൽ ''തന്ത്രസമുച്ചയാനുസരതാ മാദ്ധ്നേന സംക്ഷിപ്യതേ'' എന്നു പറഞ്ഞിരിക്കുന്നതിൽനിന്നും, തന്ത്രസമുച്ചയത്തിലെ പലശ്ലോകങ്ങളും ഇതിൽ എടുത്തു ചേർത്തിരിക്കുന്നതിൽനിന്നും തന്ത്രസമുച്ചയഗ്രന്ഥത്തിന പ്രചാരം വന്നതിൽപ്പിന്നെയാണ് ഇതുണ്ടാക്കിയതെന്നു സ്പഷ്ടമാകുന്നു. തന്ത്രസമുച്ചയമാകട്ടെ കല്യബ്ദം 4529-ൽ (ക്രി വ. 1426) 'ജയന്തമംഗലം' എന്ന ഗൃഹത്തിൽ (വടക്കൻചേന്നാസ്സുമനയ്ക്കൽ) ജനിച്ച 'നാരായണൻ' (നാരായണൻ നമ്പൂതിരിപ്പാട്) എന്നൊരാളാൽ ഉണ്ടാക്കപ്പെട്ടതാണെന്ന് ആ ഗ്രന്ഥത്തിൽതന്നെയുള്ള താഴേ കാണുന്ന പദ്യത്തിൽനിന്നു സുവ്യക്തമാകുന്നു.

''കല്യബ്ദേഷ്വതിയത്സു 'നന്ദനയനേ-
ഷ്വംഭോധി' സംഖ്യേഷു യഃ
സംഭ്രതോ ഭൂഗ്രവീതഹവ്യമുനിയുങ്-
മൂലേ സവേദേനയേ.
പ്രാഹയ്യസ്യ 'ജയന്ത മംഗല'പദേ-
ഷ്വം ധാമ 'നാരായണഃ'
സോടയം തന്ത്രമിദം വ്യധാൽ ബഹുവിധാ-
ഭ്യുത്യ തന്ത്രാണ്ണവാൽ.''
(പടലം 12. പദ്യം 215)

അക്കാലത്തു് ഈച്ചൂടി മുതലായ സൌകര്യങ്ങളില്ലാതിരുന്നതിനാൽ ഒരു ഗ്രന്ഥത്തിന പ്രചാരം സിദ്ധിക്കേണമെങ്കിൽ ചുരുങ്ങിയതു് ഒരു നൂറാണ്ടുകാലമെങ്കിലും വേണ്ടിവരുന്നതാണ്. ആ സ്ഥിതിക്കു് ഈ ഗ്രന്ഥം, ക്രിസ്തുവർഷം പതിനാറാം നൂറ്റാണ്ടിലോ പതിനേഴാം നൂറ്റാണ്ടിലോ ഉണ്ടാക്കപ്പെട്ടതായിരിക്കണം.

ഇതിലെ രണ്ടാം ശ്ലോകത്തിന്റെ അന്ത്യപാദത്തിൽ കാണുന്ന 'രത്നമുച്ചൈരതാനീൽ' എന്ന വാക്യത്തിന്റ്, വ്യാഖ്യാതാവു്, 'ശില്പിരത്നം എന്ന ഗ്രന്ഥത്തെ ഉണ്ടാക്കി' എന്ന വ്യാഖ്യാനം ചെയ്തുകാണുന്നു. എന്നാൽ 'ശില്പിരത്നം' എന്ന ഗ്രന്ഥത്തിലാകട്ടെ ഗ്രന്ഥകർത്താവിന്റെ പേർ യാതൊന്നും പറഞ്ഞുകാണുന്നതുമില്ല. തിരുവനന്തപുരം സംസ്കൃതഗ്രന്ഥാവലിയിൽ ചേർത്തു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന 'ശില്പരത്നം' എന്ന പുസ്തകത്തിന്റെ പൂർവ്വഭാഗത്തിൽ 'ശ്രീകുമാരപ്രണീതം' എന്നു അച്ചടിച്ചു കാണുന്നതിനു പ്രമാണമെന്തെന്നു് അന്വേഷിക്കേണ്ടതാണു്.

''നാനാവിശാലഗണിതാഗമശില്പശാസ്ത്രാ-
ദുൽപത്തിമുഖ്യഭവമദ്ഭുതവിക്രമാഢ്യാം
'സേതുജ്വലകാനന'നിവാസകൃതാധിവാസാം
വന്ദേ ഷഡ്ഡാനനവതീം പരദേവതാം മേ''

(ശില്പിരത്നം അധ്യായം 1. പദ്യം 4)

''സംപൂജ്യതേ സദസി ഭാഗ്ഗവസൂക്ഷ്മഭാഗ-
ഗേടസ്മിൻ ബുധൈഃ സകലശില്പകലാസു യോഽസൌ
തം മേ നമാമി പിതരം ഭൃഗുവംശജാതം
ശശ്വത്സപുത്രഹിതപൂരണജാഗ്രുകം''

(ശി-ര-അ-1. പ-6)

''ബ്രാഹ്മം ക്ഷാത്രം ച തേജോഽപ്യഹമഹമികയാ
വർദ്ധതേ യത്ര വീരേ
തസ്യൈ 'ശ്രീദേവനാരായണധരണിപതേ'-
രാജ്ഞയാജ്ഞാകരോഽഹം
മന്ദോഽപ്യത്യന്തമോഹാദതിവിപുലതരേ-
ഭ്യോഽഥ പൂർവ്വാഗമേഭ്യഃ
സംക്ഷിപ്തം 'ശില്പരത്നം' പ്രലിഖിതുമധുനാ
പ്രക്രമേ തൽക്രമേണ''

(ശി-ര-അ-1-പ7)

മേലെഴുതിയവയിൽ ആദ്യശ്ലോകത്തിൽ 'സേതുഭ്യു കാനനം' എന്നുള്ളതു. സംസ്കൃതീകരിക്കപ്പെട്ട ഒരു സുബ്രഹ്മ ണ്യക്ഷേത്രനാമമാണ്. അതിന്റെ സാക്ഷാൽ പേരെന്താ ണ്? ആ ക്ഷേത്രം എവിടെയാണ്? രണ്ടാംശ്ലോകത്തിൽ 'സകലശില്പകലാനിപുണനും, ഭൃഗുവംശജാതനും, ഗ്രന്ഥക ർത്താവിന്റെ പിതാവും ആണെന്നു പറയുന്ന ആ മഹാൻ ആരാണ്? മൂന്നാംശ്ലോകത്തിൽ പറയുന്ന 'ദേവനാരായണ ധരണിപതി' മഹാകവിയും വൈയാകരണശിരോമണിയു മായ മേൽപുത്തൂർ ശ്രീ നാരായണഭട്ടതിരിയെക്കൊണ്ട് 'പ്രക്രിയാസർവ്വസ്വം' മുതലായ ഗ്രന്ഥങ്ങൾ ഉണ്ടാക്കിച്ച ആ വിദ്വൽപ്രിയനായ അമ്പലപ്പുഴരാജാവുതന്നെയാണോ? ഇ തെല്ലാമാണ് അന്വേഷിപ്പാനുള്ള വിഷയങ്ങൾ.

'മാതംഗലീലാ' എന്ന ഗജശാസ്ത്രഗ്രന്ഥത്തിലെ മംഗ ളശ്ലോകവും ഈ മനുഷ്യാലയചന്ദ്രികയിലെ മംഗളശ്ലോ കവും തമ്മിൽ അധികം സംവാദമുണ്ട്.

"നൃസിംഹയാദവൈ ശൈത്യ-
സമൂഹോഗ്രാടവീദവൈ
രാജമാനൈ ഭജേ രാജ-
രാജമംഗലധാമനി." (മാതംഗലീല)

അതുകൊണ്ട് ഈ രണ്ടു ഗ്രന്ഥങ്ങളുടേയും കർത്താവ് ഒരാൾ തന്നെയായിരിക്കുമോ എന്നു ശങ്കിപ്പാനവകാശമുണ്ട്.

ഇങ്ങനെ ഗ്രന്ഥകർത്താവിന്റെ ഉരും പേരും കുലവും കാലവും നിർണ്ണയിക്കുന്നതിനു് എന്റെ അന്വേഷണത്തി ലും ഊഹാപോഹങ്ങളിലും ലഭിച്ചിട്ടുള്ള സംഗതികളെ അടിസ്ഥാനപ്പെടുത്തി എന്തൊരും ചില വിവരങ്ങൾ ഇവി ടെ പ്രസ്താവിച്ചുവെന്നു മാത്രമേ പറവാൻ തരമുള്ളൂ. ചരി ത്രകാരന്മാരുടെ പതിവനുസരിച്ച് ഇതിലും സുസ്ഥിരവും സൂക്ഷ്മവുമായ അറിവുകൾ കിട്ടുമ്പോൾ ഇവയെ ത്യജി ക്കുകയും അവയെ ഗ്രഹിക്കുകയും ചെയ്യാമല്ലോ.

ഭാഷാപരിഷ്കരണക്കമ്മറ്റി
ആപ്പീസ്
തൃശ്ശിവപേരൂർ
5—3—103

പണ്ഡിതൻ
കെ. പരമേശ്വരമേനോൻ.

രണ്ടാം പതിപ്പ് പ്രസ്താവന.

ജീവിതത്തിൽ സുഖം സൌകര്യം സൌന്ദര്യം ഇവ വളർത്തുകയാണു ശാസ്ത്രങ്ങളുടെ ലക്ഷ്യം. ശാസ്ത്രജ്ഞൻ മനുഷ്യസമുദായത്തിന്റെ ബുദ്ധിശക്തിയേയും നിരീക്ഷണപാടവത്തേയും ഉത്തരോത്തരം വളർത്തുകയും തെളിയിക്കുകയും ചെയ്യുന്നു. ഭാഷ, സാഹിത്യം, വ്യവസായം, വാണിജ്യം, ഭരണം എന്നുവേണ്ട പരിഷ്കൃതമായ മനുഷ്യസമുദായത്തെ പരാമർശിക്കുന്ന എല്ലാ വിഷയങ്ങളേയും പ്രാകൃതാവസ്ഥയിൽനിന്നും ഉയർത്തി അവയെ സുന്ദരമായവിധം ജീവിതോപയോഗസമർത്ഥമാക്കുന്നതു ശാസ്ത്രമാണെന്നു പറയാം. അസുന്ദരവും അശുഭവുമാണ് ശാസ്ത്രസിദ്ധാന്തങ്ങളെ അവഗണിച്ചുള്ള ജീവിതം.

ആര്യസംസ്കാരത്തിന്റെ അളവുകോലായി തിളങ്ങുന്ന അമൂല്യങ്ങളായ നിരവധി ശാസ്ത്രഗ്രന്ഥങ്ങളുടെ ഭണ്ഡാഗാരമാണ് സംസ്കൃതഭാഷ. ആര്യസംസ്കാരത്തോടും ആര്യഭാഷയോടും അതിപ്രാചീനകാലം മുതല്ക്കുതന്നെ സുദൃഢമായ ബന്ധം പുലർത്തുവാൻ കഴിഞ്ഞ കേരളീയർ ആ ശാസ്ത്രഗ്രന്ഥങ്ങളിലും പരിപൂർണ്ണമായ പരിജ്ഞാനം നേടിയിരുന്നു. എന്നാൽ ദേശീയങ്ങളായ ആദർശങ്ങൾക്കും ആവശ്യങ്ങൾക്കും ഉതകിയവിധം വൈദേശികസാംസ്കാരികാംശങ്ങളെ സ്വീകരിച്ചു് ഇണക്കുന്നതിൽ കേരളീയർക്കു പ്രത്യേകപാടവമുണ്ടു്. എന്നു മാത്രമല്ല, പ്രാചീനാചാര്യന്മാർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളെ സമുചിതമായി സംക്ഷേപിക്കുന്നതിലും സ്വതന്ത്രഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിലും, നൂതനങ്ങളായ സിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്നതിലും കേരളീയർ പ്രദർശിപ്പിച്ചിട്ടുള്ള ബുദ്ധിവൈഭവവും മനോധർമ്മവും അന്യാദൃശമാണ്. വൈദ്യം, വ്യാകരണം, സാഹിത്യം, തർക്കശാസ്ത്രം, തച്ചുശാസ്ത്രം,

ജ്യോതിഷം, മന്ത്രവാദം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന നിരവധി ഗ്രന്ഥങ്ങൾ ശാസ്ത്രനിധിയിലേക്കു കേരളീയർ സംഭാവന ചെയ്തിട്ടുണ്ട്. ഇത്തരം സംഭാവനകളിൽ തച്ചുശാസ്ത്രത്തെക്കുറിച്ചുള്ള ഒരു ലഘുപ്രമാണഗ്രന്ഥമാണ് ''മനുഷ്യാലയചന്ദ്രിക.''

പ്രസ്തുത ഗ്രന്ഥത്തിന്റെ കർത്താവ്, ഇതിലെ പ്രതിപാദ്യം, ഭാഷാവ്യാഖ്യാനത്തോടുകൂടിയ ശാസ്ത്രഗ്രന്ഥങ്ങളുടെ ആവശ്യകത എന്നീ വിഷയങ്ങളെ അധികരിച്ച് ഒന്നാം പതിപ്പിന്റെ പ്രസ്താവനയിൽ സാമാന്യമായി പ്രതിപാദിച്ചിട്ടുണ്ട്. അവരവർ പാർക്കുന്ന ഗൃഹത്തിന്റെ നിർമ്മാണത്തിൽ വന്നിട്ടുള്ള പിഴവാണ് ''ഗൃഹപ്പിഴ'', എന്നു പഴമക്കാർ പറയാറുണ്ട്. ഇതിൽ കുറെ വാസ്തവമില്ലാതില്ല. മനുഷ്യശരീരത്തിലെ അവയവങ്ങൾക്കും ഉണ്ടല്ലൊ വലുപ്പക്രമവും സ്ഥാനനിയമവുമെല്ലാം. ഇതുപോലെ ഗൃഹശരീരം നിർമ്മിക്കുന്നതിലും ശാസ്ത്രീയമായി ചില ക്രമങ്ങൾ അനുസരിച്ചാൽ മാത്രമേ അതു സുന്ദരവും ആവാസയോഗ്യവുമാകാൻ ഇടയുള്ളൂ. തച്ചന്മാർക്കു മാത്രമറിഞ്ഞാൽ മതി, തച്ചുശാസ്ത്രമെന്ന വിശ്വാസംകൊണ്ടു പരാശ്രയം വർദ്ധിക്കുകയും വിഷമങ്ങൾ കൂടുകയും മാത്രമാണു ഫലം. ഒരു ഭവനത്തിൽ വല്ല അസുഖവും നേരിടുകയോ, ഭവനം പുതുക്കുകയോ, പരിഷ്കരിക്കുകയോ വേണ്ടിവരുമ്പോഴോ, അവരവർതന്നെ ശാസ്ത്രീയമായി ചിന്തിച്ചു നിർണ്ണയിച്ചു വേണ്ടുന്നതു ചെയ്യുന്നതായാൽ വളരെ നന്നായിരിക്കും. അതിൽ കൂടുതൽ വിശ്വാസമുണ്ടാവും. അതിനാൽ പഞ്ചാംഗം, പ്രാഥമിക ചികിത്സാവിധി മുതലായവപോലെ തച്ചുശാസ്ത്രവും ഓരോ ഭവനത്തിലും ഉണ്ടാവേണ്ടതു് അത്യാവശ്യമാണ്. പ്രസ്തുത ചന്ദ്രിക സാധാരണന്മാർക്കുപോലും സുഗമവും ഹൃദ്യവും ആണെന്നതിനുംപുറമെ,

പഴമക്കാക്കും പുതുമക്കാക്കും രുചിക്കത്തക്കവണ്ണം ഗൃഹ നിർമ്മാണസംകയ്യങ്ങം പ്രതിപാദിച്ചിട്ടുള്ളതാകയാൽ കേരളീയക്കു് ഒരനുഗ്രഹമാണെന്നതിനു സംശയമില്ല.

ഇത്രയും ഉപകാരമുള്ള ഈ പ്രാചീനകൃതി വീണ്ടും പ്രസാധനംചെയ്തു പൊതുജനങ്ങളെ സേവിപ്പാൻ ഇടയായതിൽ ഭാഷാപരിഷ്കരണക്കമ്മിറ്റിക്കുള്ള ചാരിതാർത്ഥ്യത്തെ ഇവിടെ രേഖപ്പെടുത്തിക്കൊണ്ടു് ഈ രണ്ടാംപതിപ്പിനെ കേരളീയരുടെ മുമ്പിൽ അവതരിപ്പിച്ചുകൊള്ളുന്നു.

ഏനു്,
വിധേയൻ,
ഇ. രാഘവവാരിയർ, എം. എ.
കാര്യദർശി.

ഭാഷാപരിഷ്കരണക്കമ്മിറ്റി
ആപ്പീസ്, എറണാകുളം.
7—8—'25
20—3—'50.

പരിലേഖങ്ങളുടെ

വിവരം

1. അവനതായതം (സമനക്കാൽ)
2. ശങ്കുസ്ഥാപനം (ലിങ്ങ്നിണ്ണയം)
3. ഖണ്ഡകല്പനം (സൂത്രരജ്ജുക്കൾ)
4. വീഥിവിന്യാസം.
5. (എ) ദേവതാസ്ഥിതി (64 പടത്തിൽ)
   (ബി) ദേവതാസ്ഥിതി (81 പടത്തിൽ)
6. (എ) മണ്ഡപം (64 പടത്തിൽ)
   (ബി) ടി (81 പടത്തിൽ)
7. ഭിന്നശാല.
8. ചതുരശാല.
9. ഭിന്നചതുരശ്രശാല.
10. ത്രയ്യശ്രഭിന്നശാല.
11. വൃത്തശാല.

മനുഷ്യാലയചന്ദ്രികാ.

ഹരിഃ ശ്രീഗണപതയേ നമഃ.

അവിഘ്നമസ്തു.

നൃസിംഹയാഭവാഭിജ്ഞം തേജോദ്വിതയമദ്വയം
രാജതേ പരമം 'രാജരാജമംഗല'ധാമനി. 1

അവതാരികാ—മനുഷ്യാലയചന്ദ്രിക എന്ന ഗ്രന്ഥത്തെ ചമപ്പാൻ തുടങ്ങുന്ന ആചാര്യൻ അതിന്റെ അവിഘ്നപരിസമാപ്തിക്കായിക്കൊണ്ട് ഇഷ്ടദേവതാസ്മരണത്തെ ചെയ്യുന്നു.

വ്യാഖ്യാനം—'രാജരാജമംഗലം' എന്ന സ്വദേശക്ഷേത്രത്തിങ്കൽ നരസിംഹാകൃതിയായും, ശ്രീകൃഷ്ണാകൃതിയായും രണ്ടു തേജസ്സുകൾ പരമാത്മത്തിൽ നിന്നായിത്തന്നെ ശോഭിക്കുന്നു.

അവതാരികാ—അനന്തരം ഗ്രന്ഥകർത്താവു തന്റെ ഗുരുനാമാവലികളെ പറയുന്നു.

തത്രാദ്യശ്രീമദേതച്ചരണസരസിജൈ-
കാശ്രയോ നീലകണ്ഠോ
നിത്യം ശ്രീമംഗലാവാസ്യമലഗുരുജനാ-
ദ്ഗീതശാസ്ത്രാവബോധഃ
ബ്രഹ്മാനന്ദാഭിധാനപ്രഥിതയതികൃപാ-
പ്രാപ്തതത്ത്വാവബോധഃ
സാധീതസ്വേഷ്ടകാംക്ഷീ പരഹിതനിരതോ
'രത്ന'മച്ചേരതാനീൽ. 2

വ്യാ—അദ്ദേശത്തിങ്കൽ 'തിരുമംഗലം' എന്ന ഗൃഹത്തിൽ 'നീലകണ്ഠൻ' എന്ന പ്രസിദ്ധനും, ആ ദേവന്മാരുടെ പാദം തന്നെ ആശ്രയമായിട്ടുള്ളവനും, നല്ല ഗുരുവി

ങ്കൽനിന്നു ശാസ്ത്രാഭ്യാസം ചെയ്തവനും, 'ബ്രഹ്മാനന്ദൻ' എ
ന്ന യതിയോട തത്ത്വജ്ഞാനത്തെ ഗ്രഹിച്ചവനുമായ കവി,
താൻ പഠിച്ചിട്ടുള്ളതിനെ ഉറപ്പിപ്പാൻ ആഗ്രഹത്തോടുകൂ
ടി പരോപകാരതല്പരനായിട്ട് 'ശില്പിരത്നം' എന്ന ഗ്രന്ഥ
ത്തെ ഉണ്ടാക്കി.

അവ—പിന്നെയും കവി ചില ദേവന്മാരെ സ്മരിക്കുന്നു.

ശ്രീമൽ'കുണ്ഡപുരേ'വിരാജദരി'പര-
ക്രോഡേ'ച തേജഃ പരം
നിത്യം 'രാജകരാജമംഗല'പുരേ
ചാരാൽഗണേശാലയേ
'നാവാ'നാമ്നി ച ധാമ്നി രാജതിതരാം
'മല്ലീവിഹാരാ'ലയേ
സംഭൂയൈതദുരുപ്രകാശവിഷയേ
ചിത്തേ മമോജ്ജൃംഭതാം. 3

വ്യാ—'തുക്കണ്ടിയുരു', 'തുപ്പൂങ്ങോട്ടു', 'രാജരാജമംഗ
ല'പുരത്തു, അടുത്ത 'ഗണേശപുരത്തു', 'തിരുനാവായ'
'മല്ലപ്പിള്ളി', ഇങ്ങിനെയുള്ള ക്ഷേത്രങ്ങളിലെ ദേവന്മാ
രെല്ലാവരും ഒന്നായിട്ടു, പ്രകാശവിഷയമായ എന്റെ മന
സ്സിൽ വർദ്ധിക്കേണമേ!

അവ—അനന്തരം വിശ്വശില്പിയായ ബ്രഹ്മാവിനെ
നമസ്കരിച്ചിട്ടു ശാസ്ത്രത്തെ ആരംഭിക്കുന്നു.

നിസർഗ്ഗസംസിദ്ധസമസ്തശില്പ-
പ്രാവീണ്യമാദ്യം ദൃഹിണം പ്രണമ്യ
മയാ'മനുഷ്യാലയചന്ദ്രികൈ'ഷാ
വിലിഖ്യതേ മന്ദധിയാം ഹിതായ. 4

വ്യാ—വിശ്വത്തെ പ്രമയ്ക്കുക എന്ന ക്രിയയിങ്കൽ സ്വ
തസ്സിദ്ധമായ വൈദഗ്ധ്യത്തോടുകൂടിയവനും ആദ്യനുമായ
ബ്രഹ്മാവിനെ നമസ്കരിച്ചിട്ടു, എന്നാൽ അല്പബുദ്ധികളുടെ

ഹിതത്തിനായിക്കൊണ്ടു 'മനുഷ്യാലയചന്ദ്രിക'യെന്ന ഈ ഗ്രന്ഥം എഴുതപ്പെട്ടുന്നു.

അവ—പ്രസ്തുതഗ്രന്ഥനിർമ്മാണത്തിൽ, താൻ അവലംബിച്ചിട്ടുള്ള പൂർവ്വശാസ്ത്രങ്ങളെ പറയുന്നു.

മാർക്കണ്ഡേയനിബന്ധനം, മയമതം,
രത്നാവലീം, ഭാസ്കര-
പ്രോക്തം, കാശ്യപ, വിശ്വകർമ്മ, ഗുരുദേ-
വോക്തം, ച പഞ്ചാശികാം
സവ്യാഖ്യാം ഹരിസംഹിതാം, വിവരണാ-
ഢ്യം, വാസ്തുവിദ്യാടികം
ദൃഷ്ട്വാ തന്ത്രസമുച്ചയാനുസരതാ
മാദ്ദേന സംക്ഷിപ്യതേ. 5

വ്യാ—മാർക്കണ്ഡേയനിബന്ധനം, മയമതം, രത്നാവലി, ഭാസ്കരീയം, കാശ്യപീയം, വിശ്വകർമ്മീയം, ഗുരുദേവപദ്ധതി, പഞ്ചാശികാ, വിഷ്ണുസംഹിതാ, അതിന്റെ വ്യാഖ്യാനം, സമുച്ചയത്തിന്റെ വിവരണം, വിമർശിനീ എന്നീ വ്യാഖ്യാനങ്ങൾ, വാസ്തുവിദ്യാ; പ്രയോഗമഞ്ജരീ, മനുമതം, പരാശരമതം, കുമാരാഗമം മുതലായ പൂർവ്വഗ്രന്ഥങ്ങളെ നോക്കീട്ടു് തന്ത്രസമുച്ചയത്തെ അനുസരിച്ചു സംക്ഷേപമായിപ്പറയപ്പെട്ടുന്നു.

അവ—അവിടെ മുമ്പേ വാസ്തുപരിഗ്രഹാടികളുടെ ക്രമത്തെ പറയുന്നു.

മത്സ്യാ വിപ്രാടിവർണ്ണേഷ്വിഹ ഭവനവിധാ-
നോൽസുകോ യസ്സുപൂർവ്വം
വിപ്രം തദ്ദേശസംബന്ധിനമഖിലഗുണൈ-
രന്വിതം സംവൃണീത

സോയം തദുപയുക്തയോഗ്യാം ക്ഷിതിമഥ പരിക-
ല്പ്യാശു പൂജാദി കൃത്വാ
വാസ്തോഷ്പാസ്തോക്തരീത്യാ ഗൃഹമതിനിപുണൈഃ
കാരുഭിഃ കാരയേത. 6

വ്യാ—ബ്രാഹ്മണാദി നാലു വണ്ണങ്ങളിൽവെച്ച് ഏവ നൊരുത്തൻ ഗൃഹനിർമ്മാണത്തിൽ സശ്രദ്ധനാകുന്നുവോ അവൻ മുമ്പിൽ അദ്ദേശസംബന്ധിയായി സകലഗുണയുക്ത നായിരിക്കുന്ന തന്ത്രിയെ വരിക്കണം. അത്തന്ത്രി അതാതു ജാതിക്ക് ഉചിതയായിരിക്കുന്ന ഭൂമിയെ നോക്കി നിശ്ചയി ച്ചിട്ട് അവിടെശ്ശാസ്ത്രപ്രകാരമുള്ള വാസ്തുപൂജ മുതലായതി നെച്ചെയ്യ സമർത്ഥന്മാരായ ആശാരിമാരെക്കൊണ്ടു പുര പണിയിക്കണം.

അവ—ലക്ഷണമില്ലാത്ത പറമ്പിൽ പുരയുണ്ടാക്കരു തെന്നു പറയുന്നു.

ലക്ഷണഹീനേ വാസ്തുനി
വസതാമശുഭാനി സംഭവന്ത്യേവ
തസ്മാൽ പരീക്ഷ്യ ശുഭദേ
വാസ്തുനി ഗേഹാനി കാരയേദുചിതജ്ഞാൻ. 7

വ്യാ—തച്ചുശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള ലക്ഷണങ്ങ ളില്ലാത്ത പറമ്പിൽ പുര പണിയിച്ചു താമസിക്കുന്നവർക്ക് അശുഭങ്ങൾ മേല്ക്കുമേൽ ഉണ്ടാകുമെന്നു വിദ്വാന്മാർ പറ ഞ്ഞിരിക്കുന്നു. അതിനാൽ പരീക്ഷിച്ചിട്ടു ശുഭലക്ഷണങ്ങളു ള്ള പറമ്പിൽ മാത്രമേ പുര പണിക്കാവൂ.

അവ—പുര എങ്ങനെ പണിക്കേണമെന്നു പറയുന്നു.

ജന്മാദ്യുപിധ്യാനാന്തം
മനസാ നിശ്ചിത്യ മന്ദിരം സമ്യക്
കാരുവരൈരതിശുഭദം
കാരയതാം ദൃങ്മനോഹരം സുദൃഢം. 8

വ്യാ—പുരയുടെ പാഠകം തുടങ്ങി അവസാനപ്പുലകവരെ ശുഭമായ കണക്കിൻപ്രകാരം മനസ്സുകൊണ്ടു നിശ്ചയിച്ചുറച്ചിട്ടു ശുഭലക്ഷണങ്ങളും ഭംഗിയും ഉറപ്പും ഉള്ളതായ ഗൃഹത്തെ വിദ്വദ്ധനന്മാരായ ആശാരിമാരെക്കൊണ്ടു പണിചെയ്യിക്കണം.

അവ—ഇനിയൊരു ശ്ലോകംകൊണ്ടു് ആശാരിമാരെ ഗ്രഹിക്കേണ്ടും പ്രകാരത്തെപ്പറയുന്നു.

കാരുഗ്രഹേ പ്രാകൃസ്ഥപതിശ്ച സൂത്ര-
ഗ്രാഹീ തതസ്തക്ഷകവർദ്ധകീ ച
ഗ്രാഹ്യാഃ ക്രമേണൈവ ചതുർവ്വിധേഷു
ശില്പപ്രവീണേഷു യഥോചിതാസ്തേ. 9

വ്യാ—കാരുക്കൾ (ആശാരിമാർ) സ്ഥപതി, സൂത്രഗ്രാഹി, തക്ഷകൻ, വർദ്ധകി ഇങ്ങിനെ നാലുപ്രകാരമാകുന്നു. ശില്പകർമ്മങ്ങളിൽ ഉചിതന്മാരായിരിക്കുന്ന ഇവരിൽ വച്ചു മുമ്പിൽ സ്ഥപതിയേയും, പിന്നെ സൂത്രഗ്രാഹിയേയും, പിന്നെ തക്ഷകനേയും, പിന്നെ വർദ്ധകിയേയും ക്രമേണ അതാതു കർമ്മങ്ങൾക്കു് ഉചിതന്മാരായിരിക്കുന്നവരെ ഗ്രഹിച്ചുകൊള്ളേണ്ടതാകുന്നു.

അവ—ഇനി രണ്ടു ശ്ലോകംകൊണ്ടു കാരുക്കളുടെ ലക്ഷണങ്ങളെപ്പറയുന്നു.

സർവ്വശാസ്ത്രനിപുണോ ജിതേന്ദ്രിയഃ
സർവ്വദാവ്യവഹിതോഽപ്രമാദവാൻ
കർമ്മയോഹ്യവികലോ വിമത്സരോ
ധാർമ്മികഃസ്ഥപതിരസ്തു സത്യവാക് 10

വ്യാ—സ്ഥപതി, എല്ലാശാസ്ത്രങ്ങളിലും നിപുണനും, ജിതേന്ദ്രിയനും, എല്ലായ്പോഴും ഗൃഹനിർമ്മാണത്തിങ്കൽ തന്നെ ജാഗ്രതയുള്ളവനും, പ്രമാദമില്ലാതെ എല്ലാകർമ്മങ്ങളും

പെയ്യുകൊണ്ടിരിക്കുന്നവനും, അംഗവൈകല്യവും, മാത്സര്യവും ഇല്ലാത്തവനും, ധാർമ്മികനും, സത്യം പറയുന്നവനും ആയിരിക്കണം.

ജാനീയാൽ സ്ഥാപനാഹ്വം സ്ഥപ്തിമഥ ഗ്രഹൈണഃ
പ്രായശസ്തുന തുല്യഃ
സൂത്രഗ്രാഹീ സുതോ വാ സ്ഥപതിമതിഗതി-
പ്രേക്ഷകശ്ശിഷ്യകോ വാ
സ്ഥൂലാനാം തക്ഷണാത്തക്ഷകഇതി കഥിത-
സ്സന്തതം ഹൃഷ്ടചിത്തഃ
ശക്തസ്ത്യാച്ഛ്രോപരിഷ്ടാന്മുഹുരപി വിധിവ-
ദ്വർദ്ധികീ തക്ഷകീ സ്യാൽ 11

വ്യാ—അളന്നു കുറിച്ചു തറയ്ക്കുക, കല്ലിടുക, കട്ടില, ഉത്തരം മുതലായതു വയ്ക്കുക ഇങ്ങനെയുള്ള കർമ്മങ്ങൾക്ക് അധികാരിയായിരിക്കുന്നവൻ സ്ഥപതിയാകുന്നു. പിന്നെ ഗുണങ്ങളെക്കൊണ്ടു സ്ഥപതിയോടു തുല്യനോ സദൃശനായിരിക്കുന്ന പുത്രനോ സ്ഥപതിയുടെ മനസ്സിന്റെ ഗതിയെ നോക്കുന്ന ശിഷ്യനോ ആയിരിക്കണം സൂത്രഗ്രാഹി. (സൂത്രഗ്രാഹി=സ്ഥപതി നൂല് പിടിക്കുമ്പോൾ അതിന്റെ മറേറതലപിടിക്കുന്നവൻ.) സ്ഥൂലങ്ങളായിരിക്കുന്ന കല്ല്, മരം ഇവയെ വെട്ടി അറുത്തു ചെത്തി ചേലാക്കുന്നവനെ തക്ഷകൻ എന്നു പറയുന്നു. ചെത്തിത്തീർത്തവയെ മേലെ മേലെ വെച്ചു ചേർത്തു ഗൃഹത്തെ വർദ്ധിപ്പിക്കുന്നവൻ വർദ്ധകിയാകുന്നു. അവൻ എപ്പോഴും സന്തുഷ്ടചിത്തനും ശക്തനുമായിരിക്കണം.

അവ—ഗൃഹനിർമ്മാണത്തിൽ ആശാരിമാരുടെ പ്രാധാന്യത്തെപ്പറയുന്നു.

വിനാ സ്ഥപത്യാദിചതുഷ്ടയേന
ഗൃഹാദി കർത്തും ന ച ശക്യതേഽസ്മാൽ

പ്രസാദിതൈസ്തൈരഥ വിപ്രവയ്യൈഃ
സുസൂക്ഷ്മധീഃ കാരയതാം ഗൃഹാണി. 12

വ്യാ—സ്ഥപത്യാദിചതുഷ്ടയം കൂടാതെ ഗൃഹാദികളുണ്ടാക്കുവാൻ കഴിയുന്നതല്ലല്ലോ. അതുകൊണ്ട് അവരെ പ്രസാദിപ്പിച്ച് അവരെക്കൊണ്ട് അതിസൂക്ഷ്മബുദ്ധിയായിരിക്കുന്ന ബ്രാഹ്മണശ്രേഷ്ഠൻ ഗൃഹാദികളെ ഉണ്ടാക്കിക്കണം.

അവ—ഇനി ഗൃഹനിർമ്മാണത്തിനാരംഭിക്കുമ്പോൾ ചെയ്യേണ്ട പ്രവൃത്തികളെ യഥാക്രമം പറയുന്നു.

തത്ര ക്രമേണ ബഹുധാ ധരണീപരീക്ഷാ-
ദിങ്നിർണ്ണയാദിശുഭവീഥിപരിഗ്രഹാശ്ച
ധാമ്നാം പ്രമാണവിധിരങ്കണകൽപ്പനാദീ-
ന്യംഗാനി ബാഹ്യവിധയശ്ച തഥാ വിധേയാഃ

വ്യാ—അവിടെ ക്രമത്താലേ പലപ്രകാരത്തിലുള്ള ഭൂപരീക്ഷ, ദിക്കിന്റെ തിരിവുതീർത്തു ശരിയാക്കുക മുതലായവ, ശുഭവീഥിപരിഗ്രഹം, പുരകളുടെ കൂണക്കുണ്ടാക്കുക, അങ്കണം, അധിഷ്ഠാനം കാലെകരം, തുടങ്ങിയുള്ള അംഗങ്ങളെ കല്പിക്കുക, ഗൃഹത്തിനു പുറമേയുള്ള ഉപഗൃഹങ്ങൾ, കിണർ, കുളം, ഗോശാല, പടിപ്പുര മുതലായവയുടെ സ്ഥാനങ്ങളും കണക്കുകളും നിശ്ചയിക്കുക ഇത്യാദികളെല്ലാം ചെയ്യേണ്ടതാകുന്നു.

അവ—ഇനിയൊരുശ്ലോകംകൊണ്ടു പറമ്പിന്റെ ലക്ഷണങ്ങളെ പറയുന്നു.

ഗോമത്തൈര്യുഃ ഫലപുഷ്പദൃശ്യതരുഭി-
ശ്ഛായ്യാ സമാ പ്രാക്പ്ലവാ
സ്നിഗ്ധാ ധീരരവാ പ്രദക്ഷിണജലോ-
പേതാശുബീജോദ്ഗമാ

സംപ്രോക്താ ബഹുപാംസുരക്ഷയജലാ
ത്തുല്യാ ച ശീതോഷ്ണയോഃ
ശ്രേഷ്ഠാ ഭരധ്മാ സമുക്തവിപരീ-
താ മിശ്രിതാ മദ്ധ്യമാ. 14

വ്യാ—പശുക്കളും മനുഷ്യരും കായ്ക്കുന്നതും പൂക്കുന്നതുമായ മരങ്ങളും വളരെയുള്ളതും, കുന്നും കുഴിയുമില്ലാതെ സമനിരപ്പായിട്ടുള്ളതും, കിഴക്കുഭാഗം താണതും, മിന്നമിനുപ്പുള്ളതും, പവിട്ടിയാൽ ഗംഭീരമായ ഒച്ചയുള്ളതും, വലുത്തുകുടി വെള്ളം ഒഴുകുന്നതും, വിത്തുകാം വിതച്ചാൽ വേഗത്തിൽ മുളയ്ക്കുന്നതും, ഒരേടത്തു് ഒരു കുഴികുഴിച്ചു് ആ മണ്ണുകൊണ്ടുതന്നെ കുഴി തുത്താൽ മണ്ണു ശേഷിക്കുന്നതും, വേനൽക്കാലത്തു വെള്ളം വറാത്തതും, വഷത്തിലും വേനലിലും സുഖമുള്ളതും ആയ പറമ്പു ഗൃഹമുണ്ടാക്കുവാൻ ഉത്തമമാകുന്നു. ഇപ്പറഞ്ഞ ഗുണങ്ങൾക്കു വിപരീതമായിട്ടുള്ള ഭൂമി കൊള്ളാത്തതാകുന്നു. ഗുണങ്ങളും ദോഷങ്ങളും മിശ്രമായിട്ടുള്ളതു മധ്യമമാകുന്നു. ഇങ്ങനെ ഉത്തമാധമമധ്യമങ്ങളെ അറിഞ്ഞു കൊൾകെ.

അവ—ഇനി തീരെ വജ്ജ്യമായ പറമ്പിന്റെ ലക്ഷണങ്ങളെ പറയുന്നു.

വൃത്താർദ്ധേന്ദുനിഭാ ത്രികോണരസകോ-
ണാ ശൂലശൂർപ്പാകൃതി-
മ്മത്സ്യാനേകപകൂർമ്മപുഷ്കരപിലാ-
വക്ത്രോപമാ മേദിനീ
ഭസ്മാംഗാരതുഷാസ്ഥികേശപിതിവ-
ല്മീകാദിഭിസ്സംയുതാ
വജ്ജ്യാ മദ്ധ്യനതാ സഗർത്തകുഹരാ
വിസ്രാ വിഭിക്കസ്ഥാപി ച. 15

വ്യാ—വൃത്താകൃതിയായും, അർദ്ധചന്ദ്രാകൃതിയായും, മുനേ ൧ അഞ്ചോ ആറോ കോണുകളുള്ളതായും, ശൂലം,

കൊമ്പുപോലെയും ഇവയുടെ ആകൃതിയിലുള്ളതായും, മത്സ്യം, ആ ആമ ഇവയുടെ പുറം പോലെയും, പശുവിന്റെ മുഖം പോലെയും ഇരിക്കുന്നതായും, കിളച്ചുനോക്കിയാൽ വെണ്ണീറു, കരിക്കട്ട, ഉമി, എല്ലു, തലമുടി എന്നിവ കാണുന്നതായും, മരിച്ചവരെ സംസ്കരിച്ച സ്ഥലമായും, വളരെ പുറകിലും ഉള്ളതായും, നടുഭാഗം താണിരിക്കുന്നതായും, അന്തർഭാഗത്തിൽ പാതാളമുള്ളതായും, മണ്ണിനു ദുർഗ്ഗന്ധമുള്ളതായും, കോണുനോക്കിത്തിരിഞ്ഞിരിക്കുന്നതായും ഉള്ള പറമ്പുകളിൽ ഗൃഹമുണ്ടാക്കുവാൻ കൊള്ളരുതു്.

അവ—ഇനി ബ്രാഹ്മണാദിജാതിക്രമം അനുസരിച്ചു വിശേഷലക്ഷണങ്ങളെ ഒരു ശ്ലോകംകൊണ്ടു പറയുന്നു.

വിപ്രാദിക്രമതഃ കൃശേഷുവനഭ—
വ്യോകാശയക്ഷാ ഭുവഃ
തുല്യാതാനവിതാനസിന്ധുരസാ—
ഭ്യുച്ചംശാതിദീഗ്ഘ്രാ അപി
ശ്വേതാപാടലപീതമേചകരുച—
ശ്ചാജ്യാസ്യഗന്ധാസവാ—
മോദാസ്സ്വാദുകഷായതിക്തകടുകാ
സ്വാദാനിതാശ്ച സ്മൃതാഃ. 16

വ്യാ—വളരെ കൃശയുള്ളതും, നീളവും വീതിയും സമമായിട്ടുള്ളതും, മണ്ണിനു വെളുപ്പുനിറമുള്ളതും, നെയ്യിന്റെ ഗന്ധമുള്ളതും, മധുരരസമുള്ളതും, ആയ ഭൂമി ബ്രാഹ്മണനു പുര പണിയുവാൻ നല്ലതാകുന്നു. ആമക്കുട്ടമുള്ളതും, വീതിയിൽ എട്ടിലൊന്നു നീളം കൂടിയതും, മണ്ണിനു ചുവപ്പുനിറവും, ചോരയുടെ ഗന്ധവും, ചവർപ്പുരസവുമുള്ളതുമായ ഭൂമി ക്ഷത്രിയനു നല്ലതാകുന്നു. എല്ലാക്കാലത്തും വളരെ കറുകയുള്ളതും, വീതിയിൽ ആറൊന്നു നീളം കൂടിയതും, മണ്ണിനു മഞ്ഞനിറവും, ചോറിന്റെ ഗന്ധവും, കയ്പുരസമുള്ളതും ആയ ഭൂമി വൈശ്യനു പുര പണിയുവാൻ നല്ലതാകുന്നു.

ആറരടട്ട വളരെയുള്ളതും, വീതിയിൽ നാലെന്ന നീളം ഏറിയതും, മണ്ണു കറുത്ത നിറത്തോടും, മദ്ധ്യത്തിന്റെ ഗന്ധത്തോടും, എരിവുരസത്തോടും, കൂടിയിരിക്കുന്നതുമായ ഭൂമി ശ്രേഷ്ഠനു ഗൃഹമുണ്ടാക്കുവാൻ നല്ലതാകുന്നു. ഇവിടെ വിധിച്ചിരിക്കുന്ന നീളം തെക്കുവടക്കാകുന്നു വേണ്ടതു് എന്നറിഞ്ഞുകൊള്ളണം. അങ്ങനെ പൂർവ്വശാസ്ത്രങ്ങളിൽ വിധിച്ചിട്ടുമുണ്ടു്.

അവ—ഇനി സമ്മിശ്രലക്ഷണങ്ങളായ ഭൂമികഠം ആക്കും കൊള്ളരുതെന്നും, സന്ദിശ്ധലക്ഷണങ്ങളായവയെ പരീക്ഷിച്ചറിയേണ്ടതെന്നും പറയുന്നു.

സങ്കീർണ്ണരൂപാ വസുധാതു വർണ്ണൈ-
ർഗ്ഗന്ധൈ രസൈശ്ചാഖിലവജ്ജനീയാ
ഏകനാമനാലക്ഷിതവർണ്ണചിഹ്നാം
നക്തം പരീക്ഷേത നിമിത്തതശ്ച. 17

വ്യാ—വിപ്രാദിവർണ്ണങ്ങളിൽ ഒരു ജാതിയുടെ തുണം, മറെറാരു ജാതിയുടെ നിറം, വേറെ ഒരു ജാതിയുടെ ഗന്ധം, അന്യജാതിയുടെ രസം എന്നിങ്ങിനെ പല ജാതിയുടെയും ലക്ഷണങ്ങഠം മിശ്രമായിട്ടുള്ള ഭൂമി അകക്കും. കൊള്ളരുതു്. എന്നാൽ, ഓരോ ജാതിക്കു വിധിച്ചിട്ടുള്ള തുണവർണ്ണ ഗന്ധരസാദിലക്ഷണങ്ങളൊന്നും സൂക്ഷ്മമായിട്ടറിവാൻ തരമില്ലാത്ത ഭൂമിയെ രാത്രിയിൽ പരീക്ഷചെയ്തിട്ടും ശകുനാദികളായ നിമിത്തങ്ങളെ നോക്കിയിട്ടും അറിയേണ്ടതാകുന്നു. മുമ്പിൽ സ്ഥപതിയുടെ ലക്ഷണം പറഞ്ഞതിൽ, "സപ്തശാസ്ത്രനിപുണോ ജിതേന്ദ്രിയസ്സുധീ വ്യവഹിതോടപ്രമാദവാൻ" എന്നു പറഞ്ഞിട്ടുള്ളതു് ഇങ്ങനെ പരീക്ഷിപ്പാനും, നിമിത്താദികളെ അറിവാനും സ്ഥപതി യോഗ്യനായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാകുന്നു.

അവ—ഇനി രണ്ടു ശ്ലോകംകൊണ്ടു പരീക്ഷിക്കേണ്ട പ്രകാരങ്ങളെ പറയുന്നു. അവിടെ മുമ്പേതന്നെ അഗ്നിപരീക്ഷയെ പറയുന്നു.

ക്ഷ്മാം ഖാതപ്രമണ്ഡടം നിധായ ഭൃതധാ-
ന്യം വർദ്ധമാനം മുഖേ
കൃതപ്രാസിച്യ ഘൃതം ദിശാസു സിതര-
ക്തപീതകൃഷ്ണാ ദശാഃ
വിപ്രാദിക്രമതഃ പ്രദീപ്യ വിധിവ-
ന്നീതേ മുഹൂർത്തേ ജ്വലേ-
ദ്വത്തിഷ്വസ്യ ധരാസ്യ താസു സകലാ-
സ്വിഷ്ടാസു സപ്രോചിതാ. 18

വ്യാ—പരീക്ഷിപ്പാൻ നിശ്ചയിച്ചിരിക്കുന്ന ഭൂമിയുടെ മദ്ധ്യത്തിൽ ഒരുകോൽ താഴ്ചയിൽ. അതുയും ചതുരത്തിൽ ഒരു കുഴി കുഴിച്ചു് അതിന്റെ അടി സമനിരപ്പാക്കി മെഴുകി ശുദ്ധിവരുത്തി പത്തമിട്ടു ഗന്ധപുഷ്പാക്ഷതാദികളെക്കൊണ്ടലംകരിച്ചു് അതിന്റെ നടുവിൽ നെല്ലുനിറച്ച ഒരു പുളുക്കലം വച്ചു് അതിന്മേൽ ഒരു ചട്ടി (ചരാതു) വച്ചു് അതിൽ നെയ്യു വീഴ്ത്തി അതിൽ കിഴക്കുഭാഗത്തിൽ വെളുത്ത നൂൽകൊണ്ടും, തെക്കു ചുവന്ന നൂൽകൊണ്ടും, പടിഞ്ഞാറു മഞ്ഞനൂൽകൊണ്ടും, വടക്കു കറുപ്പുനൂൽകൊണ്ടും ഒരോ തിരിയിടുക. പിന്നെ അതിനെ കിഴക്കു തുടങ്ങി ബ്രാഹ്മണാദിവർണ്ണങ്ങളെ ക്രമത്താലെ സങ്കല്പിച്ചു വിധിപോലെ പൂജിച്ചു കൊളുത്തി ആ കുഴിയെ അടച്ചു് ഒരു മുഹൂർത്തകാലം (രണ്ടു നാഴിക) പ്രാർത്ഥിച്ചു പാർത്തിരുന്നിട്ടു തുറന്നു നോക്കുക. അപ്പോഴം കത്തുന്ന തിരി ഏതോ ആജാതിക്കു് ആ ഭൂമി നല്ലതാകുന്നു. എല്ലാത്തിരിയും കത്തുന്നുവെങ്കിൽ എല്ലാവക്കും കൊള്ളാം. എല്ലാം കെട്ടുപോയി എങ്കിൽ ആർക്കും കൊള്ളരുതു്.

അവ—ഇനി ജലപരീക്ഷയെ പറയുന്നു.

ഭഗത്തേ ജലപൂരിതേട്ടത്ര വിധിവൽ
ദ്രോണാദിപുഷ്പം ക്ഷിപേൽ.
ശസ്ഥാ തസ്യ ഗതിഃ പ്രദക്ഷിണതയാ
കത്ഥ്രന്ന ശസ്ഥാന്യഥാ
പുഷ്പേ ദിക്ഷ്വഥ സംസ്ഥിതേ സതി ശുഭം
കോണേഷു ചേന്നിന്ദിതം
ജ്ഞാതേത്യാദി ശുഭാശുഭാന്യപി സമീ
ക്ഷ്യാൽ ക്ഷമാം സൂക്ഷ്മധീഃ 19

വ്യാ—പൂവ്വശ്ലോകത്തിൽ പറഞ്ഞപോലെ പറമ്പിന്റെ മദ്ധ്യത്തിൽ ഒരു കുഴി കുഴിച്ച് അതിൽ വെള്ളം നിറച്ചു തുമ്പ തുളസി മുതലായ പുഷ്പങ്ങം വെള്ളത്തിൽ ഇടുക. എന്നാൽ, ആ പൂക്കളുടെ ഗതി പ്രദക്ഷിണമായിട്ടാണെങ്കിൽ ഗൃഹകർത്താവിനു ശുഭമാകുന്നു. അപ്രദക്ഷിണമായിട്ടാണെങ്കിൽ അശുഭമാകുന്നു. പുഷ്പം ദിക്കുകളിൽ ചെന്നു നിന്നാൽ ശുഭവും കോണുകളിൽ നിന്നാൽ അശുഭവുമാകുന്നു. ഇങ്ങിനെ തുടങ്ങിയുള്ള ശുഭാശുഭങ്ങളെ അറിഞ്ഞിട്ടു പിന്നെ കുഴിയുത്തു സമനിരപ്പാക്കണം. ഇവിടെ ''ഇത്യാദി ശുഭാശുഭാനി ജ്ഞാത്വാ'' എന്നു പറഞ്ഞിരിക്കുന്നതിനാൽ ആദിശബ്ദംകൊണ്ടും, പരീക്ഷചെയ്യുന്ന സ്ഥാപതിയുടെ വിശേഷണമായ ''സൂക്ഷ്മധീഃ'' എന്ന പദംകൊണ്ടും, ജ്യോതിശ്ശാസ്ത്രപ്രകാരം ആ ഭൂഗത്തെ ഒരു രാശിചക്രമായിക്കല്പിച്ച് അതിൽ തല്ക്കാലത്തെ ഗ്രഹസ്ഥിതി നിണ്ണയിക്കുകയും, പ്രശ്നത്തിൽ സപ്തണ്ണസ്ഥിതികൊണ്ട് ആത്രുഢം നിണ്ണയിക്കുന്നതുപോലെ പുഷ്പസ്ഥിതികൊണ്ട് ആത്രുഢം കല്പിക്കുകയും, പുഷ്പവിന്യാസം ചെയ്യുന്ന സമയത്തുണ്ടാകുന്ന ശകുനാദിനിമിത്തങ്ങളെയും ദീപം, ശരം മുതലായവയെയും സൂക്ഷിച്ചറിയുകയും ചെയ്തിട്ട് അവയെക്കൊണ്ട് ഗൃഹകർത്താവിന്റെ ഗുണദോഷഫലങ്ങളെ അറിഞ്ഞുകൊള്ളണമെന്നുകൂടി ശാസ്ത്രകാരൻ വിവക്ഷിച്ചിട്ടുണ്ടെന്നു ഗ്രഹിച്ചിരിക്കേണ്ടതാകുന്നു.



അവനതയന്ത്രം
(സമനക്കാൽ.)

അവ — ഇങ്ങനെ പരീക്ഷ ചെയ്തു ഭൂപരിഗ്രഹം കഴിഞ്ഞാൽ പിന്നെ ഗൃഹം പണിചെയ്യാനുള്ള സ്ഥലത്തെ സമനിരപ്പാക്കുകയും, ശങ്കു നാട്ടി മറിതീർത്തു ദിങ്നിർണ്ണയം ചെയ്കയും ചെയ്യാനുള്ള വിധിയെപ്പറയുന്നു.

യന്ത്രേണാവനതാദിനാ ച നിപുണോ
യദ്വാംബുസന്നൂരണേ-
നോവ്വീം വാ ശങ്കു സമീകരോത്വഥ ദൃഢൈ-
ർശ്ശങ്കും ച വൃക്ഷാദിഭിഃ
മാത്താണ്ഡാംഗുലസമ്മിതായതമൂർദ്ധ്വം
വൃത്തഞ്ച മൂലാഗ്രയോ-
ർദ്വ്യന്ദ്വൈകാംഗുലവിസ്തൃതം ച മുകള-
പ്രായാഗ്രമാകല്പയേൽ. 20

വ്യാ — വിദഗ്ധനായവൻ അവനതം (സമനം) മുതലായ യന്ത്രംകൊണ്ടോ വെള്ളം നിറത്തിയോ ഭൂമിയെ വേണ്ടം വണ്ണം സമനിരപ്പാക്കിച്ചുമക്കണം. പിന്നെ ഉറപ്പുള്ള മരം കൊണ്ടോ ആനക്കൊമ്പുകൊണ്ടോ പന്ത്രണ്ടംഗുലം നീളമായി വളവുകൂടാതെ ഉരുണ്ട രണ്ടംഗുലം മുവട്ടിലും ഒരംഗുലം അഗ്രത്തിലും വിസ്താരമായി അഗ്രം താമരമൊട്ടുപോലെ കൂത്തിരിക്കുന്ന ഒരു ശങ്കുവിനെ ഉണ്ടാക്കി ആ സ്സമഭൂമിയിൽ നാട്ടണം. (ശങ്കു=കുറ്റി)

അവ — അങ്ങനെ നാട്ടിയ ശങ്കുവിനെക്കൊണ്ടു ദിക്കു തിരിവു തീർക്കുവാനുള്ള മാർഗ്ഗത്തെപ്പറയുന്നു.

ശങ്കുമ്മധ്യഗതോ നിജേഷ്ടഗ്രണിത-
വ്യാസാർദ്ധവൃത്തസ്യ യ-
സ്സൂർയ്യാനിർഗ്ഗമനപ്രവേശരചിതയ
ബിന്ദു ദ്വ പൂർവ്വാപരെ

പ്രത്യഗ്ബിന്ദുമഥാപരേദ്യുരപി കൃ-
ത്വാ തൽഭ്രമത്ര്യംശകൈ-
നേയഃ പ്രാക്തനബിന്ദുരേഷ സമപാ-
ശ്ചാത്യോ ഭവേൽ പൂർവ്വതഃ 21

വ്യാ— ശങ്കുവിന്റെ നീളത്തിലിരട്ടി വ്യാസമുള്ള ഒരു വൃത്തമലഖ്യത്തിങ്കൽ അഗ്രശങ്കു വരുമാറ് ഒരു വൃത്തം വരച്ചു കാലത്തെ നേരം അഗ്രശങ്കുവിന്റെ നിഴൽ പടിഞ്ഞാറെ വൃത്തനേമിയിൽ തട്ടിയേടത്തു് ഒരു അടയാളം തൊട്ടു. അതുപോലെ തന്നെ ഉച്ചതിരിഞ്ഞു് ആ നിഴൽ കിഴക്കോട്ടു നീണ്ടു ചെന്നു വൃത്തത്തിന്റെ കിഴക്കേ നേമിയിൽ തട്ടുന്നേടത്തും ഒരു അടയാളമിടു. എന്നാൽ ഈ രണ്ടു് അടയാളങ്ങളും ഏകദേശം കിഴക്കും പടിഞ്ഞാറും ഉള്ളവയായിരിക്കും. ഇനി സൂക്ഷ്മം വരുത്തുവാൻ പിറേറ ദിവസം കാലത്തും പടിഞ്ഞാറെ വൃത്തനേമിയിൽ നിഴൽ തട്ടുന്നേടത്തു് അടയാളം തൊട്ടു. എന്നിട്ടു തലേനാൾ കുറിച്ചതും പിറേറനാൾ കുറിച്ചതുമായ രണ്ടു് അടയാളങ്ങളുടെ ഇട മുന്നംശിച്ചു തലേനാൾ തൊട്ട അടയാളത്തെ ഒരംശം നീക്കി അവിടെയും ഒരടയാളമിടു. എന്നാൽ ആ അടയാളവും തലേനാൾ കിഴക്കേ വൃത്തനേമിയിൽ ഇട്ടിരിക്കുന്ന അടയാളവും സൂക്ഷ്മമായ കിഴക്കും പടിഞ്ഞാറും ആയിരിക്കും. അതിനാൽ അവ രണ്ടിലും തട്ടമാറു കിഴക്കുപടിഞ്ഞാറു് ഒരു രേഖ നീട്ടിവരച്ചാൽ അതു പൂർവ്വാപരരേഖയായിഭവിക്കും.

ഇങ്ങനെ ശങ്കുവിന്റെ നിഴലിനു വരുന്ന മാറ്റത്തിനു് ഒരു നിയമമുണ്ടു്. ഉത്തരായണത്തിൽ സൂര്യൻ ദിവസംപ്രതി വടക്കോട്ടു നീങ്ങുന്നതിനാൽ നിഴലിന്റെ അഗ്രവും തലേനാളത്തേതിനേക്കാൾ പിറേറനാളത്തേതു് അല്പം തെക്കോട്ടു നീങ്ങിയിരിക്കും. ദക്ഷിണായനത്തിൽ അതുപോലെ വടക്കോട്ടു് മാറിവരും. അതിനാൽ തലേനാളും

പിറേറനാളും ഉള്ള ഛായാഗ്രാന്തരത്തിൽ മൂന്നിലൊരുഭാഗം നീക്കുന്നതു, ദക്ഷിണായനത്തിൽ തലേനാളത്തെ അടയാളത്തിൽനിന്നു വടക്കോട്ടും, ഉത്തരായണത്തിൽ തെക്കോട്ടും ആയിരിക്കണം.

ഇനി തലേനാളത്തെയും പിറേറനാളത്തെയും ഛായാഗ്രങ്ങളുടെ അന്തരത്തിൽ മൂന്നൊന്നു നീക്കുവാൻ പാഞ്ഞിട്ടുള്ളതിനും യുക്തിയുണ്ടു്. ഇവിടെ വൃത്തമദ്ധ്യത്തിൽ നിൽക്കുന്ന ശങ്കുവിന്നു നീളം പന്ത്രണ്ടംഗുലവും വൃത്തത്തിന്റെ വ്യാസാർദ്ധം ഒരു കോലുമാണല്ലൊ. അപ്പോൾ ശങ്കുവിന്റെ ഛായക്കു, ശങ്കുവിൽ ഇരട്ടി നീളമുള്ളപ്പോൾ മാത്രമേ അതിന്റെ അഗ്രം വൃത്തനേമിയിൽ തട്ടുകയുള്ളുവെന്നു സിദ്ധമാണു്. ഒരു വസ്തുവിന്റെ നിഴലിനു് ആ വസ്തുവിൽ ഇരട്ടി നീളമുണ്ടാകുന്നതു മിക്കകാലങ്ങളിലും നാലഞ്ചു നാഴിക പുലരുമ്പോഴും നാലഞ്ചുനാഴികപ്പകലേയും ആയിരിക്കും. അതിനാൽ കാലത്തും വൈകുന്നേരവും ശങ്കുച്ഛായാഗ്രം വൃത്തനേമിയിൽ തട്ടുന്ന സമയങ്ങൾ തമ്മിൽ ഏകദേശം ഇരുപതുനാഴികയുടെ ഭേദമുണ്ടല്ലൊ. അടുത്ത രണ്ടു ദിവസങ്ങളിൽ ഒരേസമയത്തെ സൂര്യന്റെ ചലനം എത്രയെന്നു കണ്ടാൽ അതിൽ മൂന്നിലൊരു ഭാഗമാണു് ഒരു ദിവസത്തിന്റെ മൂന്നിലൊന്നായ ഇരുപത്തു നാഴിക യ്ക്കുണ്ടാകുന്ന വ്യത്യാസമെന്നും കാണാമല്ലൊ ഇങ്ങനെ യുക്തികൊണ്ടു ക്കണക്കാക്കീട്ടാണു് മൂന്നിലൊന്നു മാറുവാൻ പറഞ്ഞിട്ടുള്ളതെന്നറിഞ്ഞുകൊൾക.

ഈവ—ഇങ്ങനെ കിഴക്കുപടിഞ്ഞാറു സൂക്ഷ്മമാക്കീട്ടു് ഇനി അതുകൊണ്ടു തെക്കുവടക്കുണ്ടാക്കുവാൻ പറയുന്നു.

പ്രാഗഗ്രമുവ്യ്യാമഭികല്പ്യ സൂത്രം
സൂത്രേടത്ര വൃത്തദ്വയയോഗജാതം
മത്സ്യം ച, തിയ്യ്കു പരികല്പ്യ കയ്യാൽ
സൂത്രം യമോദഗ്ഗതമസ്യ മദ്ധ്യേ. 22

വ്യാ—ഇങ്ങനെ കിഴക്കുപടിഞ്ഞാറുണ്ടാക്കിയ സൂത്രത്തെ മദ്ധ്യമാക്കി, ഒന്നു മറേറതിൽ പ്രവേശിച്ചിരിക്കത്തക്കവണ്ണം രണ്ടു വൃത്തങ്ങളെ വരക്കണം. എന്നാൽ, നടുവിൽ മത്സ്യാകൃതിയായ ഒരു അടയാളമുണ്ടാകും. ആ മത്സ്യരേഖയുടെ നടുവേ നീളത്തിൽ ഒരു വര വരച്ചാൽ അതു തെക്കു വടക്കു സൂക്ഷ്മമായി ഭവിക്കും.

അവ—ഇനി ബ്രഹ്മയമസൂത്രങ്ങളെ ഉണ്ടാക്കുവാനും പിന്നെ അവയെക്കൊണ്ടു പറമ്പിനെ നാലായി ഖണ്ഡം തിരിപ്പാനും പറയുന്നു.

സൂത്രം പൂർവ്വാപരാശാവിനിഹിതമുദിതം
ബ്രഹ്മസൂത്രം യമാഖ്യം
യാമ്യോദഗ്ഗാമി പൈവന്ത്വിഹ ധരണീതലേ
ഖണ്ഡിതേ സ്യാച്ചതുർദ്ധാ.
സർവ്വേഷാമീശഖണ്ഡം ശുഭമിതി ധനസം—
വർദ്ധനം, മാനുഷാഖ്യം
ദൈവാഖ്യം നൈർഋതാംശം ഭയമപി ച ഗൃഹേ
കല്പയേന്മാനവാനാം. 23

വ്യാ—പറമ്പിന്റെ നടുവേ കിഴക്കുപടിഞ്ഞാറുള്ള സൂത്രം ബ്രഹ്മസൂത്രമാകുന്നു. തെക്കുവടക്കുള്ളതു യമസൂത്രം. ഇങ്ങനെ രണ്ടു സൂത്രങ്ങളേക്കൊണ്ടു പറമ്പു നാലു ഖണ്ഡമാക്കിയാൽ അവയിൽ ഈശകോണിലെ ഖണ്ഡം എല്ലാവർക്കും ഗൃഹമുണ്ടാക്കുവാൻ ശുഭമാകുന്നു. അതു ധനത്തെ വർദ്ധിപ്പിക്കും. ഇതിനു മനുഷ്യഖണ്ഡമെന്നു പേർ. നിർഋതികോണിലെ ഖണ്ഡത്തിനു ദേവഖണ്ഡമെന്നു പേർ. അതും ഗൃഹാരംഭമപ്പാൻ നന്നു്.

ആഗ്നേയം സ്യാദ്യമാഖ്യം മൃതികളഖിലവ—
ർജ്ജ്യം തഥൈവാസുരം സ്യാ—
ദ്വായവ്യം തദ്വിശാം വാ കഫചിടഥ നിർഋതീ—
ശാനയോസ്സൂത്ര ഖണ്ഡം


വടക്ക്
വായുകോണ്
ഈശകോണ്
തിരിയുക
സമമായ
സ്ഥിരമായ
കിഴക്ക്
തെക്ക്
തിരിയുക
സമമായ
സ്ഥിരമായ
തിരിയുക
സമമായ
സ്ഥിരമായ
തിരിയുക
സമമായ
സ്ഥിരമായ
പടിഞ്ഞാറ്.
തിരിയുക
സമമായ
സ്ഥിരമായ

വിസ്തീർണ്ണം ചോച്ചയുക്തം പുനരപി ച വിഭ-
ജ്യൈശാന്യാരേ നൈരൃതം ചാ-
പ്യേതസ്മിൻ ഗ്രാഹ്യമൈശം ഗൃഹകരണവിധൌ
ശോഭനം ഭൂസുരാണാം. 24

വ്യാ—അഗ്നികോണിലെ ഖണ്ഡത്തിനു യമഖണ്ഡമെന്നു പേർ. അതു മരണത്തെ ഉണ്ടാക്കുന്നതാകുന്നു. വായുകോണിലെ ഖണ്ഡത്തിനു് അസുരഖണ്ഡമെന്നു പേർ. അതു വൈശ്യക്കു പിലേടത്തു കൊള്ളാം. പിന്നെ ഖണ്ഡങ്ങൾക്കു വിസ്താരം അധികമുണ്ടെന്നു വരുകിൽ ഓരോ ഖണ്ഡങ്ങളേയും പിന്നെയും നാലാക്കി ഖണ്ഡിച്ചു് ഈശഖണ്ഡത്തിലെ നിരൃതിഖണ്ഡവും, നിരൃതിഖണ്ഡത്തിലെ ഈശഖണ്ഡവും വിപ്രാദിവർണ്ണങ്ങൾക്കു പുര ചമപ്പാൻ നല്ലതാകുന്നു.

അവ—ഇനി രജ്ജുസൂത്രങ്ങളെ പറയുന്നു.

ഭൂപാദിവർണ്ണനിയമേന യമോദഗായാ-
മാപേതമധ്യചതുരശ്രമഹീതലേ തു
കണ്ഠാധ്വനാ നിരൃതിമാരുതകോണമൂല-
ശൈവാനലാഗ്രഭവസൂത്രയുഗം ഹി രജ്ജുഃ. 25

വ്യാ—ക്ഷത്രിയാദിവർണ്ണങ്ങൾക്കു വിധിച്ചിട്ടുള്ള മുഖായാമത്തെ തെക്കും വടക്കും ഭാഗങ്ങളിൽ ശരാശരി കളഞ്ഞു മദ്ധ്യത്തെ ചതുരശ്രപ്പെടുത്തിയ ഭൂമിയിൽ നിരൃതികോണം വായുകോണം മൂലമായിട്ടും ഈശകോണം അഗ്നികോണം അഗ്രമായിട്ടും കണ്ഠമാർഗ്ഗമായി രണ്ടു സൂത്രങ്ങളുണ്ടാക്കുക. അവയെ രജ്ജുസൂത്രങ്ങളെന്നു പറയും

അവ—സൂത്രവേധംകൊണ്ടുള്ള ദോഷങ്ങളെ പറയുന്നു.

ക്ഷേത്രേല്ലേ കപാപി മധ്യാങ്കണമപി ച കൃതാ—
ന്താത്രഭ്രസ്സൂത്രയോഗാൽ
കിഞ്ചിന്നീതപാ സപാഗത്യാപി ച ഭവനമത്ര—
ക്ഷ്ണം കൃതം ദൃശ്യതേ ച
ഈശാതെ ദ്രവ്യനാശഃ പതിവിരഹമഹാ—
കുക്ഷ്യശത്രുപ്രപീഡാഃ
പുത്രാർത്ഥാഘാതവാതാമയകലഹഭയം
രജ്ജുസൂത്രപ്രവേധേ. 26

വ്യാ—പറമ്പു പെരുതാണെങ്കിൽ പറമ്പിന്റെ മദ്ധ്യത്തിൽ വരുന്ന ബ്രഹ്മയമസൂത്രങ്ങളുടെ യോഗത്തിൽനിന്നു് അങ്കണമദ്ധ്യത്തെ ഗമനത്തിന്നനുസരിച്ചു് അല്പം നീക്കിയിട്ടും നാലുകെട്ടുപുര പണിചെയ്യപ്പെട്ടതായി കണ്ണനു. പിന്നെ സൂത്രരജ്ജുക്കളുടെ വേധംകൊണ്ടുള്ള ദോഷങ്ങൾ:— ഈശകോണിലെ രജ്ജുവിന്നു പുരയുടെ സൂത്രംകൊണ്ടു വേധം ഉണ്ടായാൽ ദ്രവ്യനാശവും, കിഴക്കേടിക്കിലെ സൂത്രവേധംകൊണ്ടു ഭർത്തൃവിരഹവും അഗ്നികോണിലെ രജ്ജുവേധംകൊണ്ടു കുക്ഷിരോഗവും തെക്കെടിക്കിലെ സൂത്രവേധംകൊണ്ടു ശത്രുപീഡയും, നിർൃതിയിങ്കലെ രജ്ജുവേധംകൊണ്ടു പുത്രനാശവും പടിഞ്ഞാറെ സൂത്രവേധംകൊണ്ടു അർത്ഥനാശവും, വായുകോണിലെ രജ്ജുവേധംകൊണ്ടു വാതരോഗവും, വടക്കേ സൂത്രവേധംകൊണ്ടു കലഹാനിയും സംഭവിക്കുന്നതാകുന്നു.

അവ—ഇനിയൊരു ശ്ലോകംകൊണ്ടു സൂത്രരജ്ജുക്കളുടെ വണ്ണത്തെപറയുന്നു.

അഷ്ടാങ്കദിഗപർവ്വപൈഃ ക്രമേണ
ക്ഷേത്രേ കൃതേത്രൈകപദസ്യ ഭാഗൈഃ
നൃപാക്കനാഗപ്രമിതൈസ്തു വിദ്യാൽ
സൂത്രസ്യ രജ്ജോശ്ച തതിപ്രമാണം. 27

വ്യാ—പറമ്പിനെ അറപത്തിനാലോ എൺപ തോത്താനോ ഒരുനൂറോ എതെങ്കിലും ഒരുപ്രകാരത്തിലുള്ള പടങ്ങളാക്കിക്കല്പിച്ചാൽ, അറപത്തിനാലാണെങ്കിൽ ഒരു പടത്തിന്റെ പതിനാറാലൊന്നുകൊണ്ടും, എൺപതൊന്നാണെങ്കിൽ ഒരു പടത്തിന്റെ പന്ത്രണ്ടാലൊന്നുകൊണ്ടും, ഒരുനൂറാണെങ്കിൽ ഒരു പടത്തിന്റെ എട്ടിലൊന്നുകൊണ്ടും രജ്ജുക്കളുടേയും സൂത്രങ്ങളുടേയും വിസ്താരം കല്പിക്കണം.

അവ—പറമ്പിന്റേയും ഗൃഹത്തിന്റേയും സൂത്രവേധം പറഞ്ഞപ്പോൾ പ്രകൃതവശാൽ ഗൃഹോപഗൃഹാദികളുടെ അന്യോന്യവേധത്തെയും വജ്ജിക്കേണ്ടതാണെന്നു പറയുന്നു.

സമസ്തഗേഹാങ്കണകൂപവാപീ—
പ്രാരാദിമധ്യസ്ഥിതസൂത്രവേധഃ
മിഥസ്സമസ്തോഷ്ണപി വർജ്ജനീയോ
രജ്ജോശ്ച കോണാലയകണ്ണയോശ്ച. 28

വ്യാ—നാലുപുരകൾക്കു പുറമേയുള്ള ഗോശാല മുതലായ ഉപഗൃഹങ്ങളുടെയും, അങ്കണം, കിണർ, കുളം, പ്രാരങ്ങൾ, മുതലായവറിന്റെയും, മധ്യസൂത്രങ്ങളും, രജ്ജുക്കളും, കോൺഗൃഹങ്ങളുടെ കണ്ണങ്ങളും അന്യോന്യം വേധിക്കുന്നതിനെ വർജ്ജിക്കണം.

അവ—ഇനി രണ്ടു ശ്ലോകങ്ങളെക്കൊണ്ടു പുരയുടെ ഇന്നിന്ന ഭാഗങ്ങളിൽ ഇന്നിന്ന വൃക്ഷങ്ങൾ ശുഭാശുഭങ്ങളെ ചെയ്യുമെന്നു പറയുന്നു.

പൂർവ്വസ്യാം ബകുളോ വടശ്ച ശുഭദോ—
ടുവാച്യാം തഥോദുംബര—
ശ്ചിഞ്ചാ ചാംബുപതൌ തു പിപ്പലിതരു—
സ്സപ്തച്ഛദോടപി സൂതഃ

കെടാമ്പേയ്യാം ദിശി നാഗസംജ്ഞിതതരുഃ
പ്ലക്ഷശ്ച സംശോഭനഃ
പ്രാച്യ്യാമേവ പനസഃ ക്രമാൽ ക്രമുകകേ-
രാമ്രാശ്ച സപ്ലക്ഷ ച. 29

വ്യാ—ഗൃഹത്തിന്റെ കിഴക്കുപുറത്ത് എരിഞ്ഞിയും പേരാലും, തെക്കുപുറത്ത് അത്തിയും പുളിയും, പടിഞ്ഞാറ് അരയാലും പാലയും, വടക്ക് നാഗമരവും ഇത്തിയും, ശുഭപ്രങ്ങളാകുന്നു. പിന്നെ കിഴക്കുതുടങ്ങി നാലുദിക്കിലും ക്രമേണ പിലാവ്, കമുങ്ങ്, തെങ്ങ്, മാവ് ഇവകളും ശോഭനങ്ങളും. ഇവ നാലും എല്ലാദിക്കുകളിലും കൊള്ളരുതായ്കയുമില്ല.

അശ്വത്ഥോഽഗ്നിഭയം കരോതി ബഹുധാ
പ്ലക്ഷഃ പ്രമാദപ്രദോ
ന്യഗ്രോധഃ പരശസ്ത്രപാതമുദര-
വ്യാധിം തഥോദുംബരഃ
സന്ത്രോക്തപ്രതിദിക്സ്ഥിതാസ്ത്വപി ച തേ-
പ്യന്യേ സുവർണ്ണാത്മകാഃ:
പ്ലക്ഷ്യാ മന്ദിരതസ്ത്രയുഗസ്ഥി-
മാഭ്യന്തരസ്ഥാ യദി. 30

വ്യാ—അരയാലിനെ കൊല്ലപ്പെട്ട ദിക്കിന്റെ മരദിക്കിൽ നിന്നാൽ മേൽപറഞ്ഞ വൃക്ഷങ്ങളിൽ അരയാൽ അഗ്നിഭയത്തേയും, ഇത്തി പ്രമാദത്തേയും, പേരാൽ ശത്രുക്കളുടെ ആയുധംകൊണ്ടു മുറിഞ്ഞുപോകുവാനുള്ള സംഗതിയേയും, അത്തി ഉദരവ്യാധിയേയും ഉണ്ടാക്കും. ഈ വൃക്ഷങ്ങളോ അല്ലെങ്കിൽ വേറെ വല്ല വൃക്ഷങ്ങളോ—അവ, പൊന്നാകായ്കുന്നവതന്നെ ആയിരുന്നാലും—ഗൃഹത്തിങ്കൽനിന്നു വൃക്ഷത്തിന്റെ പൊക്കത്തിൽ ഇരട്ടി ദൂരത്തല്ല നിൽക്കുന്നതെങ്കിൽ മുറിച്ചുകളയേണ്ടതാകുന്നു (‘സുവർണ്ണാത്മകങ്ങളും’

എന്നു പറഞ്ഞതിനു് ഉടമസ്ഥനു വളരെ ധനലാഭമുണ്ടാകുമെന്നതു് എന്നേ അർത്ഥമുള്ളൂ.)

അവ—ഇനി എവിടെ നിന്നാലും നന്നായിട്ടുള്ള ചില വൃക്ഷാദികളെപ്പറയുന്നു.

ശസ്താ മന്ദിരപാർശ്വപൃഷ്ഠദിശി തു
ശ്രീവൃക്ഷവില്വാഭയാ
വ്യാധിഘ്നാമലകീസുരദ്രുമപലാ-
ശാശോകമാലേയകാഃ
പുന്നാഗാസനചമ്പകാശ്ച ഖദിര-
സ്ഥൂലേല കദള്യാദയേ
യൂഥ്രീമാലതിമല്ലികാദിലതികാ-
സ്സുവ്യക്ത സംശോഭനാഃ. 31

വ്യാ—കുമിഴ്, ക്കൂവളം, കടുക്കമരം, കൊന്ന, നെല്ലി, ദേവതാരം, അശോകം, ചന്ദനം, പുന്ന, വേങ്ങ, ചമ്പകം, കരിങ്ങാലി ഈവക മരങ്ങൾ ഗൃഹത്തിന്റെ ഇടത്തും വലത്തും പിന്നിലും നിൽക്കുന്നതു നല്ലതാകുന്നു. അതുപോലെ വാഴ, വഴുതിന, ചേന, ചേമ്പു മുതലായ കിഴങ്ങുകളും, ഇഴുന്ന, പയ്വ്, കടല, ഗോതമ്പു, മുത്താറി, കമ്പം, ചോളം, വരക് മുതലായ ധാന്യങ്ങളും, മുല്ല, പിച്ചകം, മുതലായ പുഷ്പലതകളും ഗൃഹത്തിന്റെ എല്ലാ ഭാഗങ്ങളിലും ശോഭനങ്ങളാകുന്നു.

അവ—ഇനിയൊരു ശ്ലോകംകൊണ്ടു വൃക്ഷങ്ങളുടെ ജാതി തിരിച്ചു്, അവയെ ഗൃഹത്തിന്റെ പുറത്തു് ഏതേതു കക്ഷ്യകളിലാണു നിറുത്തേണ്ടതെന്നു പറയുന്നു.

അന്തസ്സാരാസ്തു വൃക്ഷാഃ പനസതരുമുഖാ-
സ്സുവ്സാരാശ്ച പിഞ്ഛാ-
ശാകാദ്യാസ്തുലകരക്രമുകയവഫലാ-
ദ്ബ്യാ ബഹിസ്സാരവൃക്ഷാഃ

നിസ്സാരാശ്ശിഗ്രുസപ്തച്ഛദശ്ലോകതരവഃ
കിംശുകാദ്യാശ്ച കാര്യ്യാ-
സ്സൂക്ഷ്മപാദ്യാ മധ്യഭാഗേ ബഹിരപി ച തതഃ
സ്സുസ്സാരാസ്തതോന്യേ. 32

വ്യാ—പിലാവു്, അയിനി മുതലായ മരങ്ങൾ അന്തസ്സാരങ്ങൾ (ഉള്ളിൽ കാതലുള്ളവ്) ആകുന്നു. വാളമ്പുളി, തേക്കു മുതലായവ സുസ്സാരങ്ങൾ (എല്ലാഭാഗത്തും ഉറപ്പുള്ളവ) ആകുന്നു. കരിമ്പന, തെങ്ങു്, കമുങ്ങു്, മുള മുതലായവ ബഹിസ്സാരങ്ങൾ (പുറമേ കാതൽ=ഓട്ടു് - ഉള്ളവ) ആകുന്നു. മുരിങ്ങ, പാല, വാക, മുരുക്കു്, പൂള മുതലായവ നിസ്സാരങ്ങൾ (കാതൽ=ഉറപ്പു് ഇല്ലാത്തവ) ആകുന്നു. ഇവയിൽവച്ചു് ആദ്യം പറഞ്ഞ അന്തസ്സാരവൃക്ഷങ്ങൾ പുരയും വേലിയും തമ്മിലുള്ള അകലത്തിന്റെ മധ്യഭാഗത്തും, സുസ്സാരങ്ങൾ അതിനു പുറത്തും, ബഹിസ്സാരങ്ങൾ അതിനു പുറത്തും ആയിരിക്കണം. നിസ്സാരങ്ങൾ എല്ലാറ്റിനും പുറത്തായിരിക്കേണമെന്നു സിദ്ധമാണല്ലോ. എന്നാൽ സുസ്സാരങ്ങളെ അന്തസ്സാരങ്ങളേക്കാൾ പുറത്തു നില്ക്കേണ്ടതാണെന്നു പറഞ്ഞിരിക്കുന്നതു്, അവയ്ക്കു് ഉറപ്പു കുറവായിട്ടല്ല; അവ മഹാവൃക്ഷങ്ങളാകകൊണ്ടാണെന്നു വിചാരിക്കണം.

അവ—കുടിയിരുപ്പുപറമ്പിൽ ഒരേടത്തും നിറുത്തുവാൻ കൊള്ളരുതാത്തവയും, പുരയ്ക്കടുത്തു കൊള്ളരുതാത്തവയും ആയ വൃക്ഷങ്ങളെപ്പറയുന്നു.

കാരസ്കരാരുഷ്കരകണ്ടകിദ്രു-
ശ്ലേഷ്മാതകാക്ഷശ്ലുമപീലുനിംബാഃ
പൈശാചവൃക്ഷസ്സഹിതോമശുഭ്യാഃ
സവ്യുനേഷ്ടാ അചി ശിഗ്രുരന്തഃ 33

വ്യാ—കാഞ്ഞിരം, ചേരു്, വയ്യങ്കതവു്, നറുവരി, തഴുന്നി, ഉക, വേപ്പു്, പൊടുക്കാവള്ളി, കള്ളി, എരുമക്കള്ളി, ഇവ പുരപണിയുന്ന പറമ്പിൽ എങ്ങും കൊള്ളരുതു്. മുരിങ്ങ പുരയ്ക്കു് അടുത്തും കൊള്ളരുതു്.

അവ— ഇനിയെന്തു ശ്ലോകംകൊണ്ടു പറമ്പിന്റെ ഉച്ചനീചതപങ്ങളാലുണ്ടാകുന്ന ഗുണദോഷങ്ങളെപ്പറയുന്നു.

ഇന്ദ്രാശാഭീനതാവ്വനിസ്ഥിതരാ—
ശാദ്ധ്യന്നതാഷ്ടൗ ക്രമാൽ
ഗോവഹ്ന്യന്തകഭ്രതവാരിഫണഭൃ—
ന്മാതംഗധാന്യാഹ്വയാഃ
വീഥ്യോടത്ര ക്രമശോഭിവൃദ്ധിധനഹാ—
ന്യന്താർത്ഥഹാനിപ്രദാഃ
ദാരിദ്ര്യാത്മജഹാനിവിത്തശുഭദാ
വ്യസ്തം ഫലം വ്യത്യയേ.

വ്യാ—കിഴക്കുതാണു പടിഞ്ഞാറ് ഉയന്ന പറമ്പിന്നു 'ഗോ'വീഥിയെന്നു പേർ. അവിടെ പുര പണിയിച്ചാൽ എല്ല്യാസ്സുമ്പത്തുകളും വല്ലിച്ചിരിക്കും. അഗ്നികോണുതാണു വായുകോണ് ഉയന്നിരുന്നാൽ ആ ഭൂമിക്കു 'അഗ്നി'വീഥിയെന്നു പേർ. ധനനാശം ഫലം. തെക്കുതാണു വടക്കുയന്നിരുന്നാൽ 'യമ'വീഥിയെന്നു പേർ. അതിനു മരണം ഫലം. നിർൃതികോണുതാണ് ഈശാനകോണ് ഉയന്നിരുന്നാൽ 'ഭൂത'വീഥിയെന്നു പേർ. ധനനാശം ഫലം. പടിഞ്ഞാറു താണു കിഴക്കുയന്നിരുന്നാൽ 'ജല'വീഥിയെന്നു പേർ. ദാരിദ്ര്യം ഫലം. വായുകോണുതാണ് അഗ്നികോണുയന്നാൽ 'സർപ്പ'വീഥി. പുത്രനാശം ഫലം. വടക്കുതാണു നിർൃതികോണ് ഉയന്നാൽ 'ഗജ'വീഥിയെന്നു പേർ. ധനവൃദ്ധിഫലം. ഈശകോണുതാണ് നിർൃതി കോണു ഉയന്നാൽ 'ധാന്യ'വീഥിയെന്നു പേർ. സർവ്വശുഭം ഫലം. ഇതിനു വിപരീതമായിരുന്നാൽ വിപരീതം ഫലം.

അവ—ഇനി പുരപണിയുന്നതിനടുത്തു ദേവാലയങ്ങളും ഉണ്ടായിരുന്നാൽ അവയിലെ മൂർത്തിഭേദം അനുസരിച്ചുള്ള ഗുണദോഷങ്ങളെപ്പറയുന്നു.

വാമേ ക്ഷാരേപ ച പൃഷ്ഠേ മുരളനുജരിപോ-
ർഭക്ഷിണേഽപ്യഗ്രഭാഗേ
കാലാരാതേശ്ച കാള്യാസ്ഥിതരവിബുധ-
സ്യാഖിലസ്യാഗ്രമൂർത്തേഃ
നിമ്നസ്ഥാനസ്ഥിതായ്യസ്യ ച ധരണിതലേ
മാനവ്യാനാം നിവാസ-
ശ്ചാത്യന്താനർത്ഥദസ്സ്യാ ദിഹ തദിതരദി-
ക്ഷു സ്ഥിതിശ്ശോഭനൈവ.

വ്യാ—വിഷ്ണുവിന്റെ ഇടത്തുഭാഗത്തും പിന്നിലും, ശിവൻ ഭദ്രകാളി മുതലായ എല്ലാ ഉഗ്രമൂർത്തികളുടെയും, താണ സ്ഥലത്തിരിക്കുന്ന ശാസ്ത്രാവിന്റെയും വലത്തുഭാഗത്തും മുമ്പിലും, ഉള്ള ഭൂമിയിൽ പുരപണിയിച്ചു താമസിക്കുന്നവർക്ക് അത്യന്തം അനർത്ഥങ്ങൾ സംഭവിക്കും. മേൽപറഞ്ഞതിനു വിപരീതമായ ദിക്കുകളിൽ ഗൃഹനിർമ്മാണംചെയ്താൽ ശോഭനം തന്നെ.

അവ—ഗൃഹനിർമ്മാണത്തിൻ കൊള്ളരുതാത്ത ചില പ്രദേശങ്ങളേയും മറവും പറയുന്നു.

വ്രീഹിക്ഷേത്രാദിദേവാലയജലധിനദീ-
താപസാഗാരഗോഷ്ഠ-
ഗ്രാവാദീനാമതീവാന്തികമപകുരുതേ
നൈകധാ മന്ദിരേഷു
ദേവാഗാരാന്നരാണാമതിശുഭദമിദം
കിഞ്ചിദൂനം സമം വാ
തസ്മാദ്ദ്യൂനം ച പിതലവിധിരതീ-
വാന്തികേ നേഷ്യതേഽത്ര. 36

വ്യാ—നെൽവയൽ, ദേവാലയം, സമുദ്രം, നദി, ഋഷ്യാശ്രമം, ഗോശാല, പർവ്വതം (അല്ലെങ്കിൽ വലിയ പാറ) എന്നിവയുടെ ഏറ്റവും അടുത്ത പുരപണിതാൽ പല പ്രകാരം അനർത്ഥങ്ങളുണ്ടാകും. ദേവാലയത്തോട് അധികം

അടുത്താണെങ്കിൽ, തോലയത്തേക്കാൾ ഉയരം കുറച്ചോ സമമായിട്ടോ മാത്രമേ മനുഷ്യാലയം പണിയിക്കാവൂ. കുറഞ്ഞിരിക്കുന്നതാണ് അധികം നല്ലത്. തോലയത്തേക്കാൾ ഉയരമേറീട്ടോ മാളികയായിട്ടോ പണിചെയ്യിക്കുന്നത് ഒട്ടും നന്നല്ല.

അവ—പറമ്പിന്റെ ഉച്ചനീചതപങ്ങളെക്കൊണ്ടുള്ള ഗുണദോഷങ്ങളെ "ഇന്ദ്രാശാദിനതാ" എന്ന ശ്ലോകംകൊ പറഞ്ഞുവല്ലോ. ഇനി ഗുണഫലം എത്രകാലം നിലനിൽക്കുമെന്നു പറയുന്നു.

മധ്യോച്ഛ്രായാം ധരിത്ര്യാം പ്രഥമമഥ ഗൃഹേ
കല്പിതേ സ്യാദ്ദശാബ്ദം
വൃദ്ധിഃ പ്രാഗുന്നതായാമപി ഹതവഹയാ-
മോന്നത്യായാം ശതാബ്ദം
സാഹസ്രാബ്ദം നിരൃത്യുന്നതധരണിതലേ
വാരുണേ ചേത്തദർദ്ധം
ശ്രേഷ്ഠാസപക്ഷാഷ്ടഷഷ്ഠംക്കാസ്ഥിത ഉപരി നിജോ-
ക്തനുത്രപം ഫലം സ്യാൽ. 37

വ്യാ—നടുവും കിഴക്കും ഉയർന്ന പറമ്പിൽ പുര പണിതാൽ. ആദ്യം പത്തുകൊല്ലത്തേക്കു വൃദ്ധിയുണ്ടാകും. അഗ്നികോണും തെക്കുഭാഗവും ഉയർന്ന പറമ്പിൽ നൂറുകൊല്ലത്തേക്കും, നിരൃതികോണ് ഉയർന്ന പറമ്പിൽ ആയിരം കൊല്ലത്തേക്കും, പടിഞ്ഞാറുഭാഗം ഉയർന്ന പറമ്പിൽ അഞ്ഞൂറുകൊല്ലത്തേക്കും, വായുകോണയർന്ന പറമ്പിൽ പന്തീരാണ്ടേക്കും, വടക്കുഭാഗം ഉയർന്ന പറമ്പിൽ എട്ടുകൊല്ലത്തേക്കും, ഈശാനകോണയർന്നതിൽ നൂറുകൊല്ലത്തേക്കും, അഭിവൃദ്ധിയുണ്ടാകും. അതിനുമേൽ "ഇന്ദ്രാശാദി" എന്ന ശ്ലോകത്തിൽ അതാതിനു പറഞ്ഞിട്ടുള്ള ഫലങ്ങളുംതന്നെ എന്നു ഗ്രഹിച്ചുകൊൾക.

അവ_ഇനി ബ്രാഹ്മണാദിവർണ്ണഭേദമനുസരിച്ചു, ഭൂമിയുടെ ചില ഭാഗങ്ങളിലെ ഉയച്ചുതാഴ്ചകളെക്കൊണ്ടും, ചില പ്രത്യേകവൃക്ഷങ്ങളെക്കൊണ്ടും ശുഭാശുഭഭേദങ്ങളെപറയുന്നു.

വിപ്രാണാം ഭൂരവാഗ്രന്നതധനദനതോ_
ഷ്ണംബരാഢ്യാ ശുഭാസ്യാൽ
പ്രാങ്നിമ്നാ വാരുണോച്ചാ ചലദലസഹിതാ
ഭൂശുഭാ ബാഹുജാനാം
പ്രാഗുച്ചാഗ്നീശനിമ്നാ വടതരുസഹിതാ
ഭൂർവ്വിശാം, പാദജാനാം
പ്ലക്ഷാഢ്യാ വാപി സാ വാ, യമനതധരണീ
വാഥവാ സർവ്വവർജ്യാ 38

വ്യാ__തെക്കുയർന്നും, വടക്കു താണും, അത്തിമരമുള്ളതായുമിരിക്കുന്ന ഭൂമി ബ്രാഹ്മണർക്കു നന്ന്. കിഴക്കു താണും, പടിഞ്ഞാറുയർന്നും, അരയാലുള്ളതായുമിരിക്കുന്ന പറമ്പു ക്ഷത്രിയർക്കു കൊള്ളാം. കിഴക്കുയർന്നു പടിഞ്ഞാറു താണു പേരാലുള്ളതായ ഭൂമി വൈശ്യർക്കു കൊള്ളാം. ഇത്തിമരമുണ്ടെങ്കിൽ വൈശ്യനു പറഞ്ഞതുപോലെയുള്ള ഭൂമിയും, തെക്കു താണ ഭൂമിയും ശൂദ്രർക്കു കൊള്ളാം. തെക്കു താണ ഭൂമി ആർക്കും കൊള്ളുമെന്നും പക്ഷമുണ്ട്.

അവ__പറമ്പിന്റെ ലക്ഷണങ്ങളേയും ഗുണദോഷങ്ങളേയും പറഞ്ഞിട്ട് ഇനി മാനസാധനങ്ങളെ പറയുന്നു.

ശിംബിസ്ഥാഷ്ടതിലൈയ്യവോദരമിതി
പ്രോക്തോയവൈരഷ്ടഭി_
ർമ്മാത്രാഖ്യാംഗുലമംഗുലൈരിനമിതൈഃ
പ്രോക്താവിതസ്തിസ്തതഃ
തദ്ചതുരം കരകിഷ്കുരത്നിഭുജയോ_
ർമ്മുഷ്ട്യാദിസംജ്ഞം തതോ
മാനാഷ്ട്യഷ്ടു കരൈശ്ചതുർഭിരുദിതോ
ദണ്ഡോഷ്ടസാമാന്യതഃ. 93

വ്യാ—കൊച്ചുലിൽ ഇരിക്കുന്ന എട്ട് എണ്ണണികളുടെ ഇടക്ക് ഒരു യവത്തിന്റെ വിസ്താരമാകുന്ന (യവം=തോരു) എട്ട യവം കൂടിയതു മാത്രാംഗുലം. പന്ത്രണ്ട് അംഗുലം കൂടിയതു വിതസ്തി. വിതസ്തി രണ്ടു കൂടിയതു് ഒരു കോൽ. അതിനെ കരം, കിഷ്കു, അരത്നി, ഭുജം, മോസ്സ്, മുഷ്ടി, ഹസ്തം ഇത്യാദി പേരുകളോടുകൂടിയതായി പറയുന്നു. ഈ കോലുകൾ നാലുകൂടിയതു് ഒരു ദണ്ഡാകുന്നു. ഈ ദണ്ഡിനെ മനുഷ്യാലയത്തിൽ സാമാന്യേന അംഗീകരിക്കുന്നു. ഈ വിഷയത്തിൽ 'ശാരദാതിലകം' എന്ന ഗ്രന്ഥത്തിൽ താഴെ കാണിക്കുന്നപ്രകാരം പറഞ്ഞിരിക്കുന്നു. "കർത്തുർദ്ക്ഷിണഹസ്തസ്യമധ്യമാംഗുലിപർവ്വണഃ. മധ്യസ്യ ദീർഘമാനേന മാത്രാംഗുലമുദീരിതം" എന്നു്.

അവ—ഇനി കോലുകളുടെ ഭേദങ്ങളേയും, ഉപയോഗഭേദങ്ങളേയും പറയുന്നു.

മാത്രാഖ്യാംഗുലിപഞ്ചവിംശതിമിതം
മാനം വിമാനേ സ്മൃതം
പ്രാജാപത്യമഥോ ധനുർഗ്രഹമിതി
പ്രോക്തം ത്രിമാത്രാന്വിതം
ഗ്രാമാദേരിദമേവമാനമുദിതം
വാസ്തോർധനുർമ്മുഷ്ടികം
മാത്രാർദ്ധാംഗുലകൈശ്ച കുത്രചിദഥോ
ഷഡ്വിംശതിപ്രോന്മിതൈഃ 40

വ്യാ—മാത്രാംഗുലം ഇരുപത്തഞ്ചു കൂടിയ കോലിനു 'പ്രാജാപത്യം' എന്നു പേർ. ഇതു വിമാനമളപ്പാൻ വേണ്ടതാകുന്നു. ഇരുപത്തേഴംഗുലം കൂടിയ കോൽക്കു 'ധനുർഗ്രഹം' എന്നു പേർ. ഇതു ഗ്രാമാദികളെ അളപ്പാൻ ഉപയോഗിക്കുന്നു. ഇരുപത്താറുമാത്രാംഗുലം കൂടിയാൽ ആക്കോലു 'ധനുർമ്മുഷ്ടികം' എന്ന പേരോടുകൂടിയതും, ചിലേടത്തു പറമ്പളപ്പാൻ ഉപയോഗിക്കുന്നതുമാകുന്നു.

ഷഠം സപ്താഷ്ടയവൈഃ ക്രമാദധമമ-
ധ്യോൽകൃഷ്ടരുപോംഗുലോ
ദ്ദിഷ്ടസ്യൈന ച മാനമത്ര കുത്രചിൻ
സമ്പാദിതം ദൃശ്യതേ
ഹസ്തേനൈവ ഗൃഹാദ്യമംഗുലവശാ-
ദ്വ്യാപ്യാപി സ്യാദ്യവൈ-
ർദ്ദണ്ഡോ യഷ്ടിരിതി സ്മൃതോഽഷ്ടഗുണിതോ
ദണ്ഡാഽത്ര രജ്ജുഃ സ്മൃതഃ. 41

വ്യാ—ആറ്, ഏഴ്, എട്ട്, തോര ക്കൂടിയാൽ ക്രമത്താലെ അധമമധ്യമോത്തമങ്ങളായിരിക്കുന്ന അംഗുലങ്ങൾ ഭവിക്കുന്നു. ഇങ്ങനെയുള്ള അംഗുലങ്ങളെക്കൊണ്ടും മുൻപറഞ്ഞ പ്രകാരം കോലുകളും കണ്ണുകളും ഉണ്ടാക്കിച്ചു ലേടത്തു് അളന്നുവരുന്നതായി കാണപ്പെടുന്നു. ഗൃഹം മുതലായവ കോലുകൊണ്ടുതന്നെ അളക്കേണ്ടവയാകുന്നു. ചിലേടത്തു് ഉത്തമങ്ങളായ അംഗുലങ്ങളെക്കൊണ്ടും, നിർവ്വാഹമില്ലാതെ വന്നാൽ യവങ്ങളെക്കൊണ്ടും അളക്കാകുന്നു. നാലുകോലുകൂടിയ കണ്ണിനു 'യഷ്ടി'യെന്നും, എട്ടു കണ്ണുകൂടിയതിനു 'രജ്ജു'വെന്നും പേർ പറയുന്നു.

അവ—ഇനി മേയങ്ങളായ വസ്തുക്കളെ അനുസരിച്ചു മാനസാധനങ്ങളെ വിധിക്കുന്നു.

താലാംഗുല്യഃ പ്രതിമാദികം ഖലു യതൈവ-
മ്മേയം ച ക്ഷ്മാദികം
വസ്തുപ്രാവരണാംഗുലാദി ച പരിണ-
യം സ്യാ ച്ചിതസ്യാതഥാ
ശസ്യാദ്യം തദനാമികാംഗുലിയുതൈ-
രേവം ച തച്ഛ്യാസതോ
ഷഷ്ട്യാ യാമ്യകരാംഗനാടികമതഃ-
കൃതഷു ധാജ്യോയോനിഷു. 42

വ്യാ—പ്രതിമ, കിരീടം പത്മം, എന്നിത്യാദികളെ താലം അംഗുലം എന്നിവകൊണ്ടും, ഭൂഷണാദികളെ യവങ്ങളെക്കൊണ്ടും, വസ്ത്രം, പുതപ്പ്, പട്ട മുതലായവയെ വിതസ്തി (മുഴം) കൊണ്ടും, ആയുധാദികളെ മോതിരവിരലിന്റെ വിസ്താരം രണ്ടു കൂടിയതുകൊണ്ടും, യജ്ഞപാത്രങ്ങളായ സ്രുവം ജുഹു എന്നിവയേയും ചമത മുതലായവയേയും യജമാനന്റെ മുഷ്ടികൊണ്ടും അളക്കണം. പിന്നെ ഇന്ന യോനി വേണമെന്നു പ്രത്യേകം വിധിച്ചിട്ടില്ലാത്തേടത്തെല്ലാം ധ്വജയോനി വേണം.

അവ— ഇവിടെ യോനിയെപ്പറഞ്ഞു പ്രസ്താവിപ്പാനിടവന്നപ്പോൾ ഗൃഹങ്ങൾ കൂടാതെ മനുഷ്യർക്കുപയോഗ്യയോഗ്യങ്ങളായ മറവള്ള പദാർത്ഥങ്ങൾക്കു് ഇന്നിന്ന യോനിയാണു വേണ്ടതെന്നു പറയുന്നു.

യാനാംഗാദിഷു കേതുരേവ വിഹിത-
സ്സ്രുവ്ശ്രുശ്സ്രോഹ്യയം
പര്യങ്കാദിഷു കുഞ്ജരോ മൃഗപതിഃ
പീഠാസനാദൌ ഹരിതഃ
ഭാണ്ഡേ ക്ഷുപതടാകപഞ്ജരവിധൌ
യോനിർവ്വൃഷോ വാ ധ്വജോ-
ഛാശ്വത്ഥാദിസമസ്തകട്ടിമവിധൌ
കേതുർവ്വിധേയസ്സുരാ

വ്യാ—തണ്ടു, പല്ലക്കു തുടങ്ങിയ വാഹനങ്ങൾക്കു ധ്വജയോനി വേണം. ഈ കേതുയോനി എല്ലാടിക്കിലും കൊള്ളാവുന്നതുമാണു്. കട്ടിലു്, കിടക്ക, എന്നിത്യാദി ശയനസാധനങ്ങൾക്കു ഗജയോനിയും, പീഠം, പലക മുതലായി ഇരിപ്പാനുള്ളവയ്ക്കു സിംഹയോനിയും നല്ലതാകുന്നു. അറ, പത്തായം, പെട്ടി മുതലായി ധനധാന്യാദികൾ വച്ചു പൂട്ടുവാനുപയോഗിക്കുന്നവയ്ക്കും, കിണർ,

കുളം മുതലായ ജലാശയങ്ങൾക്കും, പക്ഷിമൃഗാദികളെ ഇട്ടു രക്ഷിക്കുവാനുള്ള കൂട്ടുകൾക്കും വൃഷ്ഭയോനിയോ, ധ്വജയോനിയോ വേണ്ടതാകുന്നു. ആൽത്തറ, പ്ലാവിൻതറ, തുളസിത്തറ, മുല്ലത്തറ മുതലായ തറകൾക്കെല്ലാം ധ്വജയോനി വേണ്ടതാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ട് ഓരോ സാധനങ്ങൾക്കും അവയുടെ എത്രത്തോളം ഭാഗം അളന്നിട്ടാണ് യോനി കൊള്ളിക്കേണ്ടതെന്നു വിധിക്കുന്നു.

അന്തര്യോനിർമ്മാനപാത്രാദിവാപീ-
ക്ഷുപാടീനാ,മങ്കണേ ഗർഭഗേഹേ
ദ്വ്യംശാഗാരോത്തരവ്യാസമധ്യേ
കുര്യാപ്രക്ഷോടന്യത്ര സപ്തത്ര ബാഹ്യേ 44

വ്യാ—നാഴി, എടങ്ങഴി, നാരായം, പറ എന്നിത്യാദി അളവുപാത്രങ്ങൾക്കും, കുളം, കിണറ മുതലായ വയ്ക്കും, നടുമുറ്റത്തിനും ഗർഭഗൃഹത്തിനും (ഗർഭഗൃഹം=ഉള്ളറ) ഉള്ളിലാകുന്ന യോനികല്ലുകൾ പെയ്യേണ്ടതു്. ചിലേടത്തു പത്തായശാലയുടെ ഉത്തരവീതിയുടെ മദ്ധ്യത്തിൽ യോനികല്ലിക്കണം എന്നു പറയപ്പെട്ടിരിക്കുന്നു. മറ്റുള്ളിടത്തെല്ലാം പുറത്തു യോനികൊള്ളേണ്ടതാകുന്നു.

അവ—ഇനി പതിമൂന്നാം ശ്ലോകത്തിൽ പറഞ്ഞ ക്രമപ്രകാരം ഗൃഹമുണ്ടാക്കുവാൻ യോഗ്യമാണെന്നു പരീക്ഷിച്ചു നിശ്ചയിച്ചു ദിങ്നിർണ്ണയം ചെയ്തു സമീകരിച്ചു ഖണ്ഡകല്പനം ചെയ്തിട്ടുള്ള പറമ്പിൽ, ഭൂവീഥിമർമ്മങ്ങളിൽ തട്ടാതെ ഗൃഹമുണ്ടാക്കേണ്ടതിനായിട്ടു മുമ്പേതന്നെ വീഥീവിന്യാസകല്പനയെപ്പറയുന്നു.

യാവൽ കല്പിതമങ്കണം ഗൃഹവിധൌ
സാദ്ധ്യാനുപാതാ താവതീ
വീഥീവിന്യസിതുത്തമാങ്കണസമാ
മദ്ധ്യാധമാല്പാ തതഃ

ക്ഷേത്രേടല്പേടങ്കണതോടദ്ധസമ്മിതതതാം
വീഥീം പ്രകല്പ്യാത്തദാ
പ്രാച്യ്യാദീച്യ്യഗ്രഹം ഭവേൽ സലിലവീ_
ഥ്യാരൂഢമഗ്നേ നതു. 45

വ്യാ__പരമ്പിന്റെ ദീഗ്ഘവിസ്താരങ്ങളെ നിശ്ചയിക്കുന്നതിനു, ഗൃഹത്തിന്റേയും അങ്കണത്തിന്റേയും പ്രമാണങ്ങളെ മുമ്പേതന്നെ നിശ്ചയിച്ചിട്ടുവേണം. അങ്കണദീഗ്ഘം എത്രയുണ്ടോ അതിൽ പകുതിയും കൂടി കൂടിയതു് ഒരു വീഥിയുടെ വിസ്താരമെന്നു കല്പിക്കണം. ആ വീഥീവിസ്താരത്തെ ഒരു പത്തെന്നു കല്പിച്ചാൽ അതിന്റെ പതിനെട്ടു മടങ്ങു ഭൂമിയുടെ വിസ്താരം കല്പിക്കുന്നതു് ഉത്തമമാകുന്നു. പിന്നെ അങ്കണദീഗ്ഘത്തോളം വീഥീവിസ്താരം കല്പിക്കുന്നതു മധ്യമമാകുന്നു. അതിലും കുറഞ്ഞാൽ അധമം. അങ്കണദീഗ്ഘത്തോളവും അതിൽ പകുതിയും കൂടിയതു വീഥീവിസ്താരമെന്നു കല്പിക്കുമ്പോൾ വാസ്തുപദത്തിലെ ബാഹ്യാവൃതിക്കുടെ ഗണേശബ്രഹ്മവീഥികളും രണ്ടിലുമായിട്ടടങ്ങും. വീഥീവിസ്താരം അങ്കണദീഗ്ഘത്തോളം മാത്രം കല്പിക്കുമ്പോൾ പുരകളുംനാലും മാത്രമേ ഗണേശബ്രഹ്മവീഥികളിൽ അടങ്ങുകയുള്ളു. അങ്കണദീഗ്ഘത്തിൽ മുക്കാൽ വീഥീവിസ്താരം കൊള്ളുമ്പോൾ കിഴക്കിനിപ്പുരയും വടക്കിനിപ്പുരയും അഗ്നിവീഥിയിൽ തട്ടും. പറമ്പു പൊക്കമായിരുന്നാൽ കിഴക്കിനിയും വടക്കിനിയും ജലവീഥിയിൽ പൊങ്ങുനില്ക്കും. അതിനാൽ പറമ്പു പൊക്കമായി വരുന്നേടത്തു് ഈ വണ്ണം വരുത്തിക്കൊള്ളുക. ഒരിടത്തും പുര മുഴുവനും അഗ്നിവീഥിയിൽ വരുത്തരുതു്.

അവ__ഇനി ഒരു ശ്ലോകംകൊണ്ടു വീഥികളുടെ സ്ഥിതി ഇന്ന പ്രകാരത്തിലാണെന്നു പറയുന്നു.

നന്ദപ്രന്ദപുടേ നവാവൃതിതയാ
ബാഹ്യാദിമദ്ധ്യാന്തിമാ
വീഥ്യസ്സ്യുഃ പരിതഃ പിശാചപദിവിഷ-
ദ്വിത്താധിഭ്രദണ്ഡിനാം.
നാഗാംബുഗനിവിനായകദ്രഹിണ്ണാ-
മ്നാം ചാസു നിന്ദ്യാ സ്മൃതാഃ
പൈശാചാന്ത്യഹിദണ്ഡിനാം ഗൃഹവിധൌ
വീഥ്യുത്തരോത്തർദ്ദിക്ഷപപി. 46

വ്യാ—മുമ്പിൽ ഇരുപത്തഞ്ചാം ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം മുഖായാമം നീക്കിച്ചതുരശ്രമാക്കിയിരിക്കുന്ന പറമ്പിൽ തെക്കുവടക്കും കിഴക്കുപടിഞ്ഞാറും പതിനെട്ടു വരി വീതം ഉണ്ടാകത്തക്കവണ്ണം വിഭാഗം ചെയ്തിട്ട പുറത്തുനിന്ന് അകത്തേക്ക് ഓരോ വരി പുറവും വരത്തക്കവണ്ണം, ഓരോ ഭാഗത്തും ഒമ്പതീതു വീഥികളെ കല്പിച്ചുകൊൾക. എന്നാൽ, എല്ലാറ്റിന്റേയും മധ്യത്തിൽ ബ്രഹ്മശങ്കുവിനു പുറവും ഒരു വീഥിയും അതിനു പുറമെ ഓരോ പുറമായി എട്ടുവീഥികളും ഉണ്ടാകും. ഈ വീഥികൾക്ക് ഓരോന്നിനും ഓരോ അധിദേവതമാരുണ്ട്. അവയെപ്പറയാം. എല്ലാറ്റിലും പുറത്തെ പുറമായ വീഥിയുടെ ദേവത പിശാചഗണമാകുന്നു. അതിനാൽ ആ വീഥിക്കു പിശാചവീഥിയെന്നു പേർ. അതിനകത്തെ വീഥി ദേവന്മാരുടെയാകയാൽ അതു ദേവവീഥിയാകുന്നു. അതിന് അകത്തെയു വൈശ്രവണന്റെയാകയാൽ ധനേശവീഥിയെന്നു പേർ. ഇങ്ങനെ യമവീഥി, നാഗവീഥി, ജലവീഥി, അഗ്നിവീഥി, ഗണേശവീഥി, ബ്രഹ്മവീഥി എന്ന ക്രമത്തിൽ പുറത്തുനിന്ന് അകത്തേയ്ക്ക് ഓരോ പുറമായിട്ട് ഒമ്പതു വീഥികളെ അറിഞ്ഞുകൊൾക. ഈ വീഥികളെ അതാതിന്റെ ദേവതയുടെ പര്യായങ്ങളെക്കൊണ്ടും പറയാറുണ്ട്. ഇവയിൽ പിശാചവീഥിയും നാഗവീഥിയും,

വീഥീവിന്യാസം



യമവീഥിയും, നാലു ദിക്കുകളിലും ഗൃഹങ്ങളുണ്ടാക്കുവാൻ കൊള്ളരുത്.

അവ—ഇനി അഞ്ചു ശ്ലോകങ്ങളെക്കൊണ്ടു വാസ്തുപദങ്ങളേയും അവയുടെ അധിഷ്ഠാനദേവതകളേയും പറയുന്നു.

മധ്യേ ഗണേശകമലാസനയോശ്ചവീഥ്യാ—
വേകീകരോത്തു ഗിരിശേ നിരൃതൌ ച ഖണ്ഡേ.
കൃത്വീത്ഥ വാസ്തുപദമേകമിഹ ത്രിഷൂക്തേ—
ഷ്വഷ്ടാങ്കദിക്കൃതിവിഭിന്നപദേഷ്വഭീഷ്ടം. 47

വ്യാ—പറമ്പിന്റെ നടുവിൽ ഈശഖണ്ഡത്തിലോ നിരൃതിഖണ്ഡത്തിലോ ബ്രഹ്മവീഥിയും ഗണേശ്വീഥിയും ഒന്നാക്കിച്ചമയ്ക്കണം. പിന്നെ എട്ട്, ഒമ്പതു, പത്തു്, എന്നീസ്സംഖ്യകളുടെ വർഗ്ഗമായ അറുപത്തുനാലു്, എൺപത്തൊന്നു്, ഒരുന്നൂറു് ഇവയിൽ ഏതെങ്കിലും ഇഷ്ടമായ മാതിരി പദങ്ങളെ ആപ്പറമ്പിൽ കല്പിക്കണം.

അവ—അവിടെ ഒരു ശ്ലോകംകൊണ്ടു നവവർഗ്ഗമായ എൺപത്തൊന്നു പദങ്ങളെ കല്പിക്കേണ്ടുന്ന പ്രകാരത്തെ പറയുന്നു.

ഏകാശീതിപദം പ്രകല്പ്യനവകം
മധ്യേടസ്യ ബാഹ്യാവൃതൌ
ഷഡ്കം ദിക്ഷു വിദിക്ഷു യുഗ്മയുഗളം
ദ്വൈദ്വൈകകശസ്ഥൽബഹിഃ
ചതുരിംശദ്ഥൈഷു പഞ്ചച വിരി—
ഞ്ചാദ്യാഃ പദേഷു സ്ഥിതാ
ബാഹ്യേടഷ്ടാവപശസ്ഥിതാസ്ത്രിസഹിതാഃ
പഞ്ചാശദേവം സുരാഃ 48

വ്യാ—പറമ്പിൽ കിഴക്കുപടിഞ്ഞാറും തെക്കുവടക്കും പത്തുപത്തു സൂത്രം വരച്ചു് എൺപത്തൊന്നു ഖണ്ഡങ്ങളുണ്ടാക്കിയാൽ നടുവിലെ ഒമ്പതു ഖണ്ഡങ്ങളും ഒന്നാക്കി അതു ബ്രഹ്മ

പദമെന്നു കല്പിക്കുക; അതിന്റെ പുറമേ ആ ബ്രഹ്മപദത്തിന്റെ നേരേ നാലുദിക്കുകളിലും ഇരണ്ടു വരികളിൽ മൂന്നായി ആറുഖണ്ഡങ്ങൾ കൂടിയതു് ഓരോ പദങ്ങളായി കല്പിക്കുക. അവിടെ കോണുകളിൽ നന്നാലു ഖണ്ഡങ്ങളുള്ളതിൽ ഇരണ്ടു ഖണ്ഡങ്ങൾ കൂടിയതു് ഓരോ പദങ്ങളായി ക്കല്പിക്കുക. എന്നാൽ, ബ്രഹ്മപദത്തോടുകൂടി പതിമൂന്നു പദങ്ങളായിവരും. പിന്നെ എല്ലാറ്റിനും പുറത്തെ വരിയിൽ മുപ്പത്തിരണ്ടു ഖണ്ഡങ്ങളുള്ളതു വെവ്വേറെ ഓരോ പദങ്ങളെന്നു കല്പിക്കുക.. അപ്പോൾ എല്ലാംകൂടി നാല്പത്തഞ്ചു പദങ്ങളായി ഭവിക്കും. അവയിൽ ബ്രഹ്മാവു മുതലായ ദേവതമാർ സ്ഥിതിചെയ്യുന്നു. ഇവയുടെ പുറമെ എട്ടു ദേവതമാർ പദങ്ങളിലല്ലാതെ എട്ടു ദിക്കുകളിലുമായിട്ടും സ്ഥിതിചെയ്യുന്നുണ്ടു്. ഇങ്ങനെ ഒരു വാസ്തുവിൽ ആകെ അമ്പത്തുമൂന്നു ദേവതമാർ ഉണ്ടായിരിക്കും.

അവ—ഇനി മൂന്നു ശ്ലോകങ്ങളെക്കൊണ്ടു പുറത്തെ വരിയിലെ പദങ്ങൾ മുതലായി അകത്തേക്കു ക്രമത്തിലെയുള്ള ദേവതമാരുടെ പേരുകളെ പറയുന്നു.

ഈശാദ്യം ബഹിരാവൃതിസ്ഥപദകേ—
ഷ്വീശാനപജ്ജന്യകാ—
വൈന്ദ്രീന്ദ്രേ രവിസത്യകേ ച ഭൃശഖ—
വ്യാടാംസ്ഥാ പൂഷ്ണം
ഭ്രയോ വൈ വിതഥം ഗൃഹക്ഷതയമേ
ഗന്ധർവ്വഭൃംഗേ മൃഗം
പിത്ര്യാഖ്യം പ്രതിഹാരപാലമപി സു—
ഗ്രീവം ക്രമാൽ കല്പയേൽ. 49

ഭ്രയഃ പുഷ്പാദിദന്തം വരുണമസുരശോ—
ഷാഖ്യരോഗേരനാഗാൻ
മുഖ്യം ഭല്ലാടമിന്ദ്രഗ്രളമദിതിദിതീ
ചേതി ബാഹ്യാവൃതേ സ്യുഃ

ഈശാദ്യാ പാപവത്സായ്യകസവിതൃകസാ-
വിത്രസംജ്ഞേഽ വിവസ്വാ-
നിന്ദ്രാഖ്യശ്ചേന്ദ്രജിന്മിത്രകശിവശിവജിൽ-
ഭൃഭൃതോടന്തർവ്വതെ സ്യുഃ 50

ബ്രഹ്മാ മധ്യപദേടഥ ശവ്വസഹിത-
സ്തന്തോടയ്യമാ ജ്യംഭകഃ
പ്രാഗാതെ പിലിപിഞ്ഛരകശ്ച പ്രകീ
ശാതെ വിഭാഢ്യാഹ്വയഃ
ഭൃയഃ പൂതനികാ ച പാപപദപൂ-
വ്വാ രാക്ഷസീ ബാഹ്യത-
ശ്ചൈതേടഷ്ടാവുപദസ്ഥിതാശ്ച പരിതോ
ദേവഗ്രഹാസ്തൽബ്ബഹിഃ. 51

വ്യാ—എല്ലാറ്റിലും പുറത്തെ വരിയിൽ ഈശകോണിലെ പദം തുടങ്ങി ക്രമത്താലെ ദേവതമാരുടെ പേരുകൾ:— 1. ഈശാനൻ. 2. പർജ്ജന്യൻ. 3. ഐന്ദ്രി. (ജയന്തൻ) 4. ഇന്ദ്രൻ. 5. രവി. 6. സത്യൻ. 7. ഭൃശൻ. 8. ഖൻ. (അന്തരീക്ഷൻ) 9. ഹവ്യാടൻ. (അഗ്നി) 10. പൂഷാവു്. 11. വിതഥൻ. 12. ഗൃഹക്ഷതൻ. 13. യമൻ. 14. ഗന്ധവ്വൻ. 15. ഭൃംഗൻ. 16. മൃഗൻ. 17. പിതൃക്കൾ. 18. പ്രതിഹാരപാലൻ. 19. സുഗ്രീവൻ. 20. പുഷ്പദന്തൻ. 21. വരുണൻ. 22. അസുരൻ. 23. ശോഷൻ. 24. രോഗൻ. 25. ഇരുതൻ. (വായു) 26. നാഗൻ. 27. മുഖ്യൻ. 28. ഭല്ലാടൻ. 29. ഇന്ദു. 30. അഗ്നികൾ. 31. അദിതി. 32. ദിതി. ഇങ്ങനെ മുപ്പത്തുരണ്ടാകുന്നു. ഇനി അതിനകത്തെ പദങ്ങളിൽ ഈശകോണു തുടങ്ങിയുള്ള പദങ്ങളിലെ ദേവതമാരുടെ പേരുകൾ:— 1. ആപൻ. 2. ആപവത്സൻ. 3. ആര്യ്യൻ. 4. സവിതാവു്. 5. സാവിത്രൻ. 6. വിവസ്വാൻ. 7. ഇന്ദ്രൻ. 8. ഇന്ദ്രജിത്തു്. 9. മിത്രൻ.

10. ശിവൻ. 11. ശിവജിത്തു്. 12. ഭട്ടത്തു്. (മഹീധരൻ) ഇങ്ങനെ പന്ത്രണ്ടാകുന്നു.

നടുവിലെ ഒമ്പതു ഖണ്ഡം കൂടിയ പദത്തിൽ ബ്രഹ്മാവു സ്ഥിതിചെയ്യുന്നു. പിന്നെ പദങ്ങളിലല്ലാതെ പുറമെ കിഴക്കു മുതലായ ദിക്കുകളിൽ ക്രമത്താലെ ശവ്വ്സ്ഥന്ദൻ, ആര്യ്യമാവു്, ജൃംഭകൻ, പിലിപിഞ്ഛകൻ, എന്നു നാലു ദേവതമാരും, ഈശകോണതുടങ്ങി നാലു കോണുകളിലും ക്രമേണ ചരകി, വിദാരീ, പൂതനികാ, പാപരാക്ഷസി, എന്നു നാലു ദേവതമാരും സ്ഥിതിചെയ്യുന്നുണ്ടു്. ഇങ്ങനെ പദങ്ങളിൽ നാല്പത്തഞ്ചും, പദങ്ങൾ കൂടാതെ ദിക്കുകളിലും കോണുകളിലുമായിട്ടു് എട്ടുംകൂടി അമ്പത്തുമൂന്നു ദേവതമാരാകുന്നു. ഇവരുടെ പുറമെ നാലു ഭാഗവും ദേവഗ്രഹങ്ങളുമുണ്ടു്.

അവ—ഇനിയൊരു ശ്ലോകംകൊണ്ടു വാസ്തുപുരുഷനെ പറയുന്നു.

ആസീൽ പുരാ സകലലോകഭയങ്കരോടയം
ശൂരോ ഭൃശം ഭുജബലാദതിഗർവ്വിതശ്ച.
ക്ഷോണീതലേ വിനിഹിതോ വിജിതഃ പ്രശാന്തോ
ദേവൈസ്സ വാസ്തുപുരുഷശ്ചതുരശ്രസംസ്ഥഃ 52

വ്യാ—പണ്ടു് എല്ലാ ലോകത്തിനും ഏറ്റവും ഭയങ്കരനും, കയ്യൂക്കുകൊണ്ടു ഗർവ്വിതനും, മഹാശൂരനും ആയ ഒരു അസുരനുണ്ടായി. ദേവകൾ അവനെ യുദ്ധത്തിൽ തോല്പിച്ചു ഭൂമിയിൽ വീഴ്ത്തി. അപ്പോൾ അവൻ പ്രശാന്തനായിട്ടു ചതുരശ്രസ്ഥിതനായ വാസ്തുപുരുഷനായി ഭവിച്ചു.

അവ—ഇനിയൊരു ശ്ലോകംകൊണ്ടു് ആ വാസ്തുപുരുഷന്റെ കിടപ്പു് ഏതു പ്രകാരമെന്നു പറയുന്നു.

ദേവതാസ്ഥിതി

കിഴക്ക്

ഈശാന	പർജ്ജന്യ	ജയന്ത	ഇന്ദ്ര	സൂര്യ	സത്യ	ഭൃശ	അന്തരിക്ഷ	അഗ്നി
ദിതി	ആപവ		ആര്യകൻ			സവിതൃ		പൃഷാവു്
അദിതി	ആപവത്സ					സാവിത്ര		വിതഥ
അഗ്നി	മഹീധരൻ		ബ്രഹ്മാ			വിവസ്വാൻ		ഗൃഹക്ഷത
സോമ								യമ
ഭല്ലാട								ഗന്ധർവ്വ
മുഖ്യ	ശിവജി		മിത്രൻ			ഇന്ദ്രൻ		ഭൃംഗ
നാഗ	ശിവൻ					ഇന്ദ്രജിത്ത്		മൃഗ
വായു	രോഗ	ശോഷ	അസുര	വരുണ	പുഷ്പദന്ത	സുഗ്രീവ	ദൗവാസ്ഥ	പിതൃ

(81 – പേജിൽ)

ഈശേ തസ്യ ശിരസ്ഥം വിനിഹിതം
പാദേ നിരൃത്യാം സ്ഥിതേ
വായൌ യത്ര ഹുതാശനേ ച ഭുജയോഃ
സംസ്ഥാപിതേ കോപ്പരേ.
ക്ഷിപ്തം വക്ഷസി ഹസ്തയോസ്തലമിതി
ക്ഷോണ്യാം ശയാനസ്യ ത-
സ്യാംഗേഷ്വത്ര യ ദേവതാ അപി വസ-
ന്ത്യാസാം സ്ഥിതിവക്ഷ്യതേ. 53

വ്യാ—അവന്റെ തല ഈശാനകോണിലും, കാല് കഠം രണ്ടും നിരൃതികോണിലും, വലത്തെ കയ്യിന്റെ മുട്ട് വായുകോണിലും, ഇടത്തെ കയ്യിന്റെ മുട്ട് അഗ്നികോണിലും, രണ്ടു കൈപ്പടങ്ങളും മാറത്തും ആയിട്ട് ഭൂമിയിൽ (മലന്ന്) കിടക്കുന്ന ആ വാസ്തുപുരുഷന്റെ അംഗങ്ങളിൽ മുമ്പേ പറഞ്ഞ വാസ്തുദേവതമാർ സ്ഥിതിചെയ്യുന്നു. അവരുടെ സ്ഥിതിയേയും പറയാം.

അവ—വാസ്തുപുരുഷാംഗസ്ഥിതന്മാരായ ദേവന്മാരുടെ അവയവസ്ഥിതിനിയമത്തെപ്പറയുന്നു.

മൂർദ്ധ്നീശോട്ടസ്യ സംസ്ഥിതോ നയനയോഃ
പർജ്ജന്യകാഖ്യോദിതി-
ശ്ചാപസ്ഥടഭനേ തഥാ ഗളതലേ
തസ്യാപവത്സാഹ്വയഃ
വാമശ്രോത്രഗതോ ജയന്ത ഇതര-
ത്രാസ്യാദിതിസ്സംസ്ഥിതാ
വാമാംസേ സ്ഥിതവാനമർത്യ പൃതിര
ത്രാപ്സേട്ഗ്ലോ ദക്ഷിണേ. 54

അക്കാദയോ വാമഭുജസ്ഥിതാസ്സ്യു-
ശ്ചന്ദ്രാദയോ ദക്ഷിണഹസ്തഗാശ്ച
വാമപ്രകോഷ്ഠേ സവിതാ ച സാവി-
ത്രോന്യത്ര രുദ്രശ്ശിവജിൽ പ്രകോഷ്ഠേ. 55

മഹീധരായ്യേ കപയോർവ്വിവസ്വാൻ
മിത്രശ്ച കക്ഷ്യേ ദ്രഹിണോഽഥ നാഭ്യേ
ഇന്ദ്രോഽസ്യമേദ്ധ്യേ ണ്ഡയുഗേത്ര തജ്ജിൽ
പാദേപയേ തസ്യ പരേ നിവിഷ്ടാഃ 56

വ്യാ—ഈ വാസ്തുപുരുഷന്റെ ശിരസ്സിൽ ഈശനും, വലത്തെക്കണ്ണിൽ പജ്ജന്യനും, വലത്തെക്കണ്ണിൽ ദിതിയും, വായിൽ ആപവനും, കഴുത്തിൽ ആപവത്സനും, വലത്തെ ചെവിയിൽ ജയന്തനും, മറേറതിൽ അദിതിയും, വലത്തെ തോളിൽ ഇന്ദ്രനും, വലത്തെ മുമലിൽ അഗ്നിയും സ്ഥിതിചെയ്യുന്നു.

ഇടത്തേക്കയ്യിന്മേൽ അക്കാദികളും വലത്തേക്കയ്യിന്മേൽ പന്ത്രാദികളും, ഇടത്തേക്കയ്യിന്റെ പ്രകോഷ്ഠത്തിൽ സവിതാവും സാവിത്രനും, വലത്തേക്കയ്യിന്റെ പ്രകോഷ്ഠത്തിൽ രുദ്രനും ശിവജിത്തും സ്ഥിതിചെയ്യുന്നു.

ഇടത്തെ മുലയിൽ മഹീധരനും വലത്തെ മുലയിൽ ആര്യനും, വയറിന്റെ ഇടത്തുഭാഗത്തു വിവസ്വാനും, വലത്തുഭാഗത്തു മിത്രനും, പൊക്കിളിൽ ബ്രഹ്മാവും, ലിംഗത്തിൽ ഇന്ദ്രനും, അണ്ഡയുഗത്തിൽ ഇന്ദ്രജിത്തും, രണ്ടു കാലിന്മേലും മറവള്ള ദേവതമാരും, സ്ഥിതിചെയ്യുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു് ആ ദേവതമാരെ പൂജിക്കേണ്ടതാണെന്നു പറയുന്നു.

താ ദേവതാ വാസ്തുശരീരസംസ്ഥാഃ
സന്തപ്പിതാസ്തുഷ്ടഫലപ്രദാസ്യുഃ
താശ്ചേദനിഷ്ടാ വിപരീതദാസ്യു-
സ്തസ്മാദിദ്ധ്യാദിഹ വാസ്തുയാഗം. 57

വ്യാ—ഇങ്ങനെ വാസ്തുപുരുഷന്റെ ശരീരത്തിൽ സ്ഥിതിചെയ്യുന്ന ആ ദേവതമാർ സന്തോഷിച്ചാൽ ഇഷ്ട

ഫലങ്ങളെ ദാനംചെയ്യും. കോപിച്ചാൽ ആപത്തിനേയും ഉണ്ടാക്കും. അതുകൊണ്ടു ഗൃഹനിർമ്മാണകാര്യത്തിൽ വാസ്തുയാഗം ചെയ്തു് അവരെ പ്രസാദിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു വാസ്തുമണ്ഡലത്തെ പറയുന്നു.

നാഡ്യഃപ്രാഗുദഗഗ്രഗാദശദശൈ-
കാശീതി കോഷ്ഠേ ശിവാ-
ഗ്ന്യഗ്രാഃപഞ്ചപൃഥങ്നവോർദ്ധിഗുണകോ-
ഷ്ഠസ്ഥാസ്ഥാ രജ്ജവഃ
മർമ്മാണ്യഷ്ടരസാശ്രഗാബ്ധിഗുണസം-
ഖ്യാനൈരകോഷ്ഠസ്ഥിതൈഃ
സൂത്രൈരേവ്വോഗസമുത്ഭവാദിതി ശതം
വജ്ജ്യാനി കുഡ്യാദിഷു. 58

വ്യാ — പുര പണിചെയ്യാൻ നിശ്ചയിച്ചിരിക്കുന്ന പറമ്പിൽ പടിഞ്ഞാറുമൂലവും കിഴക്കു് അഗ്രവുമായിട്ടും, തെക്കുമൂലവും വടക്കു് അഗ്രവുമായിട്ടും, പതിപ്പുള്ള സൂത്രങ്ങളെ കല്പിക്കുക. അവയ്ക്കു 'നാഡികം' എന്നു പേർ. പിന്നെ നിരൃതിയിൽ മൂലവും ഈശാനത്തിൽ അഗ്രവുമായിട്ടും, വായുവിൽ മൂലവും അഗ്നിയിൽ അഗ്രവുമായിട്ടും അഞ്ചു സൂത്രങ്ങളെ കല്പിക്കുക. അവയ്ക്കു 'രജ്ജുകം' എന്നു പേർ. ഈ രജ്ജുക്കം മൂന്നും, ആറും, ഒമ്പതും കോഷ്ഠങ്ങളിൽ കണ്ണാമാറ്റിണ സ്ഥിതിചെയ്യുന്നവയായിരിക്കണം. ഈ നാഡീസൂത്രങ്ങളും രജ്ജുസൂത്രങ്ങളും തങ്ങളിൽ ചേരുന്ന സ്ഥാനങ്ങൾക്കു 'മർമ്മങ്ങൾ' എന്നു പേർ. ഈ മർമ്മങ്ങളിൽ ഗൃഹങ്ങളുടെ തൂണു ഭിത്തി മുതലായവ ഒന്നും തട്ടരുതു്. ഇവയിൽ ബ്രഹ്മപദത്തിന്റെ നാലുകോണുകളിലുമായിട്ടു് എട്ടെട്ടു സൂത്രങ്ങൾ കൂടുന്നതായി. നാലു മർമ്മങ്ങൾ ഉള്ളവയ്ക്കു മഹാമർമ്മങ്ങളെന്നു പേർ. ഇനി ആറാവു സൂത്രങ്ങൾ കൂടുന്നതായി

മുപ്പത്താറും അയ്യഞ്ചു കൂടുന്നതായി എട്ടും, നന്നാലു കൂടുന്നതായിഇരുപത്തിനാലും, മുന്നൂറു കൂടുന്നതായി ഇരുപത്തി എട്ടും ഇങ്ങനെ ആകെ ഒരുന്നൂറു മർമ്മങ്ങൾ ഉണ്ട്. ഇവയെല്ലാം ഭിത്ത്യാടികളിൽ വജ്ജ്യങ്ങളാകുന്നു. കോഷ്ഠങ്ങളുടെ മദ്ധ്യത്തിൽ രജ്ജുക്കൾ തങ്ങളിൽ കൂടുന്ന സ്ഥാനങ്ങൾ മർമ്മങ്ങളല്ല അവയെ വജ്ജിക്കയും വേണ്ടാ.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു മർമ്മവേധത്തെ ഒഴിക്കാനുള്ള പ്രകാരത്തെയും, മർമ്മവേധം സംഭവിച്ചാൽ അതിനുള്ള പരിഹാരത്തെയും പറയുന്നു.

പ്രാഗ്വാടകൂപടഭാസ്ഥരാംശുലമാ-
ത്രം മർമ്മസൂത്രസ്ഥിതേ-
ന്നീതപാ വിന്യസനാന്നമർമ്മപരിപീ-
ഡാസ്തംഭകൂഡ്യാടിഷു
വാസ്തുന്യത്ര നിപീഡിതേ മഹിഷസിം-
ഹാനേകപാനാം ശിരോ
ഹൈമം കുമ്ഭവരാഹയോശ്ച നിഖനേ-
ത്തച്ഛാന്തയേ ശാന്തികൃൽ. 59

വ്യാ—ഗൃഹങ്ങളുടെ തൂണ ഭിത്തി മുതലായവയെ ഉണ്ടാക്കുമ്പോൾ മർമ്മസ്ഥാനത്തുനിന്നു്, ഒരു പടത്തെ പന്ത്രണ്ടാക്കി ഭാഗിച്ചു ഒരു ഭാഗത്തിൽ പകുതി കിഴക്കോട്ടോ വടക്കോട്ടോ നീക്കി അവിടെ വച്ചാൽ അവയിൽ മർമ്മവേധം വരികയില്ല. ഇങ്ങനെ നീക്കിവയ്ക്കാതെ മർമ്മവേധം സംഭവിച്ചുപോയാൽ ആ ദോഷശാന്തിക്കായി പോത്തു്, സിംഹം, ആന, ആമ, പന്നി ഇവയുടെ തലകളെ സ്വർണ്ണംകൊണ്ടു് ഉണ്ടാക്കി ശാന്തിഹോമം മുതലായ കർമ്മങ്ങളെ ചെയ്യാൻ യോഗ്യനായ തന്ത്രി, വിധിപോലെ അവയെ പൂജിച്ചു ശിലാലോഹാദികളെക്കൊണ്ടുള്ള പാത്രങ്ങളിലാക്കി ഗൃഹത്തിന്റെ മദ്ധ്യത്തിൽ കുഴിച്ചു സ്ഥാപിക്കണം.

(6) (ക)

മാതൃക


വിഷം
വിഷം
വിഷം



(ก) ตารางแสดงการเคลื่อนที่ของลูกตุ้ม

സപ്തന്തത്തിന്റെ തുക്കം, ''പലേന വാ തദ്ധേന തദ്ധാ ദ്ധേന വാ'' എന്ന പ്രായശ്ചിത്തഗ്രന്ഥങ്ങളിലെ വിധിയനുസരിച്ചു ഗൃഹനാഥന്റെ ശക്തിപോലെ നിശ്ചയിക്കാവുന്നതാണ്.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു യോന്യാദികളെ അറിവാനുള്ള പ്രകാരങ്ങളെ പറയുന്നു.

ഇഷ്ടാതാനവിതാനമാനനിചയേ
ത്രിഘ്നേഷ്ടഭിർഭാജിതേ
ശേഷോ യോനി,രിഹ വ്യയോമുനിയുജാട
ഥായോടഷ്ടനിഘ്നേടരുണൈഃ
ഋക്ഷൈരൃക്ഷ, മവാപ്തിരത്രയുഗ വയോ
ജ്ഞേയം, തിഥിസ്ത്രിംശതാ,
വാരാഭ്രമിധരൈർന്നിധിപ്രഹൃണിതേ
ധർമ്മാഹതേ വാ വ്യയഃ 60

(തന്ത്രസമുച്ചയം)

വ്യാ—ഇഷ്ടങ്ങളായ ദീർഘവിസ്താരങ്ങളെ കൂട്ടി ഉണ്ടായ ചുറ്റിനെ മൂന്നിൽ പെരുക്കി എട്ടിൽ ഹരിച്ചാൽ ശേഷിച്ചതു യോനിയാകുന്നു. ആ പെരുക്കത്തെതന്നെ പതിനാലിൽ ഹരിച്ചാൽ ശേഷിച്ചതു വ്യയം. ചുറ്റിനെ എട്ടിൽ പെരുക്കി പന്ത്രണ്ടിൽ ഹരിച്ചാൽ ശേഷിച്ചതു ആയം. ആ പെരുക്കത്തെതന്നെ ഇരുപത്തേഴിൽ ഹരിച്ചശേഷം നക്ഷത്രം. അവിടെ കിട്ടിയ ഹരണഫലം വയസ്സു്. എട്ടിൽ പെരുക്കിയതിനെ മുപ്പതിൽ ഹരിച്ച ശേഷം തിഥി; ഏഴിൽ ഹരിച്ചശേഷം ആഴ്ച. ചുറ്റിനെ ഒമ്പതിൽ പെരുക്കി പത്തിൽ ഹരിച്ചശേഷം വ്യയം എന്നും പക്ഷാന്തരമുണ്ടു്.

അവ—ഇനി ഒരു പദ്യംകൊണ്ടു യോനികളുടെ പേരുകളെ പറയുന്നു.

ധ്വജധൂമസിംഹകുക്കുര—
വൃഷഖരഗജവായസാഃ ക്രമേണസ്യുഃ
പ്രാഗാദിയോനയോഽഷ്ടൗ
തേഷ്വയുജസ്സംപദേ യുജോ വിപദേ 91
(ത. സ.)

വ്യാ—ധ്വജം, ധൂമം, സിംഹം, കുക്കുരം, (ശ്വാവ്) വൃഷം, ഖരം, ഗജം, വായസം, (കാക്ക) ഇവ ക്രമത്താലെ കിഴക്കാദിയായി എട്ട ദിക്കിലേക്കും ഉള്ള യോനികളാകുന്നു. ഇവയിൽ ഒറ്റപ്പെട്ടവയായ ധ്വജം, സിംഹം, വൃഷം, ഗജം ഇവ ശുഭത്തിനായിക്കൊണ്ടും ഇരട്ടപ്പെട്ടവയായ മറ്റുള്ളവ അശുഭത്തിനായിക്കൊണ്ടും ഭവിക്കുന്നു. അതിനാൽ ധ്വജാദികളായ ഒറ്റപ്പെട്ട യോനികൾ കൊള്ളാം. മറ്റേവ കൊള്ളരുത് എന്നു സാരം.

അവ—ഇനി ആയവ്യയാദികളുടെ ഗുണദോഷങ്ങളെ അറിയേണ്ടും പ്രകാരങ്ങളെ രണ്ടു പദ്യങ്ങളെക്കൊണ്ടു പറയുന്നു.

ആയാധിക്യം വ്യയതഃ
സമ്പാദ്യം സർവ്വഥാന്യഥാപത്തിഃ
നക്ഷത്രാദിശുഭതഃ
ജ്യോതിശ്ശാസ്ത്രാദിഭിസ്സുവിജ്ഞേയം. 62
(ക. സ.)

വ്യാ—ഗൃഹാദികളുടെ പുറപ്പാടുകൾക്കെല്ലാം വ്യയത്തേക്കാൾ ആയം ഏറിയിരിക്കണം. അല്ലെങ്കിൽ പല പ്രകാരത്തിൽ ആപത്തു സംഭവിക്കും. നക്ഷത്രാദികളുടെ ശുഭാശുഭഫലങ്ങളെ ജ്യോതിശ്ശാസ്ത്രംകൊണ്ടു് അറിയേണ്ടതാകുന്നു. "സർവ്വശാസ്ത്രനിപുണോ ജിതേന്ദ്രിയഃ" എന്ന ശ്ലോകംകൊണ്ടു ജ്യോതിശ്ശാസ്ത്രാദികളുടെ ജ്ഞാനം സ്ഥപതിക്കുണ്ടായിരിക്കണമെന്നു മുമ്പേതന്നെ പറഞ്ഞിട്ടുണ്ടല്ലൊ.

ബാലതാം കൌമാരം
യൌവനമഥ വാർദ്ധകം ച നിധനംച
പഞ്ച വയാംസ്യാഹുഷ്പന്ത്യം
നേഷ്ടം, ശിഷ്ടാനി വാസ്തുനീഷ്ടാനി. 63
(ത. സ.)

വ്യാ—ബാലതാം, കൌമാരം, യൌവനം, വാർദ്ധകം, നിധനം (മരണം) ഇങ്ങനെ വയസ്സ് അഞ്ചുപ്രകാരത്തിലാകുന്നു. ഇവയിൽ അന്ത്യമായ വയസ്സു (മരണം) വാസ്തുവിഷയത്തിൽ കൊള്ളരുതു്. മറ്റുള്ളവ താരതമ്യംപോലെ കൊള്ളാം.

അവ—മുൻപറഞ്ഞ യോനികളുടെ ഗ്രണദോഷങ്ങളെ നോക്കി ഗ്രഹിക്കേണ്ടതാണെന്നു സിദ്ധാന്തരൂപത്തിൽ ഒരു ശ്ലോകംകൊണ്ടു പറയുന്നു.

ഗ്രാഹ്യാ വേശ്മസ്വവശ്യം നിജനിജവിഹിതാ
യോനിരേഷാം ഗൃഹാണാം
പ്രാണാ യേ ചാപി, യേഷ്വന്തിമമപി ച വയോ
വജ്ജയേന്മൃത്യുകാരീ,
ശിഷ്ടേഷ്വാദ്യാന്തിമേ ദ്വേ ടധമ ഇഹ കഥിതേ
മോത്തമേ ദ്വേ തഥാന്യേ
വിഷ്ടിഃ കഷ്ടാ ഹി രിക്താ അപി മുനിഭിരതോ
നേഷ്യതേ ഽഷ്ടയോഗഃ. 64

വ്യാ—(ഈ ശ്ലോകം അനവയമുഖേന വ്യാഖ്യാനിക്കേണ്ടതാകയാൽ അങ്ങനെ ചെയ്യുന്നു.) വേശ്മസു-നിജനിജവിഹിതം-യോനിഃ-അവശ്യം-ഗ്രാഹ്യാ (ഭവതി) =ഗൃഹങ്ങളിൽ അതതിനു വിധിക്കപ്പെട്ടിരിക്കുന്ന യോനി നിശ്ചയമായും ഗ്രഹിക്കപ്പെടേണ്ടതാകുന്നു. ഏഷാം-ഗൃഹാണാം-യേ-ച-പ്രാണാഃ-(ഭവന്തി)=ഈ ഗൃഹങ്ങൾക്കു് അവ പ്രാണങ്ങൾ (ജീവൻ) ആയിട്ടു ഭവിക്കുന്നു. യേഷു-(സത്സു) അപി-അന്തിമം-വയഃ-അപി-ച-വജ്ജയേൽ=യാവച്ചിലവ

(വിഹിതയോനികം) ഉള്ളപ്പോഴും ഒടുക്കത്തേതായ വയസ്സിനേയും വജ്ജിക്കണം. (യൽ) മൃത്യുകാരി— (ഭവതി)= യാതൊന്നു മൃത്യുവിനെ ചെയ്യുന്നതാകുന്നു. ശിഷ്ടേഷു—ആദ്യോന്തിമേ—ദ്വേ— (വയസീ) ഇഹ—മുനിഭിഃ—അധമേ—കഥിതേ (ഭവതഃ) =ശേഷമുള്ളവയിൽ ആദ്യത്തേയും ഒടുവിലത്തേയും രണ്ടു വയസ്സുകളും ഇവിടെ (ഗൃഹനിർമ്മാണത്തിൽ) മുനികളാൽ അധമങ്ങളായിട്ടു പറയപ്പെട്ടിരിക്കുന്നു; തഥാ—അന്യേ— ദ്വേ— ഉത്തമേ— കഥിതേ=അപ്രകാരം മറവുള്ളവ രണ്ടും ഉത്തമങ്ങളായിട്ടു പറയപ്പെട്ടിരിക്കുന്നു; ഋി—വിഷ്ടിഃ—രിക്താ—അപി—കഷ്ടാ= യാതൊന്നുകൊ ണ്ടുവായിട്ടു വിഷ്ടിയും രിക്തയും കഷ്ടയായിട്ടു ഭവിക്കുന്നു; അതഃ—ഭദ്രയോഗഃ—ന—ഇഷ്യതേ=അതുകൊണ്ടുവായിട്ടു ഭദ്രാ യോഗം—ഇച്ഛിക്കപ്പെടുന്നില്ല.

സാരം—യോനികം ഗ്രഹങ്ങളുടെ ജീവനാകുന്നു. അതിനാൽ എല്ലാ ഗ്രഹങ്ങളിലും അതതിനു വിധിച്ച യോനികളെ കല്പിച്ചുകൊള്ളുന്നു. സ്വസ്വയോനികളുണ്ടായിരുന്നാലും ബാല്യാദികളായ വയസ്സുകളിൽവച്ചു് ഒടുക്കത്തേതായ വയസ്സു് കൊള്ളരുതു്. അതു മരണത്തെ ഉണ്ടാക്കും. ശേഷമുള്ള വയസ്സുകളിൽവച്ചു ആദ്യത്തേതായ ബാല്യവും, ഒടുവിലത്തേതായ വാർദ്ധക്യവും അധമങ്ങളാകുന്നു. കൌമാരവും യൌവനവും ഉത്തമങ്ങളാകുന്നു. വിഷ്ടിയും രിക്തയും, ഭദ്രയോഗം മൃത്യുയോഗം മുതലായ ദുഷ്ടയോഗങ്ങളും വജ്ജ്യങ്ങളാകുന്നു. ഈ വിധി ഉപലക്ഷണമാകുന്നു. അതിനാൽ ഗണ്ഡാന്തം, ഉഷ്ണം, വിഷം, സ്ഥിരകരണം, ഏഴു കാഴ്ചകൾ, യോഗിനി മുതലായി ജ്യോതിശ്ശാസ്ത്രോക്തങ്ങളായ മറവുള്ള ദോഷങ്ങളും വജ്ജ്യങ്ങളാകുന്നു.

അവ—ഇനി പതിനൊന്നു ശ്ലോകങ്ങളെക്കൊണ്ടു മേൽ പറഞ്ഞ യോന്യാദികളെ കല്പിക്കുന്നതിൽ പൂർവ്വാചാര്യന്മാ

രുടെ മതാന്തരങ്ങളെ സംവാദത്തിനായിക്കൊണ്ടു പക്ഷാന്തരത്രയേണ നിർദ്ദേശിക്കുന്നു.

ദീർഘ്ല സ്വവിസ്താരഹതേഷ്ടഭിശ്ച
ഭക്തേ തു യോനിഃ പരിശിഷ്യതേഽത്ര
തഥാ പ്രകല്പ്യേത സുധീഭിരുച്ചൈ-
ർവ്വിചാര്യ പൂർവ്വം ഗ്രഹതാരദീർഘ്ലം. 65

വ്യാ—ദീർഘ്ലത്തെ വിസ്താരംകൊണ്ടു പെരുക്കി എട്ടിൽ ഹരിച്ചാൽ ശേഷിച്ചതു യോനിയാകുന്നു. അതു് എതൊരു പ്രകാരമായാൽ ഇഷ്ടയോനിയായിട്ടുവരുമോ ആ പ്രകാരം ഗ്രഹങ്ങൾക്കു ദീർഘ്ല വിസ്താരങ്ങളെ മുൻകൂട്ടി ആലോചിച്ചു ബുദ്ധിമാന്മാർ കല്പിച്ചുകൊള്ളണം.

വിഭ്യാൽ ക്ഷേത്രഫലം വിതാനനിഹതാ-
യാമം, തദിഷ്ടാഹതേ
നക്ഷത്രേണ ഹൃതേ ഫലം തദിഹ വയഃ,
ശേഷാശ്ച താരാ സ്മൃതാഃ
നക്ഷത്രം പുനരഷ്ടഭിർവ്വിഭജിതേ
ശിഷ്ടോവ്യയോഽത്ര വ്യയൈ-
ർയ്യുക്തേ ക്ഷേത്രഫലേ നൃപൈർവ്വിഭജിതേ
ശിഷ്ടാ ധ്രുവാദ്യാഃ ക്രമാൽ. 66

വ്യാ—വിസ്താരംകൊണ്ടു പെരുക്കിയ ദീർഘ്ലത്തെ ക്ഷേത്രഫലമെന്നു് അറിയണം. ആ ക്ഷേത്രഫലത്തെ എട്ടിൽ ഗുണിച്ചു് ഇരുപത്തേഴിൽ ഹരിച്ച ഫലം വയസ്സാകുന്നു. അവിടെ ശേഷിച്ച സംഖ്യ നക്ഷത്രമാകുന്നു. പിന്നെ ഈ നക്ഷത്രസംഖ്യയെ എട്ടിൽ ഹരിച്ച ശിഷ്ടമുള്ളതു വ്യയമാകുന്നു. ഈ വ്യയത്തെ മുൻപറഞ്ഞ ക്ഷേത്രഫലത്തിൽ കൂട്ടി, അതിനെ പതിനാറിൽ ഹരിച്ചാൽ ശേഷിക്കുന്നതു ധ്രുവാദിയോഗങ്ങളാകുന്നു. ധ്രുവാദികളുടെ പേരുകളേയും, അതിൽത്തന്നെ രണ്ടു പക്ഷാന്തരങ്ങളേയും താഴെ പറയുന്നു.

ധ്രുവം ച ധാന്യം ച ജയം ച താന്തം
ഖരം ച കാന്തം ച മനോരമം ച
സുവക്ത്രസൌമുഖ്യമസൌമ്യഭാവം
വിരുദ്ധവിത്തപ്രഭവക്ഷയാശ്ച. 67

ആക്രന്ദസംവൃദ്ധിജയം ച സംജ്ഞാ-
സ്തുല്യം ച തേഷാം ഫലമത്ര വിദ്യാൽ
ഛിന്നേ ച നാഹേ നൃപഭാജിതേ വാ
ത്രിഘ്നേ നൃപാപ്തേടപി തഥാ ധ്രുവാദ്യാഃ. 68

വ്യാ—ധ്രുവം- ധാന്യം- ജയം- താന്തം- ഖരം- കാന്തം—മനോരമം—സുവക്ത്രം—സൌമുഖ്യം—അസൌമ്യഭാവം—വിരുദ്ധം—വിത്തം—പ്രഭവം—ക്ഷയം—ആക്രന്ദം—സംവൃദ്ധി—ജയം—ഇങ്ങിനെ ധ്രുവാദികളായ പതിനാറ യോഗങ്ങളാകുന്നു. അവയ്ക്ക്, അതതിന്റെ പേരിനു് അനുസരിച്ചുള്ള ഫലങ്ങളാണെന്നു് അറിഞ്ഞുകൊള്ളണം. ഗ്രഹങ്ങളുടെ ചുറ്റിനെ രണ്ടിലും മൂന്നിലും പെരുക്കി പതിനാറിൽ ഹരിച്ചാൽ, ശേഷിച്ചു വരുന്ന സംഖ്യകൊണ്ടും ധ്രുവാദികളാണെന്നും പക്ഷാന്തരമുണ്ടു്.

ത്രിധാ വ്യയഃ പൂർവ്വമയം സമുക്ത-
സ്തഥാ ഭുജംഗാഭിഹതേ തു നാഹേ
സ്വപേന്ദ്രഭക്തേ ച ദിശാഹൃതേ വാ
ശേഷോ വ്യയസ്സ്യാദിതി പഞ്ചധാതഃ. 69

വ്യാ—മുമ്പിൽ "ഇഷ്ടാതാന" എന്നാദിയായ ശ്ലോകത്തിൽ രണ്ടു പ്രകാരവും, "വിദ്യാക്ഷേത്രഫലം" എന്നാദിയായ ശ്ലോകത്തിൽ 'നക്ഷത്രേപുനരഷ്ടഭിർവ്വിഭജിതേ ശിഷ്ടോവ്യയഃ' എന്ന ഭാഗംകൊണ്ടു് ഒരു പ്രകാരവും ഇങ്ങനെ മൂന്നുപ്രകാരം വ്യയം പറയപ്പെട്ടിട്ടുണ്ടല്ലൊ. പിന്നെ ഗ്രഹത്തിന്റെ ചുറ്റിനെ എട്ടിൽ പെരുക്കി പതിനാറിൽ

ഛരിച്ചാലും, പത്തിൽ ഛരിച്ചാലും ശേഷിക്കുന്നതു് വ്യയമാകുന്നു. ഇങ്ങനെ വ്യയം അഞ്ചുപ്രകാരമാകുന്നു.

നാഛേ സപ്തൃംശയുക്തേ ദ്വിഗുണഇനഹൃതേ
ശേഷമായശ്ചതുർഘ്നേ
നാഛേ ശിഷ്ടശ്രുതാഘ്നേ വയ ഇഹ തു ഭവേ-
ദ്വിംശതിർബാലതാതഃ
കൌമാരം വിംശതിസ്ത്വൈവനമപി ച തതോ
ലക്ഷ്യമേവം ക്രമാത്സ്യാ-
ന്നന്ദഘ്നേ തിഥ്യവാപ്തേ തിഥിരപി ച തഥാ
കേവലേ വാപി നാഛേ. 70

വ്യാ—ഗുഛത്തിന്റെ ചുവരിൽ അതിന്റെ മൂന്നിലൊന്നുകൂടി കൂട്ടി ഇരട്ടിച്ചു് അതിനെ, പന്ത്രണ്ടിൽ ഛരിച്ചാൽ ശേഷിച്ചതു് ആയം. ചുവരിനെ നാലിൽ പെരുക്കി ന്നാറിൽ ഛരിച്ചാൽ ശേഷിച്ചതു് വയസ്സു്. ഇതിൽ ഇരുപതോളം ബാല്യം. പിന്നെ ഇരുപതു കൌമാരം. പിന്നെ ഇരുപതു യൌവനം. ഈക്രമത്തിൽ വാർദ്ധക്യവും മരണവും കണ്ടുകൊൾക. ചുവരിനെ ഒമ്പതിൽ പെരുക്കി പതിനഞ്ചിൽ ഛരിച്ചാലും, കേവലം ചുവരിനെത്തന്നെ പതിനഞ്ചിൽ ഛരിച്ചാലും ശേഷിക്കുന്നതു തിഥിയാകുന്നു.

നാഛോദ്ഭിന്നിഘ്നേ രവിഭാജിതേ സ്യാ-
ന്മേഷാദയോ നന്ദഹൃതേംശകാസ്ത്രയഃ
തദ്വദ്വസുഘ്നേ രവിഭാജിതേത്ര
മേഷാദയശ്ചോത്ര്യപരേ വദന്തി. 71

വ്യാ—ചുവരിനെ നാലിൽ പെരുക്കി പന്ത്രണ്ടിൽ ഛരിച്ചാൽ ശേഷിച്ചതു മേഷാദിരാശികളായി ഭവിക്കും. ആ പെരുക്കത്തെ ഒമ്പതിൽ ഛരിച്ചാൽ ശേഷിച്ചതു് അംശകങ്ങളാകുന്നു. അവ്വണ്ണംതന്നെ ചുവരിനെ എട്ടിൽ പെരുക്കി

പന്ത്രണ്ടിൽ ഹരിച്ചാൽ ശേഷിച്ചതു മേഷാദിരാശികളെന്നു മറെ ചിലർ പറയുന്നു.

നാഗൈഃ ക്ഷേത്രഫലേ ഹതേ വിഭജിതേ
താരാഗണൈസ്സ്യാദ്വയോ-
വാപ്തിശ്ശിഷ്ടമിഹർക്ഷ,മക്ഷിനിഹതേ
നാഹേടഥവാ കേവലേ
വാമഃ പർവ്വതഭാജിതേ ഥ പരിണാ-
ഹേടങ്കാഹതേ ചാഥ വാ
ത്രിഘ്നേ വേദവിഭാജിതേ ദ്വിജമുഖാ
വർണ്ണാസ്തു ശിഷ്ടാ സ്മൃതാഃ. 72

വ്യാ—ക്ഷേത്രഫലത്തെ എട്ടിൽ പെരുക്കി ഇരുപത്തേഴിൽ ഹരിച്ചാൽ കിട്ടുന്ന ഫലം വയസ്സു്; ഹരിച്ച ശേഷിച്ചതു നക്ഷത്രം. പിന്നെ മുറിനെ രണ്ടിൽ പെരുക്കിയോ പെരുക്കാതെതന്നെയോ എഴുകൊണ്ടു ഹരിച്ച ശിഷ്ടം ആഴ്ചയാകുന്നു. പിന്നെ മുറിനെ ഒമ്പതിൽ പെരുക്കി നാലിൽ ഹരിച്ചാൽ ശേഷിച്ചതും അഥവാ മൂന്നിൽ പെരുക്കി നാലിൽ ശേഷിച്ചതും ബ്രാഹ്മണാദിവർണ്ണങ്ങളാകുന്നു.

അവ—ഇതുവരെ പറഞ്ഞിട്ടുള്ള പത്തു സാധനങ്ങളെ വരുത്തുവാനുള്ള ക്രിയകളെ ഒരു പദ്യംകൊണ്ടു മുറുക്കിപ്പറയുന്നു.

ത്ര്യഷ്ട്യങ്കാങ്കനവാഷ്ടപക്ഷയുഗവേ-
ദാങ്കാഹതേഷ്ടാക്കടി-
ഗ്നേഷുത്രിംശതി സപ്തവിംശതി ശതാ-
ക്ഷ്യങ്കാദ്രിഭിർഭാജിതേ
പഞ്ചന്തേ ഭവനസ്യ യാനി ഹി ഫലാ-
ന്യാപ്താനി താനി ക്രമാ-
ദ്യോന്യായവ്യയജാതിതിഥ്യൃക്ഷവയോ
രാശ്യംശവാരാഃ സ്മൃതാഃ 73

വ്യാ—(ഈ ശ്ലോകത്തെയും അനന്വയമുഖേന വ്യാഖ്യാക്കുന്നു.) ഭവനസ്യ-പയ്യന്തേ-ത്ര്യഷ്ടാങ്കാങ്കനവാഷ്ടചക്രയുഗവേദാങ്കാഹതേ - അഷ്ടാക്കൈഗേഷത്രിംശതി-സംപ്തവിംശതി ശതാക്കാങ്കാദ്രിഭിഃ-ഭാജിതേ(സ്തി) യാനി-ഫലാനി-ആപ്തഫാനി-(ഭവന്തി) താനി-ക്രമാൽ-യോന്യായവ്യയജാതിതിഥ്യൃക്ഷവയോരാശ്യംശവാരാഃ-സ്മൃതാഃ-(ഭവന്തി) ഏതന്നന്വയം.

ഭവനത്തിന്റെ പയ്യന്തം, ത്ര്യഷ്ടാങ്കാങ്കനവാഷ്ടചക്രയുഗവേദാങ്കാഹതമായി, അഷ്ടാക്കൈഗേഷത്രിംശതിസപ്തവിംശതിശതാക്കാങ്കാദ്രികളെക്കൊണ്ടു ഭാജിതമായിരിക്കും സമയത്തിങ്കൽ യാവ ചില ഫലങ്ങൾ ആപ്തങ്ങളായി ഭവിക്കുന്നു? അവ ക്രമത്താലേ യോന്യായവ്യയജാതിതിഥ്യൃക്ഷവയോരാശ്യംശവാരങ്ങളായിട്ടു സ്മൃതങ്ങളായി ഭവിക്കുന്നു. എന്നു് അന്വയാർത്ഥം.

സാരം—ഗൃഹത്തിന്റെ ചുറ്റിനെ, മുന്നിൽ പെരുക്കി എട്ടിൽ ഹരിച്ചാൽ ഉണ്ടാകുന്ന ഫലം യോനിയാകുന്നു. എട്ടിൽ പെരുക്കി പത്രണ്ടിൽ ഹരിച്ചാലുണ്ടാകുന്ന ഫലം ആയം. ഒമ്പതിൽ പെരുക്കി പത്തിൽ ഹരിച്ചുണ്ടാകുന്ന ഫലം വ്യയം. ഒമ്പതിൽ പെരുക്കി നാലിൽ ഹരിച്ച ഫലം ജാതി. ഒമ്പതിൽ പെരുക്കി മുപ്പതിൽ ഹരിച്ച ഫലം പക്കം. എട്ടിൽ പെരുക്കി ഇരുപത്തേഴിൽ ഹരിച്ച ഫലം നക്ഷത്രം. നാലിൽ പെരുക്കി നൂറിൽ ഹരിച്ച ഫലം വയസ്സു്. നാലിൽ പെരുക്കി പത്രണ്ടിൽ ഹരിച്ച ഫലം രാശി. നാലിൽ പെരുക്കി ഒമ്പതിൽ ഹരിച്ച ഫലം അംശകം. ഒമ്പതിൽ പെരുക്കി ഏഴിൽ ഹരിച്ച ഫലം ആഴ്ച. ഈ ശ്ലോകത്തിൽ "ഫലം" എന്ന പദംകൊണ്ടു ഹരണഫലത്തെയല്ല; ഹൃതശിഷ്ടമായ സംഖ്യയെയാണു ഗ്രന്ഥകാരൻ വിവക്ഷിച്ചിട്ടുള്ളതു്. ഇതു ജ്യോതിഷത്തിൽ

ലീലാവതി' മുതലായ ഗ്രന്ഥങ്ങളിൽ പ്രസിദ്ധമായ സം 'ജ്ഞയ്ക്കു വിപരീതമാണ്.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു സൂര്യാദിഗ്രഹങ്ങളുടെ സ്ഥാനങ്ങളെ ഉണ്ടാക്കുവാൻ പറയുന്നു.

ശ്രേയോ ഭദ്രയവാഃ ക്രമാദ്രവിശശി-
ക്ഷോണീസുതാനാം ഗുണാഃ
സൌമ്യാദേർന്ന ഗുണാഃ ക്രമാദ്ദിനകരാ-
ദീനാം തു ഹാരാസ്ഥിതാ
കഥ്യന്തേ മനവഃ പദം യതിവരോ
നേതാ വിമാനം മുനി-
ർഭാനുർന്നാത്ര പുനഃ പ്രസാധനമത-
സ്തേനാങ്കമുഖ്യാ ഗ്രഹാഃ. 74

വ്യാ—ശ്രേയോഭദ്രയവാഃ - ക്രമാൽ - രവിശശിക്ഷോണീസുതാനാം - ഗുണാഃ - ഭവന്തി - സൌമ്യാദേഃ - ഗുണാഃ - ന - ഭവന്തി - തഥാ - മനവഃ - പദം - യതിവരഃ - നേതാ - വിമാനം - മുനിഃ - ഭാനുഃ - ക്രമാൽ - ദിനകരാദീനാം - ഹാരാഃ - കഥ്യന്തേ - അത്ര - പുനഃ - പ്രസാധനം - ന ഭവതി - തേന - അങ്കമുഖ്യാഃ - ഗ്രഹാഃ - ഭവന്തി - ഏന്നു് അന്വയം. ശ്രേയോഭദ്രയവങ്ങൾ ക്രമത്താലെ രവിശശിക്ഷോണീസുതന്മാരുടെ ഗുണങ്ങളായിട്ടു ഭവിക്കുന്നു. സൌമ്യാദിക്കു ഗുണങ്ങൾ ഭവിക്കുന്നില്ല. അപ്രകാരം മനവഃ-പദം-യതിവരഃ-നേതാ-വിമാനം-മുനിഃ-ഭാനുഃ-ഇവ ക്രമത്താലേ ദിനകരാദികളുടെ ഹാരങ്ങളായിട്ടു പറയപ്പെടുന്നു. ഇവിടെ പിന്നെ പ്രസാധനം ഇല്ല. ഇതിങ്കൽനിന്നു് അങ്കൻ തുടങ്ങിയുള്ള ഗ്രഹങ്ങൾ ഭവിക്കുന്നു—ഏന്നു് അന്വയാർത്ഥം. ഇവിടെ ഗുണകാരഹാരകങ്ങളായിട്ടു പറയപ്പെട്ടിരിക്കുന്ന പദങ്ങളിലെ അക്ഷരങ്ങളെ പരൽപ്പേരുപ്രകാരം സംഖ്യകളാക്കി കല്പിച്ചുകൊള്ളണം.

സാരം—ഗ്രഹത്തിന്റെ ചുറ്റിനെ 'ശ്രേയഃ' എന്ന പന്ത്രണ്ടുകൊണ്ടു പെരുക്കി 'മനവഃ' എന്ന നാന്ദ്യറിഞ്ഞുകൊണ്ടു ഹരിച്ചുകിട്ടുന്ന ഫലം ഭഗണം (അല്ലെങ്കിൽ വൃഥാഫലം) പിന്നെ ബാക്കിയുള്ള സംഖ്യയെ പന്ത്രണ്ടിൽ പെരുക്കി 'മനവഃ' എന്ന ഹാരകംകൊണ്ടുതന്നെ ഹരിച്ചുണ്ടാകുന്ന ഫലം രാശി. പിന്നെ ശേഷമുള്ള സംഖ്യയെ മുപ്പതിൽ പെരുക്കി മേൽപ്പറഞ്ഞ ഹാരകംകൊണ്ടുതന്നെ ഹരിച്ച ഫലം തീയതി. ശേഷത്തെ അറുപതിൽ പെരുക്കി ആ ഹാരകംകൊണ്ടുതന്നെ ഹരിച്ചാൽ കിട്ടുന്നതു് ഇലി. വേണമെങ്കിൽ. ഇങ്ങനെതന്നെ വിലിയും വരുത്തിക്കൊാം ക. എന്നാൽ, രാശ്യാദിയായ സൂക്ഷ്മസ്ഫുടം ഭവിക്കും. ചുറ്റിനെ 'ഭദ്ര' എന്ന ഇരുപത്തുനാലാകുന്ന ഗുണകാരംകൊണ്ടു പെരുക്കി 'പദം' എന്നഎണ്ണത്തൊന്നാകുന്ന ഹാരകംകൊണ്ടു ഹരിച്ച ഭാഗണവും, ശിഷ്ടത്തെ പന്ത്രണ്ടിലും മുപ്പതിലും അറുപതിലും പെരുക്കി പൂർവ്വോക്തഹാരകം (എണ്ണത്തൊന്നു)കൊണ്ടുതന്നെ ഹരിച്ച രാശി തിയതി ഇലി വിലികളും ഉണ്ടാക്കിയാൽ അതു ചന്ദ്രസ്ഫുടമായി ഭവിക്കും. ചുറ്റിനെ 'യവ' എന്ന നാല്പത്തൊന്നുകൊണ്ടു പെരുക്കി 'യതി' എന്ന അറുപത്തൊന്നുകൊണ്ടു ഹരിച്ചാൽ കുജസ്ഫുടമായി. ഇവിടെ ബുധൻ മുതലായി ശേഷമുള്ള ഗ്രഹങ്ങൾക്കു ഗുണകാരങ്ങളില്ല. ബുധന്റെ 'വസുഃ' എന്ന ഇരുപത്തുനാലും, വ്യാഴത്തിന്റെ 'നേത്രാ' എന്ന അറുപതും ശുക്രന്റെ 'വിമാനം' എന്ന അമ്പത്തിനാലും, ശനിക്കു 'മുനി' എന്ന അഞ്ചും രാഹുവിന്റെ 'ഭാനു' എന്ന നാലും ക്രമേണ ഹാരകങ്ങളാകുന്നു. ഈ ഹാരകങ്ങളെക്കൊണ്ടു ഹരിച്ചു രാശ്യാദി സ്ഥാനങ്ങളുണ്ടാക്കിയാൽ ബുധാദിഗ്രഹങ്ങളുടെ സ്ഫുടങ്ങളായി. രാഹുസ്ഫുടത്തിൽ ആറു രാശി കൂട്ടിയാൽ കേതുസ്ഫുടവും, ചന്ദ്രനിൽ അങ്ങനെ കളഞ്ഞാൽ തിഥിയും, കൂട്ടിയാൽ യോഗവും ഉണ്ടാകും.

ആഴ്ചയും രാശിയും മുൻപറഞ്ഞിട്ടുണ്ടല്ലൊ. അതുകൊണ്ട് ഗ്രഹിക്കേയും ലഗ്നത്തെയും ഉണ്ടാക്കാം. ഇങ്ങനെ ഗ്രഹങ്ങളുടെ പുറകണക്കുകൊണ്ട് അതാതു ഗ്രഹങ്ങളുടെ ജാതകമുണ്ടാക്കി ജ്യോതിശ്ശാസ്ത്രപ്രകാരം ഫലമറിന്ത പെയ്യാമെന്നാണ് ഗ്രന്ഥകാരന്റെ ആശയമെന്നു തോന്നുന്നു.

എന്നാൽ ഇതുപ്രകാരം പില കണക്കുകൾക്കുള്ള ഗ്രഹസ്ഫുടങ്ങളുണ്ടാക്കി നോക്കിയതിൽ, മുമ്പേ പുറവിനെ എട്ടിൽ പെരുക്കി ഇരുപത്തേഴിൽ ഹരിച്ചാൽ നാളും, മുപ്പത്തിൽ ഹരിച്ചാൽ പക്കവും ഉണ്ടാകുമെന്നു പറഞ്ഞിട്ടുള്ളതു ശരിയായിരിക്കുന്നുണ്ട്. പക്ഷേ ബുധശുക്രന്മാരുടെ സ്ഥിതി പിലതിൽ സൂര്യനിൽനിന്നു മൂന്നു രാശിയിലധികം അകന്നു കാണുന്നു. അതു സംഭാവ്യമല്ല. 'പതുത്ഥേ ഭവനേ സൂര്യാൽ ജ്ഞസിതൌ ഭവതഃ കഥം?' എന്നുള്ള വരാഹമിഹിരവചനം സുപ്രസിദ്ധമാണല്ലൊ.

അവസാനം ഇനി ഒരു ശ്ലോകംകൊണ്ട് ഇതുവരെ പല മതഭേദങ്ങൾ പറഞ്ഞിട്ടുള്ളവയിൽവച്ചു ബഹുസമ്മതവും സ്വീകാര്യവുമായിട്ടുള്ളതു് ഏതെന്നു പറയുന്നു.

ദ്വേധാ യോനിർദ്വിധായേ വ്യയവിധിരുദിതഃ
പഞ്ചധാ ച ത്രിധാ ച
നക്ഷത്രം വാരവംശൌ തിഥിരപി ച വയഃ
പ്രാഹ്ലിരുക്താ ത്രിധാ ച
ദ്വേധാ രാശിർന്നവാംശോ ദ്വിവിധ ഇഹ ഭവേൽ
ദ്വിപ്രകാരോ ധ്രുവാദ്യഃ
പ്രോക്തേഷ്വേതേഷു പൂർവ്വോദിതമഖിലമതം
കാര്യ്യമാവശ്യകേടന്യൽ. 75

വ്യാ—യോനിയും, ആയവും രണ്ടുപ്രകാരവും, വ്യയം അഞ്ചുപ്രകാരവും, നക്ഷത്രം, ആഴ്ച, ജാതി, തിഥി, വയസ്സ് ഇവയെല്ലാം മൂന്നുപ്രകാരവും, രാശി, അംശകം,

ധ്രുവാദികം ഇവ ഈരണ്ടുപ്രകാരവും ഇവിടെ പറഞ്ഞിട്ടുണ്ടല്ലൊ. ഇവയിൽവച്ചു് 'ഇഷ്ടാതാനവിതാനമാനനിചയേ' എന്ന ശ്ലോകപ്രകാരം മുമ്പിൽ പറഞ്ഞിട്ടുള്ളതു സർവ്വസമ്മതമാകയാൽ അതിനെത്തന്നെ സ്വീകരിക്കേണ്ടതാകുന്നു. മറവള്ളവയെല്ലാം അത്യാവശ്യത്തിങ്കലേ സ്വീകരിക്കാവൂ.

അവ— ഇനി രണ്ടു ശ്ലോകംകൊണ്ടു ഗൃഹങ്ങൾക്കു ടീഷ്വവിസ്താരാദികളെ കല്പിക്കേണ്ടതിനുള്ള ക്രമത്തെ പറയുന്നു.

ഇഷ്ടാൽ ടീഷ്വാൽ സർവ്വധാപ്യാം ച നാഹോ
വിസ്താരോടസ്മാച്ചവിസ്തൃതേഃ പാദമാനം
തസ്മാന്മാസ്തരം ച തച്ഛ്രേഷ്ഠതഃ സ്യാൽ
സ്തംഭഃ സ്തംഭാച്ചവിസ്തൃതിശ്ശ്രോത്തരാണാം. 76

വ്യാ— ഗൃഹം നിർമ്മിക്കാൻ തുടങ്ങുമ്പോൾ മുമ്പിൽത്തന്നെ അതിനു് ഇഷ്ടമായ ടീഷ്വത്തെ കല്പിക്കണം. പിന്നെ ആ ടീഷ്വത്തിൽനിന്നു ഗൃഹത്തിന്റെ ചുറ്റിനേയും, ചുറ്റിൽനിന്നു വിസ്താരത്തേയും, വിസ്താരത്തിൽനിന്നു പാദമാനത്തേയും, പാദമാനത്തിൽനിന്നു തറയുടെ പൊക്കത്തേയും, തറപ്പൊക്കം കഴിച്ചുള്ള പാദമാനത്തിൽനിന്നു കാലുകളുടെ കരത്തേയും, കാലുകളിൽനിന്നു് ഉത്തരങ്ങളുടെ വിസ്താരത്തേയും നിശ്ചയിക്കണം.

തത്തദുത്തരവിസ്താരാല്പപാദാം വിസ്തൃതിർവ്വേൽ
ഉത്തരാദേവ നീപ്രാദേഹ്യനം സർവ്വത്ര വിസ്തൃതേഃ. 77

വ്യാ— അതതു ഗൃഹത്തിന്റെ ഉത്തരവിസ്താരത്തിൽനിന്നു കഴുക്കോലുകളുടെ വിസ്താരത്തെ കല്പിക്കണം. ഉത്തരത്തിൽനിന്നുതന്നെ വാമട മുതലായവയുടെ വിസ്താരത്തേയും ഉണ്ടാക്കണം. എല്ലായിടത്തും അതതിന്റെ വിസ്താരത്തിൽനിന്നുതന്നെ അതതിന്റെ ഘനത്തെ കല്പിക്കണം..

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ഗൃഹങ്ങളുടെ ചുറിനേയും ദീഘ്രവിസ്താരങ്ങളേയും കല്പിക്കേണ്ട പ്രകാരത്തെ പറയുന്നു.

ഷഡ്ഭിസ്താദിനിജേഷ്ടദീഘ്രകരസം-
ഖ്യാനേഷ്ടനിഘ്നേ സചതി-
ഗ്ര്യാന്ത്യാദ്യേ സതി തത്ത്രിഭാഗ ഇഹ തൽ-
ഗേഹസ്യ നാഹോ ഭവേൽ
വ്യത്യസ്തക്രിയയാ ഭവേദപി ച ത-
ദ്ദീഘ്രോടഥ നാഹേടഭിതേ
ദീഘ്രോനേ പരിശിക്ഷിതേടത്ര വിതതിഃ
സർവ്വത്ര മർത്യാലയേ. 78

വ്യാ—ഗൃഹത്തിനു് ആറു കോൽ മുതലായി അതതിനു് ഇഷ്ടമായി കല്പിക്കപ്പെട്ടിരിക്കുന്ന ദീഘ്രത്തെ (കോലുകളെ മാത്രം) ചുട്ടിൽ പെരുക്കി അതിൽ അതിന്റെ ദിഗ്ഭ്യാനിസംഖ്യയെ കൂട്ടി ആസ്സംഖ്യയെ മൂന്നിൽ ഹരിച്ചാൽ കിട്ടുന്നതു് ആ ഗൃഹത്തിന്റെ ചുറായി ഭവിക്കും. ഇതിന്റെ വിപരീതക്രിയകൊണ്ടു് അതിന്റെ ദീഘ്രവും ഉണ്ടാകും. പിന്നെ ചുറിനെ അഭ്യസിച്ചു് അതിൽനിന്നു തന്റെ ദീഘ്രം കളഞ്ഞാൽ ശേഷമുണ്ടാകുന്നതു് ആ ഗൃഹത്തിന്റെ വിസ്താരമായി ഭവിക്കും. ഇവിടെ അതതു ദിഗ്ഭ്യാനിസംഖ്യ എന്നു പറഞ്ഞതിന്റെ താല്പര്യം കിഴക്കുമുതലായ നാലുദിക്കുകളിലെ യോനികളായ ധ്വജം, സിംഹം, വൃഷം, ഗജം, ഇവയുടെ ക്രമം അനുസരിച്ചു് ഒന്നു്, മൂന്നു്, അഞ്ചു്, ഏഴു് ഈസംഖ്യകൾ എന്നാകുന്നു. ഈ സംഖ്യകളെ അതതു യോനിയുടെ പര്യായമായി ഇഗ്ഗ്രന്ഥത്തിൽ പറഞ്ഞുവരാറുമുണ്ടു്. അതിനാൽ കിഴക്കിനി ഗൃഹത്തിനു് ഒന്നും, തെക്കിനിക്കു മൂന്നും, പടിഞ്ഞാറിനിക്കു അഞ്ചും, വടക്കിനിക്കു് ഏഴും ദിഗ്ഭ്യാനിസംഖ്യകളാണെന്നു് അറിഞ്ഞുകൊൾക.

ഇനി ഇതുപ്രകാരം ചില കണക്കുകളെ ക്രിയ ചെയ്തു ചുറ്റിനേയും ദീഘ്രവിസ്താരങ്ങളേയും വരുത്തിക്കാണിക്കാം.

ഇവിടെ ഇഷ്ടമായ ഗൃഹത്തിന്റെ ദീഘ്രം എട്ടു കോൽ എന്നു കല്പിക്കുക. അതിനെ എട്ടിൽ പെരുക്കിയ സംഖ്യ അറുപത്തുനാലു കോൽ. അതിൽ കിഴക്കിനിയുടെ ദിഗ്വ്യാനിസംഖ്യയായ ഒന്നിനെ കൂട്ടുക. അപ്പോൾ അറുപത്തഞ്ചു കോൽ. അതിനെ മൂന്നിൽ ഹരിച്ചാൽ ഇരുപത്തൊന്നുകോലും പതിനാറു വിരലും കിട്ടും. അതിനാൽ എട്ടുകോൽ ഇഷ്ടദീഘ്രമായ കിഴക്കിനിഗൃഹത്തിന്റെ ചുറ്റുകോൽ ഇരുപത്തൊന്നു°; വിരൽ പതിനാറു°; എന്നു വരും. ഇതുപോലെ ഈ എട്ടുകോൽ തന്നെ ദീഘ്രമായ തെക്കിനിക്കു°, ദീഘ്രത്തെ എട്ടിൽ പെരുക്കി തെക്കിനിയുടെ ദിഗ്വ്യാനിസംഖ്യയായ മൂന്നു കൂട്ടിയാൽ അറുപത്തെഴു കോൽ. അതിനെ മൂന്നിൽ ഹരിച്ചാൽ കോൽ ഇരുപത്തിരണ്ടു°; വിരൽ എട്ടു°. അതിനാൽ എട്ടു കോൽ ദീഘ്രമായ തെക്കിനിയുടെ ചുറ്റു° ഇരിപത്തിരണ്ടു കോൽ എട്ടു വിരൽ. മേല്പറഞ്ഞ ദീഘ്രത്തെത്തന്നെ എട്ടിൽ പെരുക്കി പടിഞ്ഞാറെ ദിഗ്വ്യാനിസംഖ്യയായ അഞ്ചു കൂട്ടിയാൽ അറുപത്തൊമ്പതു°. അതിനെ മൂന്നിൽ ഹരിച്ചാൽ കോൽ ഇരിപത്തുമൂന്നു°. അതിനാൽ എട്ടു കോൽ ഇഷ്ടദീഘ്രമായ പടിഞ്ഞാറിനിയുടെ ചുറ്റു° ഇരിപത്തുമൂന്നുകോൽ. ഇങ്ങനെതന്നെ വടക്കിനിക്കും ഇഷ്ടദീഘ്രമായ എട്ടു കോലിനെ എട്ടിൽ പെരുക്കി ദിഗ്വ്യാനിസംഖ്യയായ ഏഴുകൂട്ടി അതിനെ മൂന്നിൽ ഹരിച്ചാൽ കോൽ ഇരിപത്തിമൂന്നു°; വിരൽ പതിനാറു°. അതിനാൽ എട്ടു കോൽ ഇഷ്ടദീഘ്രമായ വടക്കിനി ഗൃഹത്തിന്റെ ചുറ്റുകോൽ ഇരുപത്തിമൂന്നു°; വിരൽ പതിനാറു° എന്നു സിദ്ധമായി. ഇതുകൊണ്ടു° ഇഷ്ടമായ ദീഘ്രം ഒരേ സംഖ്യതന്നെയാണെങ്കിലും അതതു ദിഗ്വ്യാനിയുടെ ഭേദംകൊണ്ടു ചുറ്റിന്റെ കണക്കു മാറുന്നു എന്നു മനസ്സിലാക്കാമല്ലൊ.

ഇനി ഇതിന്റെ വിപരീതക്രിയ പറയാം. ആദ്യം പറഞ്ഞതായ ഇരിപത്തൊന്നു കോൽ പതിനാറു വിരൽ എന്ന മുറിനെ മൂന്നിൽ പെരുക്കി ദിഗ്ജ്യാനിസംഖ്യയായ ഒന്പതുകളഞ്ഞു് അതിനെ എട്ടിൽ ഹരിച്ചാൽ ദീർഘ്യം എട്ടുകോൽ വരുന്നു. ഇങ്ങനെ മറ്റുള്ളവയ്ക്കും മുറിൽനിന്നു ദീർഘ്യം വരുത്താമല്ലോ.

ഇനി മുറിൽനിന്നു വിസ്താരം വരുത്തുവാൻ ഇരുപത്തൊന്നു കോൽ പതിനാറു വിരൽ എന്ന മേൽപറഞ്ഞ മുറിനെ അഞ്ചിച്ചാൽ പത്തുകോൽ ഇരിപതു വിരൽ; അതിൽനിന്നു ദീർഘ്യം എട്ടു കോൽ കളഞ്ഞാൽ ശേഷം രണ്ടു കോൽ പത്തു വിരൽ; അതു് അതിന്റെ വിസ്താരമാകുന്നു. മറ്റുള്ളവയ്ക്കും വിസ്താരം ഇങ്ങനെ തന്നെ വരുത്താമല്ലൊ. ഈ ശ്ലോകത്തിൽ പറഞ്ഞപ്രകാരമുള്ള ദീർഘ്യവിസ്താരകല്പനയ്ക്കു് 'ഇഷ്ടദീർഘ്യവിധി' എന്നു പേരാകുന്നു. ഇതുകൊണ്ടു മുകളിൽ പലേടത്തും പ്രയോജനമുണ്ടാകുന്നതാണു്. അതിനാൽ ഇതു ധരിച്ചിരിക്കേണ്ടതു പ്രത്യേകം ആവശ്യമാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ഗ്രഹങ്ങളുടെ മുറുണ്ടാക്കുവാൻ മറ്റൊരു പ്രകാരത്തെ പറയുന്നു

ഇഷ്ടദീർഘ്യം ത്രയഭിഘ്നം, തത്ത്രിഭാഗസമന്വിതം
ഇഷ്ടയോനിത്രിഭാഗാഢ്യം, തൽ പര്യന്തം വിദുർബുധാഃ.

വ്യാ—മുൻപറഞ്ഞ പ്രകാരമുള്ള ഇഷ്ടദീർഘ്യത്തെ ഇരട്ടിച്ചു്, ആസ്സംഖ്യയുടെ മൂന്നിലൊരുഭാഗവും കൂടി അതിൽ കൂട്ടുക. പിന്നെ ഇഷ്ടമായ യോനിസംഖ്യയുടെ മൂന്നിൽ ഒരു ഭാഗവും അതിൽ കൂട്ടുക. എന്നാൽ ഉണ്ടാകുന്ന സംഖ്യ ആ ഗ്രഹത്തിന്റെ പര്യന്തം (മുറു്) ആകുന്നു എന്നു വിദ്വാന്മാർ പറയുന്നു.

അതെങ്ങനെയെന്നു കാണിക്കാം. ഇഷ്ടമായ ദീഘ്രം ആറുകോലെന്നു കല്പിക്കുക. അതിനെ ഇരട്ടിച്ചാൽ പന്ത്രണ്ടു കോൽ. അതോടുകൂടി ആസ്സംഖ്യയുടെ മൂന്നിലൊന്നായ നാലു കൂട്ടുക. അപ്പോഴം, പതിനാറു കോൽ. ഇഷ്ടയോനി സംഖ്യ ഒരു കോൽ. അതിന്റെ മൂന്നിലൊന്ന് എട്ടു വിരൽ. അതുകൂടി പതിനാറു കോലിൽ കൂട്ടിയാൽ പതിനാറു കോൽ എട്ടു വിരൽ എന്ന സംഖ്യ കിട്ടുന്നു. അതു് ആ ഗൃഹത്തിന്റെ പയ്യന്തമാകുന്നു. അപ്പോൾ ആറുകോൽ ഇഷ്ടദീഘ്രമായ കിഴക്കിനിഗൃഹത്തിനു പുറമേ കോൽ പതിനാറു്; വിരൽ എട്ടു്; എന്നു സിദ്ധമായി. ഇങ്ങനെ മറ്റുള്ളവയേയും കണ്ടുകൊൾക.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ദേവാലയത്തിൽ മാത്രം ഉപയോഗമുള്ള ചില ദീഘ്രവിസ്താരങ്ങളുടെ വിശേഷത്തെ പറയുന്നു.

നാഹാംഘ്ര്യംശേന ദീഘ്രോ വിതതിരപി ഗൃഹേ
തുല്യയുഷ്ശ്രുതൗ പേ
നാഹാലേ നന്ദഭക്തേ വിതതിരുദിതാ—
ഗൈശ്ച ദീഘ്രോടവശിഷ്ടൈഃ
സസ്ത്ര്യാൽ പാദാധികോട്ടയ്യാധിക' ഇഹ പരിണാ—
ഹോടയ്ധിതേ ദിഗ്വിഭക്തേ
ഷഡ്ഭിർഭിട്ടീഘ്രശ്ചതുർഭിർവ്വിതതിരിതി സുരാ—
ഗാരയോഗ്യാസ്സ്യയോടമീ. 80

വ്യാ—ഗൃഹത്തിന്റെ പുറത്തിനെ നാലു കൂറിട്ടു് ഒരു കൂറുകൊണ്ടു ദീഘ്രവും ഒരു കൂറുകൊണ്ടു വിസ്താരവും കല്പിപ്പു. എന്നാൽ ആ ഗൃഹം സമചതുരശ്രമായി ഭവിക്കും. പിന്നെ ഗൃഹത്തിന്റെ പുറത്തിനെ അളിച്ചു് അതിനെ ഒമ്പതു കൂറിട്ടു നാലു കൂറുകൊണ്ടു വിസ്താരവും ശേഷമുള്ള അഞ്ചു കൂറുകൊണ്ടു ദീർഘവും കല്പിക്കുന്നു എങ്കിൽ അതു 'പാളാ

ധിക'മായ ഗുണവ്യാസമായി.ഭവിക്കും. പുററിനെ അഞ്ചി ച്ച് അതിനെ പത്തു കുറിട്ട നാലു കുറകൊണ്ടു വിസ്താര വും ആറുകുറകൊണ്ടു ദീർഘവും കല്പിക്കുന്ന എങ്കിൽ അ തു് 'അഷ്ടാധിക'മായ ഗുണവ്യാസമായിരിക്കും. ഇവയിൽ ആദ്യത്തേതിനു 'സമതതായതികം' എന്ന പേർ പറയാം. ഇവ മൂന്നും ദേവാലയത്തിങ്കൽ യോഗ്യങ്ങളാകുന്നു. പുററി നെ അഞ്ചിച്ച്, അതിനെ പതിനൊന്നു കുറിട്ട നാലു കുറ കൊണ്ടു വിസ്താരവും പുഴുകുറകൊണ്ടു ദീർഘവും കല്പി ച്ചാൽ അതിനു 'പാദോനം' എന്ന പേർ എന്നു് അത്തുസി ദ്ധമാകയാൽ അതുകൂടി ധരിക്കേണ്ടതാകുന്നു. അതുകൊ ണ്ടുള്ള പ്രയോജനം അടുത്ത ശ്ലോകത്തിൽത്തന്നെ വരുന്ന താണു്.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു മേൽപറഞ്ഞവയു ടെ ഗ്രാഹ്യത്യാജ്യതാനിയമത്തെ പറയുന്നു.

പാദോധികോ മനുജസദ്മനി ഗ്രഹ്യതേ ത-
ത്രാന്യശ്യകേ സമതതായതികോടപി കൈശ്ചിൽ
അഷ്ടാധികോടത്ര നിഹിതോ മുനിഭിസ്സമസ്ത-
പാദോനതാപി കഥിതാഖിലനാശിനീതി. 81

വ്യാ—പൂർവ്വശ്ലോകത്തിൽ പറഞ്ഞപ്രകാരമുള്ളതിൽ പാദോധികമെന്ന ഗുണവ്യാസം മനുഷ്യാലയത്തിങ്കൽ അ ത്യാവശ്യത്തിൽ ചിലരാൽ ഗ്രഹിക്കപ്പെടുന്നു. സമതതായ തികം എന്ന തുല്യതുയ്യശ്രവിസ്താരവും അങ്ങനെതന്നെ അ പദ്ധിയായി കൊള്ളുന്നുണ്ടു്. അഷ്ടാധികമെന്നതു മനു ഷ്യാലയത്തിങ്കൽ ഹിതമല്ല. എല്ലാ പാദോനതയും വിനാ ശത്തെ ചെയ്യുന്നതാണെന്നു മുനികളാൽ പറയപ്പെട്ടിരിക്കു ന്നു. ഇവിടെ 'സമസ്തപാദോനതാ' എന്നതിലെ 'സമസ്ത' എന്ന ശബ്ദംകൊണ്ടു്, നാഹാല്പത്തെ പതിനൊന്നു കുറിട്ട

നാലംശം വിസ്താരവും ചുഴംശം ദീർഘവുമായിട്ടുള്ള ഗ്രണ വ്യാസത്തെ മാത്രം പോരാ, അടുത്ത ശ്ലോകത്തിൽ 'തത്ത ത്തുര്യപ്രഹീണൈഃ' എന്ന പദംകൊണ്ടു പറവാൻ പോകു ന്നവയായ എല്ലാ പാദോനങ്ങളേയും വർജ്ജിച്ചുകൊള്ളണ മെന്നു സൂചിപ്പിച്ചിരിക്കുന്നു എന്നു ഗ്രഹിക്കേണ്ടതാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ഗ്രണവ്യാസത്തെ വിധിക്കുന്നു.

നാഹാദ്യേ പാദശാതൈസ്ത്രിഭിരപി ച വിഭ-
ക്തേ ഷഡ്ഥവാ ഷോഡശാതൈ-
ർവിംശത്യാതൈശ്ച തത്പാദിഭിരപി മനുയു-
ഗ്മാദിഭിർഭക്തസംഖൈ്യഃ
തത്തത്തുര്യപ്രഹീണൈരഥ വിതതിഗത-
ധ്യുംശതശ്ലേഷ്ടഭാഗൈ-
സ്ത്രീർഷ്ണോ വസ്വങ്കപങ്ക്ത്യാദിഭിരിതി മുനയ-
സ്തം ഗ്രണവ്യാസമാഹുഃ. 82

വ്യാ—നാഹാദ്യേ—പാദശാതൈഃ—അപി—ച—അഥ വാ—ഷോഡശാതൈഃ—ച—തത്പാദിഭിഃ—അപി—മനുയുഗ്മാദിഭിഃ—ഭക്തസംഖൈ്യഃ—തത്തത്തുര്യാപ്രഹീണൈഃ—ത്രിഭിഃ വിഭക്തേ—ഉദധ്യംശതഃ—വിതതിഃ—അഥ—വസ്വങ്കപങ്ക്ത്യാദിഭിഃ—ശ്ലേഷ്ടഭാഗൈഃ—ത്രീർഷ്ണഃ—(ഭവതി) മുനയഃ—തം—ഗ്രണവ്യാസം—ഇതി—ആഹുഃ—എന്ന് അന്വയം.

നാഹാദ്യം, പാദശാദ്യങ്ങളായും, അല്ലെങ്കിൽ ഷോഡശാദ്യങ്ങളായും, വിംശത്യാദ്യങ്ങളായും, തത്പാദികളായും, മനുയുഗ്മാദികളായും, ഭക്തസംഖൈ്യങ്ങളായും, തത്തത്തുര്യപ്രഹീണങ്ങളായിട്ടുള്ള മൂന്നുകളെക്കൊണ്ടു വിഭക്തങ്ങളായിരിക്കുംസമങ്കത്തിങ്കൽ ഉദധ്യംശങ്ങളെക്കൊണ്ടു വിതതിയും, വസ്വങ്കപങ്ക്ത്യാദികളായിരിക്കുന്ന ശ്ലേഷ്ടഭാഗ

ങ്ങളെക്കൊണ്ടു ദീർഘവും ഭവിക്കുന്നു. മുനികർ അതിനെ ഹ്രണവ്യാസം എന്നു പറയുന്നു. എന്നു ഭാഷാ.

ചുറ്റിന്റെ അഞ്ചിലൊന്നു പന്ത്രണ്ടു്, പതിമ്മൂന്നു്, പതിന്നാലു്, പതിനാറു്, പതിനേഴു്, പതിനെട്ടു്, ഇരുപതു്, ഇരിപത്തൊന്നു്, ഇരിപത്തുരണ്ടു്, ഇരിപത്തുനാലു്, ഇരിപത്തഞ്ചു്, ഇരിപ്പത്താറു്, ഇരിപത്തെട്ടു്, ഇരിപതാമ്പതു്, മുപ്പതു്, മൂപ്പത്തുരണ്ടു്, മുപ്പത്തുമൂന്നു്, മുപ്പത്തുനാലു്, ഇങ്ങനെ ആറു ഗണത്തിലും അതതിന്റെ നന്നാലാമത്തെ തെഴിച്ചുള്ള ഏതെങ്കിലും മൂന്നു സംഖ്യകളിൽ ഒന്നുകൊണ്ടു പകുത്തു്, അതിൽ നാലു കുറകൊണ്ടു വിസ്താരവും, ശേഷമുള്ള കുറകളെക്കൊണ്ടു ദീർഘവും കല്പിക്കുക. എന്നാൽ അതിനെ 'ഹ്രണവ്യാസം' എന്നു മുനികർ വിധിച്ചിരിക്കുന്നു. ഇതിനെത്തന്നെ ഒന്നുകൂടി സ്പഷ്ടമായി വിവരിക്കാം. ചുറ്റിന്റെ അഞ്ചിനെ പന്ത്രണ്ടായി അംശിച്ചാൽ നാലംശം വിസ്താരം. എട്ടംശം ദീർഘം; പതിമ്മൂന്നായി അംശിച്ചാൽ നാലംശം വിസ്താരം, ഒമ്പതംശം ദീർഘം; പതിന്നാലംശിച്ചാൽ നാലംശം വിസ്താരം, പത്തംശം ദീർഘം. ഇങ്ങനെ മറ്റുള്ളവയിലും കണ്ടുകൊൾക. വിസ്താരം കുറഞ്ഞും ദീർഘം ഏറിയും വരണമെങ്കിൽ പതിനാറു തുടങ്ങിയോ ഇരുപതു തുടങ്ങിയോ മേൽപ്പുറഞ്ഞപ്രകാരം വിഭാഗിച്ചു കൊള്ളണം. എന്നാൽ പതിനഞ്ചു്, പത്തൊമ്പതു്, ഇരുപത്തുമൂന്നു്, ഇരിപത്തേഴു്, മുപ്പത്തൊന്നു്, ഇവ പാദോനങ്ങളാകകൊണ്ടു് അവയെ ഒഴിച്ചു ശേഷമുള്ള സംഖ്യകളെ മാത്രമേ ഗ്രഹിക്കാവു. ഇവിടെ മേൽപ്രകാരം അംശിക്കുമ്പോൾ ഏതാനും ചില വിരലുകൾ അംശത്തിൽ അറുപോകാതെ ശേഷിക്കുന്നതായി വന്നാൽ അവയെ മുഴുവൻ തന്നെയോ അവയിൽ ഏതാനും ചില വിരലുകളെ മാത്രമോ ദീർഘത്തിലോ വിസ്താരത്തിലോ അവ രണ്ടിലും കൂടിയോ ഔചിത്യംപോലെ ചേർത്തുകൊള്ളണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ദീർഘവിസ്താരകല്പനയിൽ ചില മതാന്തരങ്ങളെ പറയുന്നു.

ദീർഘാദ്ധ്യം വ്യാസമംശ്ലൃംശകമപി സദലാം—
ശ്ലൃംശകം പാഹുരേകേ
ദീർഘാദ്ധ്യാന്നാഭിവാഞ്ഛന്ത്യധികതരത്തം
ഗർഗ്ഗദക്ഷാദയോഽപി
ദീർഘോ നിർദ്ദിഷ്ടഹസ്താദധിക ഇഹ ഭവേ—
ദത്ഥനാശായ മൃത്യു—
ഹ്രീനസ്തൂത്തുംഗലീഭിസ്ത്വിതി ന ഖലു ഭവേൽ
ദോഷ ഇത്യാഹുരന്യേ. 83

വ്യാ—വിസ്താരം ദീർഘത്തിൽ പാതിയോ നാലിലൊന്നോ ദീർഘത്തിന്റെ കാലേ അരക്കാലോ കൊള്ളാമെന്നു ചിലർ പറയുന്നു. ദീർഘത്തിന്റെ പാതിയിലധികം വിസ്താരം കൊള്ളരുതെന്നു ഗർഗ്ഗദക്ഷാദികളും പറയുന്നു. ഇഷ്ടദീർഘത്തിലധികം ദീർഘം കൊള്ളുന്നതായാൽ അർത്ഥനാശവും, ഇഷ്ടദീർഘത്തിൽ കുറഞ്ഞാൽ മരണവും ഫലമാകുന്നു. അവിടെ ഏഴരനാളും കുറയുന്നതും ഏതാനും ചില വിരലുകളെക്കൊണ്ടുമാത്രമാണെങ്കിൽ ദോഷമില്ലെന്നു ചിലർ പറയുന്നു. "തസ്മാന്നിർദ്ദിഷ്ടഹസ്തേഭ്യോ ഹീനാധിക്യം ന കാരയേൽ അംഗുലീഭിന്ന ദോഷസ്സ്യാദ്ഭയത്ര കരാളതേ" എന്നു 'വാസ്തുവിദ്യാ' എന്ന ഗ്രന്ഥത്തിൽ പ്രമാണവും, അപ്രകാരംതന്നെ നടപ്പും കാണുന്നുണ്ട്.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു പാദമാനത്തെ പറയുന്നു.

സ്തൂണാം ധാമനി പാദമാനമുദിതം
തച്ഛ്രോത്തരോപാനഹോ—
ന്മധ്യം തത്ത്രികരം കരാംശ്ലിസഹിതം
തത്സ്യല്ലഗേഹേ കചിൽ

തത്തന്മന്ദിരവിസ്തരേണ ച സമം
തദ്വേഷടംസംയുവാ-
സപങ്കാശാംശവിയുക്തമേതദധികം
വാ തത്തദൌചിത്യതഃ 84

വ്യാ—മനുഷ്യാലയങ്ങളിൽ ചെരിപ്പിന്മേൽനിന്നു തുടങ്ങി ഉത്തരത്തോളമുള്ള ഉയരത്തെ പാദമാനമെന്നു പറയുന്നു. അധികം ചെറുതായ ഗൃഹത്തിൽ ചിലേടത്തു പാദമാനം മൂന്നേകാൽ കോൽ എടുത്തുവരുന്നു. പിന്നെ അതാ ഈ ഗൃഹത്തിന്റെ വിസ്താരത്തോടു സമമായിട്ടും, വിസ്താരത്തെ നാലോ, ആറോ, ഏഴോ, എട്ടോ, ഒമ്പതോ അംശങ്ങളാക്കി ഭാഗിച്ചു് ഓരോ ഭാഗം കൂട്ടിയും കുറച്ചും അവിടവിടത്തെ ഔചിത്യംപോലെ കൊള്ളുകയും ചെയ്യും.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു് ഉപപീഠത്തെ പറയുന്നു.

രക്ഷാശോഭോച്ഛ്രയാർത്ഥം സകലനിലയനാ-
ധാരതോഽധസ്സുമന്താൽ
കർത്തവ്യം ചോപപീഠം കരകരയുഗളം
ചോരഗാദ്യംഗുലാഢ്യം
അന്തർഭാഗേ തു ഗർത്താങ്കണമഥ വൃഷയോ-
ന്യാനിതം കേസരം വാ
ടിശ്ശൈശാന്യാമഭോഽങ്ങ്മുഖമപി രചയേൽ
പ്രാങ്മുഖം വാംബുമാർഗ്ഗം. 85

വ്യാ—ഗൃഹങ്ങൾക്കു് ഉറപ്പും, ഭംഗിയും, ഉയരവും ഉണ്ടാകുന്നതിനു വേണ്ടി, എല്ലാ ഗൃഹങ്ങളുടേയും അധിഷ്ഠാനത്തിന്റെ താഴെ പുറമേ ഉപപീഠം ഉണ്ടാക്കേണ്ടതാണു്. അതു് ഒരു കോലോ, രണ്ടു കോലോ, അവ രണ്ടിലും എട്ടു മുതൽ വിരലുകൾ കൂട്ടീട്ടോ കൊള്ളാം. നാലുപുരകളുടേയും അകത്തു് ഈ ഉപപീഠങ്ങൾ തമ്മിൽ കൂട്ടുമ്പോൾ നടു

വിൽ ഉണ്ടാകുന്ന കുഴിമുറ്റം വൃഷയോനിയോ ധ്വജയോനിയോ ആയിരിക്കണം. (ഉപപീഠത്തിനു കോലായത്തറ എന്നും പറയുമാറുണ്ട്) കുഴിമുറ്റത്തിന്റെ ഈശാനകോണിൽ വടക്കോട്ടോ കിഴക്കോട്ടോ മുഖമായിട്ടു വെള്ളം ഒഴുകുന്നതിനു് ഓവു് ഉണ്ടാക്കണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ഉപപീഠത്തിന്റെ പൊക്കത്തെ പറയുന്നു.

ഗേഹാധിഷ്ഠാനോച്ഛ്രയോ രസാദ്യൈ—
ഷ്ടാംകാശാംശൈരുനിതോ വാ യഥേഷ്ടം
മർത്ത്യാഗാരസ്യോപപീഠോച്ഛ്രയസ്യാ—
ത്തത്തൽഭാഗൈഃ പാദകാദ്യാ വിധേയാഃ. 86

മനുഷ്യാലയത്തിൽ ഉപപീഠത്തിന്റെ പൊക്കം, ഗൃഹങ്ങളുടെ തറപ്പൊക്കത്തോളമോ തറപ്പൊക്കത്തിൽ ആറോ, ഏഴിഴോ, എട്ടോ, ഒമ്പതോ, പത്തോ അംശം കുറവായിട്ടോ ഇരിക്കണം. പൊക്കംകൊണ്ടു് അംശിച്ചു് അതതിനുള്ള അംശങ്ങളെക്കൊണ്ടു പാദകാദികളായ അവയവങ്ങളേയും ഉണ്ടാക്കണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു തറയെ പറയുന്നു.

ഭക്തേടസ്മിൻ പാദമാനേ ത്രികപഞ്ചരിഷുഷ്ടു്—
സപ്തനാഗാങ്കടിഗ്ഭി—
സ്ത്ര്യേകാംശം തദ്ധിഷ്ണ്യനകമിഹ തിഥിഭ—
ക്തേടഥവാ വേടഭാഗം
നന്ദത്രംത്രേ ച ബാണാംശകമിനയുഗഭ—
ക്തേടഗ്നിഭാഗം മുനീന്ദ്രൈ—
ർത്രയ്യംശം തിഥ്യംശിതേ വാപ്യുദധിപരിമിതം
ചേധ്മഭക്തേ രസാംശം. 87

വ്യാ—മേൽപറഞ്ഞ പാദമാനത്തെ മൂന്നു്, നാലു്, അഞ്ചു്, ആറു്, ഏഴു്, എട്ടു്, ഒമ്പതു്, പത്തു്; ഈ സംഖ്യ

കളിൽ ഏതെങ്കിലും ഒന്നുകൊണ്ട് അംശിച്ചാൽ അതിൽ ഒരംശംകൊണ്ടും, അല്ലെങ്കിൽ പാദമാനത്തെ പതിനഞ്ചംശിച്ചാൽ നാലംശംകൊണ്ടും, പതിനെട്ടംശിച്ചാൽ അഞ്ചംശംകൊണ്ടും, ഇരിപത്തിനാലംശിച്ചാൽ ഏഴംശംകൊണ്ടും, ഏഴംശിച്ചാൽ രണ്ടംശംകൊണ്ടും, പതിമ്മൂന്നംശിച്ചാൽ നാലംശംകൊണ്ടും, ഇരിപത്തൊന്നംശിച്ചാൽ ആറംശംകൊണ്ടും, തറയുടെ പൊക്കത്തെ കല്പിക്കാം.

അവ—ഇനി നാല് ശ്ലോകങ്ങളെക്കൊണ്ട് തറയുടെ ജാതിഭേദങ്ങളെ പറയുന്നു. അവിടെ മുമ്പേതന്നെ ഒരു ശ്ലോകംകൊണ്ട് 'മഞ്ചകം' എന്ന ജാതിയായ തറയെ പറയുന്നു.

ഇഷ്ടാധിഷ്ഠാനതുംഗേടത്ര തു നവഭജിതേ
ത്ര്യംശതഃ പാദകോച്ചം
ഷഡ്ഭിഃ കയ്യാജ്ജഗത്യുത്സ്രയമഥ നയനം-
ദ്ര്യംശകൈവ്വാ ക്രമേണ
നാസ്മൈവം 'മഞ്ചകം' സ്യാൽ പ്രതിഗളരഹിതം
സവ്വതഃ പാദകോച്ച-
ത്ര്യംശോനാദ്ധ്യാനപഞ്ചാംശിതഹൃതവഹഭാ-
ഗൈശ്ച തന്നിഷ്ക്രമോ ഹി. 88

വ്യാ—ഇഷ്ടമായിരിക്കുന്ന തറയുടെ പൊക്കത്തെ ഒമ്പതായി അംശിച്ചാൽ മൂന്നംശംകൊണ്ടു പാദകത്തിന്റെയും, ആറംശംകൊണ്ടു ജഗതിയുടേയും പൊക്കം കല്പിക്കാം. അല്ലെങ്കിൽ ഒമ്പതംശിച്ചാൽ രണ്ടംശംകൊണ്ടു പാദകത്തിന്റെയും, ഏഴംശംകൊണ്ടു ജഗതിയുടേയും പൊക്കം കല്പിക്കയും ചെയ്യാം. മഞ്ചകം എന്നു പേരായിട്ടുള്ള തറ ഇപ്രകാരമാകുന്നു. ഇതിന്നു ഗളവും പടിയും ആവശ്യമില്ല. ഇപ്പോൾ പറഞ്ഞിട്ടുള്ളതും, ഇനി പറവാൻ പോകുന്നതുമായ എല്ലാ തറകൾക്കും ജഗതിയിങ്കൽനിന്നു പാദകത്തിന്റെ പുറപ്പാടു, പാദകത്തിന്റെ പൊക്കത്തോളമോ അതിൽ

പാതിയോ മൂന്നിലൊന്നോ കുറച്ചോ പാടുകപ്പൊക്കത്തെ അഞ്ചംശിച്ചു മൂന്നംശമോ കൊള്ളാം.

അവ—ഇനി രണ്ടു ശ്ലോകങ്ങളെക്കൊണ്ടു മൂന്നുവിധം 'ഗളമഞ്ചകം' എന്ന ജാതിയായ തറയേ പറയുന്നു.

ത്രീണി സ്യു'ർഗ്ഗളമഞ്ചകാനി',രവിഭ-
ക്തേ ഭൃംശതഃ പാടുകം
ഷഡ്ഭിസ്തജ്ജഗതീം ഗളം ഭിതയതോ
ഭാഭ്യാം ച കുയ്യാൽ പ്രതിം
മാസ്വരേ ശരഭാജിതേ വിരചയേ-
ദേകാംശതഃ പാടുകം
ഭാഭ്യാം തജ്ജഗതീം ഗളം പ്രതിമപി
ഹ്യേകൈകരഃ കല്പയേൽ. 89

വ്യാ—ഗളമഞ്ചകമെന്നു പേരുള്ള അധിഷ്ഠാനം മൂന്നു പ്രകാരമുണ്ട്. അവയിൽ തറപ്പൊക്കത്തെ പന്ത്രണ്ടംശിച്ചാൽ രണ്ടംശംകൊണ്ടു പാടുകവും, ആറംശംകൊണ്ടു ജഗതിയും, രണ്ടംശംകൊണ്ടു ഗളവും, രണ്ടംശംകൊണ്ടു പ്രതി (പടി)യും, കല്പിച്ചിട്ട് ഒരു പ്രകാരം; പിന്നെ തറപ്പൊക്കത്തെ അഞ്ചംശിച്ച് ഒരംശംകൊണ്ടു പാടുകവും, രണ്ടംശംകൊണ്ടു ജഗതിയും, ഒരംശംകൊണ്ടു ഗളവും, ഒരംശംകൊണ്ടു പടിയും കല്പിച്ചിട്ടു മറ്റൊരു പ്രകാരവും ഉണ്ടാക്കാം.

മാസ്വരേ സുരനായകേന ഭജിതേ
ഭാഭ്യാമഥോ പാടുകം
ഷഡ്ഭിസ്തജ്ജഗതീമഥോ വിരചയേ-
ദേകാംശതോ വാജനം
ഋശഭിഭ്യാം ഗളമുല്പവാജനമഥാ-
ത്രൈകേന നേത്രാംശതഃ
പ്രത്യൂച്ചം ഗളമഞ്ചകാഭിധമിദം
ഗേഹേഷു സമ്പൽകരം. 90

വ്യാ—തറയുടെ ഉയരത്തെ പതിനാലംശിച്ചാൽ രണ്ടംശംകൊണ്ടു പാടകവും, ഒരംശംകൊണ്ടു ജഗതിയും, ഒരംശംകൊണ്ടു ഗളത്തിന്റെ താഴെയുള്ള വാജനവും, രണ്ടംശംകൊണ്ടു ഗളവും, ഒരംശംകൊണ്ടു ഗളത്തിന്റെ മേലേ വാജനവും, രണ്ടംശംകൊണ്ടു പടിയുടെ കനവും കല്പിക്കാം. ഇങ്ങനെ ഒരു പ്രകാരം 'ഗളമഞ്ചകം' ഇപ്പോൾ മൂന്നു പ്രകാരം ഗളമഞ്ചകങ്ങളെന്ന തറയെ പറഞ്ഞു. ഇവ മൂന്നും ഗൃഹങ്ങളിൽ സമ്പത്തിനെ ഉണ്ടാക്കുന്നതാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു മുൻപറഞ്ഞ ഗളമഞ്ചകങ്ങളായ തറകളുടെ ജഗതിക്കും പടിക്കും ഉള്ള പുറപ്പാടിനേയും, ഗളത്തിനു് അകത്തേക്കുള്ള ഗമനത്തിനേയും പറയുന്നു.

ഏവം ത്രിധോക്തേ ഗളമഞ്ചകാഖ്യേ
പ്രതേജ്ജഗത്യാ സമനിഷ്ക്രമതഃ
കായ്യം ഗളാന്തർഗ്ഗമനം ഗളോത്സേ-
ധാംശ്ലൃംശതസ്ത്യാൽ ഗളമഞ്ചകാനാം. 91

വ്യാ—ഇങ്ങനെ മൂന്നുപ്രകാരം ഗളമഞ്ചകം എന്ന തറയെ പറഞ്ഞുവല്ലൊ. ഇവയിൽ എല്ലാറ്റിലും മാനസൂത്രത്തിൽനിന്നു പടിയുടേയും ജഗതിയുടേയും പുറപ്പാടു സമമായിരിക്കണം. ഗളത്തിനു് ഇവയിൽനിന്നു് അകത്തേക്കുള്ള ഗമനം, അതിന്റെ (ഗളത്തിന്റെ) പൊക്കത്തിൽ നാലിൽ ഒരു ഭാഗമായിരിക്കണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു കാലെകരത്തെ പറയുന്നു.

കൃതാധിഷ്ഠാനമേവം ദ്വിധരമഥ ത-
ച്ഛ്ലേഷിതം പാദമാനം
വിദ്യാദംശ്ലൃച്ച, മസ്മിന്നുദുരഗളജം-
ഗാംഘ്രിപങ്ക്തീശഭക്തേ

ഛകാംശേനാനചിതം വാ വിരഹിതമഥവേ-
തീപ്സിതാത്താംഘ്രിദീഗ്ഘ്വാ-
ടോമാസംജ്ഞാംഘ്രിപീഠോച്ഛ്രയമപനയതാൽ
പോതികായാ ഘ്നനം ച. 92

വ്യാ—ഇപ്രകാരം വളരെ ഉറപ്പിൽ തറയെ ചണി ചെയ്തിട്ട്, പിന്നെ പാദമാനത്തിൽനിന്ന തറപ്പൊക്കം കഴിച്ചുശേഷമുള്ള പൊക്കത്തെ കാലെകരം എന്ന് അറിഞ്ഞു കൊള്ളണം. ആ കാലെകരം പോരാ എന്നോ അധികമായി എന്നോ വരുന്ന പക്ഷം, ആക്കാലെകർത്തെ ആറോ, ഏഴോ, എട്ടോ, ഒമ്പതോ, പത്തോ, പതിനൊന്നോ ആയി അംശിച്ച് ഒരംശം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം. ഇങ്ങനെ ഇഷ്ടമായി കല്പിച്ചിരിക്കുന്ന കാൽനീളത്തിൽനിന്ന് 'ഓമ' എന്ന പേരുള്ള തൂണിന്റെ ചുവടിന്റേയും, പോതികയുടേയും കനത്തെ കുറയ്ക്കണം. (ആ തൂണിന്റെ നീളമാണെന്ന താല്പര്യം.)

അവ—ഇനി നാല ശ്ലോകങ്ങളെക്കൊണ്ട് തൂണുകളുടെ ആകൃതിഭേദങ്ങളേയും മറവും പറയുന്ന.

കായ്യാസ്സ്പൃശ്രണാ യുഗാഷ്ടസുപകോ-
ണാസ്സപ്തതോ വൃത്തളാ
വിസ്താരത്രിഗുണോപരി ത്രിഗുണവി-
സ്താരോന്മിതാഷ്ടാശ്രകാഃ
മൂലോത്ഭാവിതകണ്ണസൂത്രചതുര-
ശ്രോദ്ധാംശവൃത്താഃ പുനഃ
ശുണ്ഡാതേഭവിചിത്രവൃത്തരുചിരാ
വാരബ്ധഗേഹോചിതാഃ 93

(ത— സ.)

വ്യാ—തൂണുകൾ, നാല്, എട്ട്, പതിനാറ്, ഇങ്ങനെയുള്ള പട്ടങ്ങളോടുകൂടിയവയായിട്ടും, എല്ലാടവും ഉരു

ണ്ടവയായിട്ടും തൂണുകളുടെ പുവട്ടിലെ വിസ്താരംകൊണ്ടു മൂന്നംശം പുവട്ടിൽനിന്നു ചെന്ന ശേഷം അത്രയും അഷ്ടാശ്രയമായിട്ടും, ശേഷം രണ്ടുഭാഗവും ചതുരശ്രമായിട്ടും, പുവട്ടിലെ കണ്ണസൂത്രത്തോളം പുവടുഭാഗം ചതുരശ്രമായിട്ടും, ശേഷം വൃത്തമായിട്ടും, കുഴിഞ്ഞ പട്ടങ്ങളോടുകൂടിയവയായിട്ടും, മനോഹരങ്ങളായ കെട്ടുകളോടുകൂടിയവയായിട്ടും, പണിചെയ്യാൻ ആരംഭിച്ചിരിക്കുന്ന ഗൃഹത്തിനു യോഗ്യങ്ങളായിരിക്കത്തക്കവണ്ണം ഉണ്ടാക്കേണ്ടതാകുന്നു.

സ്തംഭാസ്തന്മൂലകണ്ണായതിമിത ചതുര-
ശ്രാഗ്രമാനാസ്സമസ്താ
മൂലേ വ്യാസസ്യ സംജ്ഞാനലജലധിമിതാ-
ബ്ജ്യശ്രകാഃ കണ്ണതോ വാ
മധ്യേ കണ്ണോന്മിതാബ്ജ്യശ്രകമപി രചയേ-
ദ്ഭദ്രഭാഗേടപ്യധസ്താ-
ച്ചേസചശ്രാ വൃത്തള്ളാ വാ ശ്രുതിപരിമിതവേ-
ദാശ്രകാ വാപി മൂലേ. 94

തൂണുകളെല്ലാം അതിന്റെ പുവട്ടിലുള്ള ചതുരശ്രത്തിന്റെ കണ്ണം എത്രയുണ്ടോ അത്രയും നീളത്തിൽ തലക്കല്ലും, പുവട്ടിലെ വിസ്താരത്തിന്റേയോ, കണ്ണത്തിന്റേയോ മൂന്നരയോ നാലോ അംശം നീളത്തിൽ പുവട്ടിലും, തലക്കലെപ്പോലെ കണ്ണത്തോളം നീളത്തിൽ മധ്യത്തിലും ചതുരശ്രമായിട്ടും, ആ മധ്യചതുരശ്രത്തിന്റെ മുകളിലും പുവട്ടിലുമുള്ള ഇടകൾ രണ്ടിലും അഷ്ടാശ്രമായിട്ടോ വൃത്തമായിട്ടോ പണിചെയ്യണം. പുവട്ടിലെ ചതുരശ്രം കണ്ണത്തോളം നീളമായിട്ടു (മുകളിലെപ്പോലെ) പണിയുകയും ചെയ്യാം.

സ്തംഭോത്സേധേ വിഭക്തേ രസതുരഗഭുജം-
ഗാംകളിഗ്രുദ്രസംഖ്യൈ-
സ്തത്ഷോഡകാംശാത്തമൂലപ്രതിതടുരഗാം
ശാദിഹീനാഗ്രതാനാൽ

ദാരുസ്തംഭാംസ്തഥോ വിഹിതതതിദലാ-
ഗ്ര്യബ്ജിഭാഗോനതാനാൻ
കുഡ്യസ്തംഭാംശ്ച കുഡ്യേ രചയതു ചരണാ-
ഗ്രപ്രതാനോട്ടഗ ണ്ഡഃ. 95

വ്യാ—തുണിന്റെ പൊക്കത്തെ ആറുമുതൽ പതിനൊന്നുവരെയുള്ള സംഖ്യകളിൽ ഒന്നുകൊണ്ടു് ഗുണിച്ചു് അതിൽ ഒരംശംകൊണ്ടു മരത്തുണികളുടെ കടക്കലേ വിസ്താരത്തേയും, എട്ടുമുതൽ പതിനൊന്നുവരെയുള്ള സംഖ്യകളിൽ ഒന്നുകൊണ്ടുഗുണിച്ചു് ഒരംശം കുറച്ചു തുണികളുടെ അഗ്രത്തിങ്കലെ വിസ്താരത്തേയും കല്പിക്കണം. പിന്നെ ഭിത്തിസ്തംഭങ്ങളെ പണിയേണ്ടുന്ന സ്ഥലങ്ങളിൽ ദാരുസ്തംഭങ്ങൾക്കു പറഞ്ഞിട്ടുള്ള വിസ്താരത്തിൽ പകുതിയോ മൂന്നിലൊന്നോ നാലിലൊന്നോ കുറഞ്ഞിട്ടുള്ള വിസ്താരത്തോടുകൂടി അവയേയും പണിചെയ്യണം. ഇവിടെ തുണികളുടെ തലുക്കലേ വിസ്താരത്തിനു 'ഉണ്ണ്' എന്നു പേരാകുന്നു.

ഏകം വാജനമുത്തരസ്യ യദിതൽ
സ്തംഭാന്തരാബ്ജ്യശ്രകം
ജ്യേഷ്ഠം, സമ്മതമല്പവാജനയുതേ
പത്രാന്വിതേ ചോത്തരേ
സ്തംഭാ മെഴുകതികളാമശ്രുണ്ഡുപലയാ-
ദ്യാധ്യാസ്സമസ്തൗസ്തഥൈ-
വോല്പം ഗാന്യഖിലാനി ചോത്തരവശാൽ
കല്പ്യാനി സപ്തൗ ച. 96

വ്യാ—ഉത്തരത്തിനു വാജനം ഒന്നേയുള്ളുവെങ്കിൽ സ്തംഭങ്ങൾക്കു 'മദ്ധ്യേ കണ്ണോന്മിതാബ്ജ്യശ്രകം' എന്ന വചനപ്രകാരം മദ്ധ്യചതുരശ്രം ഉണ്ടാക്കേണ്ടതു്. ഉത്തരത്തിനു് അല്പവാജനവും മഹാവാജനവും പത്രവുമുണ്ടെങ്കിൽ മധ്യകാണ്ഡവും ഉണ്ടാക്കാം. തുണികൾക്കു മുത്തുമാല, കുഴിഞ്ഞാ

പട്ടം, വള, എടഞ്ഞിടഞ്ഞുള്ള കെട്ട് മുതലായ അലങ്കാരങ്ങളുണ്ടാക്കാം. പിന്നെ ഉത്തരത്തിന്ന വളരു്, കപോതം മുതലായ അംഗങ്ങളുണ്ടെങ്കിൽ തൂണകത്തുക്കു കൂടം, മണ്ഡി, വീരകാണ്ഡം മുതലായ ഉപരിഭാഗങ്ങളെല്ലാം ഉണ്ടാക്കുകയുംചെയ്യാം. ഉത്തരത്തിന്റെ അംഗങ്ങളെ അനുസരിച്ചാണു് തൂണകത്തുക്കും അംഗങ്ങളുണ്ടാക്കേണ്ടതെന്ന സിദ്ധാന്തം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു പാദപീഠം എന്ന തൂണുകളുടെ 'ഓമ'യെ പറയുന്നു.

മാസ്യരോപരി 'പാദപീഠ'മഥ തൽ
സ്തംഭസ്യ മൂലപ്രഥാ-
കണ്ഠാകല്പിതതാരമുത്തരഫലനോൽ-
സേധ്യം തടിഭ്യം യു വാ
കത്തവ്യം, ശിലയാഥവാ ദൃഢതരൈ-
ർവൃക്ഷൈശ്ച തത്ര ന്യസേൽ
സ്തംഭാൽ വിസ്തൃതിവഹ്നിഭാഗരചിതാ-
ഗ്രാധശ്ശിഖാസംയുതാൻ. 97

വ്യാ—തറയുടെ മീതെ തൂണിന്റെ കടയ്ക്കലേ വിസ്താരത്തിന്റെ കണ്ഠത്തോളം വിസ്താരവും, ഉത്തരക്കനത്തോളമോ അതിൽ പകുതിയോ ഉയരവും ഉള്ള പാദപീഠത്തെ വയ്ക്കണം. ആ പാദപീഠം കരിങ്കല്ലുകൊണ്ടോ ഉറപ്പുള്ള മരംകൊണ്ടോ ഉണ്ടാക്കിയതായിരിക്കണം. തൂണിന്റെ മൂല വിസ്താരത്തിൽ മൂന്നൊന്നുകൊണ്ടു പുവട്ടിലും, അഗ്രവിസ്താരത്തിൽ മൂന്നൊന്നുകൊണ്ടു മുകളിലും കൂടുമയുണ്ടാക്കപ്പെട്ടിരിക്കുന്ന തൂണിനെ ആ പാദപീഠത്തിന്മേൽ നാട്ടണം. തൂണിന്റെ രണ്ടു തലയ്ക്കലും ഉണ്ടാക്കുന്ന കൂടുമകഠം അതിന്റെ വിസ്താരത്തിന്റെ മധ്യത്തിലായിരിക്കണമെന്നും, ഈ കൂടുമകഠം ചെല്ലുന്നകവണ്ണം ഓമയുടേയും പോതികയുടേയും മധ്യത്തിൽ തുളകഠം ഉണ്ടാക്കണമെന്നും അതുകൊൽ സിദ്ധമാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു പോതികയെ പറയുന്നു.

സ്തംഭാഗ്രോത്തരതാരയോഗലലിവി-
സ്താരാം തദ്ഭോല്ലസ-
ത്തീവ്രാമുത്തരവിസ്തൃതിത്രിഗുണിതാ-
യാമോജ്ജലാം 'പോതികാം'
സ്തംഭാഗ്രോദിതദണ്ഡവഹ്നൃധിസം-
ഖ്യായാമയുക്താം ന്യസേത്
സ്തംഭസ്യോപരി പഞ്ചദണ്ഡവിഹിതാ-
യാമാം കചിൽ കല്പയേത്. 98

വ്യാ—തൂണിന്റെ തലയ്ക്കലേ വിസ്താരവും, ഉത്തരത്തിന്റെ വിസ്താരവും കൂടീട്ടുള്ളതിൽ പകുതി വിസ്താരവും, ഈ വിസ്താരത്തിൽ പകുതി കനവും, ഉത്തരവിസ്താരത്തിൽ മൂന്നിരട്ടിനീളവും ഉള്ള പോതികയെ തൂണിന്റെ മുകളിൽ വയ്ക്കണം. ചിലേടത്തു് ഈ പോതികക്കു്, സ്തംഭാഗ്രവിസ്താരമാകുന്ന എണ്ണകൊണ്ടു മൂന്നോ നാലോ അഞ്ചോ എണ്ണം നീളം കല്പിക്കുകയും ചെയ്യാം

അവ—പോതികയുടെ വിശേഷത്തെ പറയുന്നു.

സ്തംഭമധ്യസമവിസ്തൃതാ ന വാ
പാദമൂലവിതതാനലായതിഃ
പോതികേതി കഥിതാ സുശോഭനാ
വാജനാദിബഹുഭൂഷണാന്വിതാ. 99

വ്യാ—അല്ലെങ്കിൽ പോതിക്കയ്ക്കു തൂണിന്റെ മദ്ധ്യത്തിലെ വിസ്താരത്തോളം വീതിയും, തൂണിന്റെ മുവട്ടിലെ വിസ്താരത്തിൽ മൂന്നിരട്ടി നീളവും കല്പിക്കുകയും ചെയ്യാം. പോതിക, വാജനം മുതലായ പല അലങ്കാരങ്ങളെക്കൊണ്ടു ഭംഗിവരുത്തിയതായിരിക്കയും വേണം.

അവ—ഉത്തരത്തിന്റെ വീതികനങ്ങളെ സാമാന്യമായി പറയുന്നു.

അംഗാഭിരുദ്രാവധികൈവ്വിഭക്തേ
സ്തംഭോച്ഛ്രയേ വിസ്തൃതിരുത്തരാണാം
ഷ്ഠകാംശതസ്തത്സമമംഘ്രിഹീന–
മദ്ധ്യോനിതം വാ ഘ്നമത്ര കായ്യം. 100

വ്യാ—കാൽനീളത്തെ ആറുമുതൽ പതിനൊന്നുവരെയുള്ള സംഖ്യകളിൽ ഒന്നുകൊണ്ടു പകുത്തു് അതിൽ ഒരു ഭാഗംകൊണ്ടു് ഉത്തരവിസ്താരത്തെ കല്പിക്കണം. ഈ വിസ്താരത്തോളമോ അതിന്റെ മുക്കാലോ പകുതിയോ കനവും ഉണ്ടാക്കണം.

അവ—ഉത്തരങ്ങളുടെ വിശേഷങ്ങളെ പറയുന്നു.

ഖണ്ഡോത്തരം ചരണവിസ്തൃതിതുല്യവിസ്താ–
രോത്സേധമുത്തമ,മതശ്ചരണോനതീവ്രം
പത്രോത്തരം, കലവിഹീനഘനം കനിഷ്ഠം
ത്രുപോത്തരം, ഘനതതിവ്വിപരീതതോ വാ. 101

(ത. സ.)

വ്യാ—കാൽവീതിയോടു തുല്യമായ വീതിയും, അത്രതന്നെ കനവും ആയി ഉണ്ടാക്കുന്നതു 'ഖണ്ഡോത്തര'വും, അതു ഉത്തമവും ആകുന്നു. (ഇതിനു 'ചീലാന്തി'യെന്നു പേർ) അതിൽ നാലൊന്നു കനം കുറഞ്ഞതു 'പത്രോത്തരം'.) അതു മധ്യമം. വിസ്താരത്തിൽ പാതി കനമായിട്ടുള്ളതു 'ത്രുപോത്തരം'. അതു് അധമമാകുന്നു. അതിന്റെ വീതികനങ്ങളെ മറിച്ചുവയ്ക്കുകയും ചെയ്യാം. അതിനെ 'ചൂഴിക'യെന്നു പറഞ്ഞുവരുന്നു.

അവ—അത്രുഡോത്തരത്തെ പറയുന്നു.

അല്പേ ധാമനി ബാഹ്യമേവ മഹതി
തച്ഛ്രുഡ്ധമപ്യുത്തരം
ഖിഷ്ടംഭേ തനയാൽ സഗേഹവിഹിതെ
ത്യേന്യാദിഭിസ്സംയുതം

വസുപഞ്ച്യക്ക്യയുഗാംഗ്ലുലാദിഗതിര
ന്തസ്ത്ര്യാദളിന്ദന്തു ത-
ത്താവൽ സോപാച്ഛ്രയ,മസ്യ കണ്ണസദൃശീ
വിഷ്കംഭപാദായതിഃ. 102

വ്യാ—ചെറിയ ഗൃഹത്തിങ്കൽ പുറത്തെ ഉത്തരംമാത്രം മതിയാകുന്നു. വലിയ ഗൃഹങ്ങളിലാകട്ടെ, അതതു ഗൃഹത്തിന്നു യോഗ്യങ്ങളായ യോന്യാദിലക്ഷണങ്ങളോടുകൂടി യതായിട്ടുള്ള ആശ്രുഢം എന്ന ഒരു ഉത്തരത്തെ കൂടി വിട്ടത്തിന്മേൽ (കുറിക്കാലും ടണ്ഡികയും) വയ്ക്കണം. ഇതിന്നു ബാഹ്യോത്തരപ്പുറത്തുനിന്നു് എട്ടു്, പതിനാറു്, ഇരിപത്തുനാലു മുതലായ വിരലുകം അകത്തേക്കു ഗമനമുണ്ടായിരിണം. അതു് അളിന്ദം (ഇറയം അല്ലെങ്കിൽ തിണ്ണ) ആകുന്നു. ബാഹ്യോത്തരപ്പുറത്തുനിന്നു് ആശ്രുഢോത്തരത്തിന്നു് എത്രത്തോളം അകത്തേക്കു വലിച്ചിലുണ്ടോ അത്രയും അതിന്നു് ഉയരവും ഉണ്ടായിരിക്കും. ഈ അളിന്ദത്തിന്റെ കണ്ണത്തോളം വിട്ടത്തിന്റെ കുറിക്കാലിന്നു നീളമുണ്ടായിരിക്കണം.' (വിഷ്കംഭം=വിട്ടം; എടവട്ടം എന്നും പറയും.)

അവ—ഇനി ഉത്തരങ്ങൾക്കു വാജനം (കൊത) ഉണ്ടാക്കുവാനുള്ള വിധിയെ പറയുന്നു.

ഷ്ടകം പേടവാജനം സായകഭജിതഘന-
ദ്വ്യംശതസ്ഥപിധേയം
പട്ടം തച്ഛീഷ്ടഭാഗൈസ്ത്രിഭിരഥ വസുഭ-
ക്ഷേ ഘനേ വാജനം തു
രാമാംശൈഃ കല്പയേദല്പകമപി വിധുനാ
വാജനം ശീഷ്ടഭാഗൈഃ
പട്ടം തത്തോത്തരസ്യാച്ഛ്രയഗജവരഭാ-
ഗസ്ഥ യോ നിഷ്ക്രമസ്ത്ര്യാൽ. 103

വ്യാ—വാജനം ഒന്നു മതിയെങ്കിൽ ഉത്തരക്കനത്തെ അഞ്ചായി അംശിച്ചു രണ്ടംശംകൊണ്ടു വാജനത്തെയും ശേഷം മൂന്നംശംകൊണ്ടു പട്ടത്തെയും ഉണ്ടാക്കണം. വാജനം രണ്ടു വേണമെങ്കിൽഉത്തരത്തിന്റെ കനത്തെ എട്ടംശിച്ചു മൂന്നുകൊണ്ടു മഹാവാജനവും, ഒന്നുകൊണ്ടു അല്പവാജനവും, നാലുകൊണ്ടു പട്ടവും ഉണ്ടാക്കണം. ഉത്തരക്കനത്തെ എട്ടംശിച്ച് ഓരോ അംശംകൊണ്ട് അവ രണ്ടിനും പുറപ്പാട് കല്പിച്ചുകൊൾക.

അവ—ഇനി ഒരു ശ്ലോകംകൊണ്ട് ഉത്തരവാജനങ്ങളെ മറ്റൊരു പ്രകാരത്തിൽ ഉണ്ടാക്കുവാനും, ഉത്തരപട്ടിക യെന്ന ചിറവത്തരത്തെ വയ്പാനും പറയുന്നു.

ഉത്സേധേ വിശിഖാംശിതേ ഒിതയതോ
ശ്രുപോത്തരേ വാജനം
ഷഡ്ഭക്തേടല്പമിളാംശതോ ഒിതയതോ
വാ സ്യാന്മഹാവാജനം
ഏതന്നിഷ്ക്രമനം നിജാംശ്രിരഹിതം,
ന്യസ്യേദുപര്യുത്തര—
സ്യൈതത്തീവ്രസമുഷ്ണയോഷ്ണയലോം—
ശവ്യാതതാം പട്ടികാം. 104

(ത. സം)

വ്യാ—മുൻപറഞ്ഞ മൂന്നുവിധം ഉത്തരങ്ങളിൽ കനം കുറഞ്ഞതായ ശ്രുപോത്തരത്തിനു വാജനമുണ്ടാക്കുമ്പോൾ ഉത്തരക്കനത്തെ അഞ്ചംശിച്ചു രണ്ടംശംകൊണ്ടു ഒരു വാജനം ഉണ്ടാക്കാം. രണ്ടു വാജനം വേണമെങ്കിൽ ഉത്തരക്കനത്തെ ആറംശിച്ചു ഒരംശംകൊണ്ടു ചെറിയ വാജനത്തെയും, രണ്ടംശംകൊണ്ടു വലിയ വാജനത്തെയും ഉണ്ടാക്കാം. വാജനംകഴിച്ചു ശേഷമുള്ള അംശം പട്ടമാക്കേണമെന്നുള്ളതു് അത്ഥസിദ്ധമാണല്ലൊ. വാജനങ്ങൾക്കു് അതിന്റെ പൊക്കത്തിൽ മുക്കാൽഭാഗം പുറപ്പാടു വേണം. പിന്നെ

ഉത്തരത്തിന്റെ മീതെ, ഉത്തരക്കനത്തോളം പൊക്കവും, ആപൊക്കത്തിൽ പാതി കനവും ഉള്ള 'ഉത്തരപട്ടിക' എന്ന പ്രകാരത്തെ ഉറപ്പിച്ചു വയ്ക്കണം.

ഇനി ഗൃഹങ്ങളുടെ ഉള്ളിലുള്ള മുറികൾക്കു തട്ടിടുവാനുള്ള വിധിയെ പറയുന്നു.

ഏകാംഗുല്യുന്നാടിടണ്ഡോച്ഛ്രയമുപരി നിധാ-
യോത്തരേ വാജനം പ്രാ-
ക്തിര്യ്ഗുണ്ഡോച്ഛ്രയാംഗുല്യുനിതബഹുളയുലാ-
സ്ഥാസു വംശാനുവൃത്ത്യാ
സപാളിപ്രാക്രാന്താ ജയന്തീസ്ഥപരി സുസമി-
കൃത്യ കൃതപ്രാനുവംശം
നിച്ഛിദ്രം ഛാദയേത്സപ്രചിതഫലനഫലകാ-
പ്രസ്തരേണോപരിഭാഗം. 105

(ത. സ.)

വ്യാ—മുൻപറഞ്ഞ തൂണുകളുടെ അഗ്രത്തിങ്കലെ വിസ്താരമാകുന്ന ഒണ്ണുകൊണ്ട് ഒരു ഒണ്ണോ മുക്കാൽ ഒണ്ണോ ഉയരമുള്ളതായി 'വാജനം' (വളർ) എന്ന പേരായ ഒരു അവയവത്തെ ഉത്തരത്തിന്റെ അകത്തെ അരികിൽ മീതെ, പുറത്തെ അരികിൽ പിറകുത്തരം ഉറപ്പിച്ചിരിക്കുന്നതുപോലെ ഉറപ്പിച്ചു വയ്ക്കണം. അതിന് ഉത്തരത്തിന്റെ അകത്തേക്കു പുറപ്പാടുണ്ടായിരിക്കണം. ഇത് ഉത്തരത്തിന്റെ മീതെ വാജനംപോലെ ഇരിക്കുന്നതാണ്. ഇതിന 'വെള്ളെഴുത്ത്' എന്നും പേരുണ്ട്. പിന്നെ ഒരു ഒണ്ണ് ഉയരവും മുക്കാൽ ഒണ്ണ കനവും ഉള്ള തുലാങ്ങളെ ആ വെള്ളെഴുത്തിന്മേൽ വിലങ്ങത്തിൽ വയ്ക്കണം. ആതുലാങ്ങളുടെ മുകളിൽ അവയിൽപാതി അകത്തു 'ജയന്തി'കളെ ഇരുത്തണം. ഈ ജയന്തികൾ മോന്തായം നീണ്ടിരിക്കുന്ന ദിക്കിലേക്കു നീണ്ടിരിക്കയും വേണം. ഇവയുടെ മേലേ ഭാഗം പൊത്തി

നിരപ്പുവരുത്തി അതിൻമേൽ അവിടെയ്ക്ക് ഉചിതമായ കനത്തോടുകൂടിയ പലകകളെ, ജയന്തികളിൽ സന്ധി വരത്തക്കവണ്ണം വിടവുകൂടാതെ നിരത്തി തുലാങ്ങളിൽ ആണികൊണ്ട് തറച്ച് ഉറപ്പിച്ചു കൊള്ളണം. ഇതിന 'പ്രസ്തരം' അല്ലെങ്കിൽ തട്ട് എന്ന പേർ. (വംശം=മോന്തായം. ഉത്തരമെന്നും പറയും, ജയന്തികാ=കണ്ടിത്തുലാങ്ങാ; കഴികാ എന്നും പറയും.)

അവ— ഇനി ഒരു ശ്ലോകംകൊണ്ട് മോന്തായത്തെ പറയുന്നു.

പാശ്ചപ്രാപ്തുലുപാഗ്രയോഗവശതോ
വംശാഖ്യയാ പാഗ്രധാ—
ന്യൂക്താ സോത്തരതാരപാടരഹിത—
വ്യാസോച്ഛ്രയാ പാഥവാ
ആദ്യൂമ്മ്യംഗ്രുലതാരനീപ്രസഹിതാ
പണ്ഡെത്തർല്ലുപാനീപ്രവ—
ഹന്യുച്ഛ്രംശപ്രമിണതെർല്ലുപാപഗണിത—
ഷ്ടുക്താ ലസച്ചോജനാ. 106

വ്യാ— മോന്തായം, ഇരുപുറത്തുനിന്നും വരുന്ന കഴുക്കോലുകളുടെ തലകളിൽ കൊണ്ടിരിക്കുന്നതിനാൽ അതിന 'വംശം' എന്ന പേർ പറയുന്നു. (ജന്തുക്കളുടെ തണ്ടെല്ലുപോലെയാകയാൽ തണ്ടെല്ലിന്റെ പേരായ 'വംശം' എന്ന സംജ്ഞ ചെയ്തതായിരിക്കാം.) അത്ര— മോന്തായം— ഉത്തരത്തിന്റെ വിസ്താരത്തിൽ മുക്കാൽ ഭാഗം ഒപ്പക്കമായ വിസ്താരത്തോടുകൂടിയതായും, ഏഴു വിരലോ ആറു വിരലോ കനത്തോടുകൂടിയതായും, കഴുക്കോലുകളുടെ തല ചെന്നുചേരുന്നേടത്തു കഴുക്കോൽകനത്തിന്റെ മൂന്നംശമോ നാലംശമോ ഉള്ള പത്രങ്ങളോടും (പത്രം=കട്ട)വാജനങ്ങളോടും കൂടിയതായും ഇരിക്കണം. (അഗ്രധാനി=മോന്താഴം)

അവ—ഇനി ഒരു ശ്ലോകംകൊണ്ടു കഴക്കോലുകഠിക്കു ത്തരത്തിൽനിന്നു കീഴ്പ്പോട്ടുള്ള ഇറത്താഴ്ചയെ (പാദതാഴ്ച എന്നാണ് ആശാരിഭാഷ) പറയുന്നു.

കയ്യാഴത്തരപാദതോഽഖിലലൂപാ-
ലംബം തദൌചിത്യതഃ
സ്തംഭോച്ഛ്രായജിതേ ദിതയതോ
യദ്വാംകഭക്തേഽദ്രിഭിഃ
അദ്ര്യംശിന്യുരഗാംശിതേ ച ഹതഭ്ലഗ്-
ഭാഗൈസ്തഥാംശ്ലൃഷ്ടയം-
ത്ര്യംശാർദ്ധാംശത ഏവ വാഭിലഷിതം
ഷോഡ്ധോദിതേഷ്വേഷു ച. 107

വ്യാ—കാലുയരത്തെ അഞ്ചുകൂറിട്ടു രണ്ടുഭാഗമോ, ഒമ്പതുകൂറിട്ടു നാലുഭാഗമോ, ഏഴോ എട്ടോ കൂറിട്ടു മൂന്നുഭാഗമോ, മൂന്നു കൂറിട്ടു ഒരു ഭാഗമോ, കാലുയരത്തിൽ പാതിയോ ഇങ്ങനെ ആറുവിധത്തിൽ ഔചിത്യംപോലെ ഏതെങ്കിലും ഒരു പ്രകാരം ഉത്തരത്തിങ്കൽനിന്നു കഴക്കോലുകളുടെ താഴ്ച കല്പിക്കാം.

അവ—ഇതിനുമുമ്പിൽ മോന്തായത്തെപ്പറ്റി പറഞ്ഞുവല്ലോ. ചിലേടത്തു മോന്തായത്തിന്റെ സ്ഥാനത്തു 'കൂടം'വച്ചു കഴക്കോലുകളെ അതിന്മേൽ ചേർക്കേണ്ടതായിവരും. അതിനാൽ ഇനി രണ്ടു ശ്ലോകംകൊണ്ടു കൂടത്തിന്റെ ലക്ഷണങ്ങളെ പറയുന്നു.

യാവത്യാ വികൃതാ ലൂപാഃ ഖലു ഭവ-
ന്ത്യശ്രയോണി താവന്തി തൽ
കൂടസ്യാഥ സമസ്തവൃത്തമഥവാ
ധ്രുവ്യുരപുഷ്പോപമം

വിസ്താരദ്വിഗുണായതം തദുരഗാ-
ശാംഘ്ര്യംശഹീനം തു വാ
യത്തത്സ്വവ്യുപാംഘ്രിനാനവിതമിത-
സ്ഥാവച്ച വൃത്തം വിദുഃ. 108

വ്യാ—ക്കൂടത്തിങ്കൽ ചെല്ലുന്ന വികൃതലുപകരം (ചരിവുകഴക്കോലുകരം) എത്ര എണ്ണമുണ്ടോ, കൂടത്തിന്റ് അത്രയും പട്ടങ്ങളുണ്ടായിരിക്കണം. അല്ലെങ്കിൽ കൂടം, എല്ലാഭാഗവും ഉരുണ്ടതായിട്ടും, ഉമ്മത്തിൻപൂവിന്റെ ആകൃതിയിലുള്ളതായിട്ടും ഇരിക്കയും ചെയ്യാം. കൂടത്തിന്റ്, അതിന്റെ വിസ്താരത്തിൽ രണ്ടിരട്ടിയോ, അതിൽ നാലൊന്നോ എട്ടൊന്നോ കുറഞ്ഞിട്ടുള്ളതോ ആയ നീളവും, എല്ലാ കഴക്കോലുകളുടേയും കനംകൂടിയേടത്തോളം വണ്ണവുമുണ്ടായിരിക്കണം.

യോന്യാദ്യംഘ്രിലകൈസ്തഥാ ജലധിഷ-
ഷ്ഠാദ്യൈർയ്യുവൈഃ കല്പയേൽ
പട്ടം, തത്ര ലുപാവിതാനതതിഭു-
ല്ലംബായതം പട്ടതഃ
ഉത്തുംഗാഗ്രം നിയമേന കല്പിതമധോ-
മൂലം ച കൂടം തഥാ
സ്തംഭാസ്സവ്യുപാസ്തലാസ്ഥചരണാ
വിഷ്ണ്വംഭപാദ്യാഃ ക്രമേ. 109

വ്യാ—കൂടത്തിന്റെ യോനിമുതലായതു് അംഗുലങ്ങളെക്കൊണ്ടു വരുത്തണം. അപ്രകാരംതന്നെ നാലോ ആറോ എട്ടോ തോരകൊണ്ടു് അതിന്റെ പട്ടവുമുണ്ടാക്കണം. പട്ടത്തിൽനിന്നു മേല്പട്ടുള്ള നീളം കഴക്കോലിന്റെ വിസ്താരത്തോളം വേണം; കൂടത്തിന്റെ മൂലം (മുരട്ടു്=കട) കീഴ്പ്പട്ടായിട്ടും അഗ്രം, (തല) മേല്പട്ടായിട്ടും ഇരിക്കണം. സ്തൂണകരം,

കഴക്കോലുകാം, വിട്ടത്തിന്മേലെ കൂറിക്കാൽ മുതലായവ യെക്കാക്കയും, (നില്ക്കുന്ന സാധനങ്ങാംക്കു് എന്നു സിദ്ധാന്തം) മൂലം കീഴ്പ്പട്ടം, അഗ്രം മേല്പട്ടമായിരിക്കണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ചുഴിയും, വിട്ടവും, കുന്തക്കാലുമായിട്ടുള്ള പണിയെ പറയുന്നു.



ചുളീ വാ കചിദല്പമന്ദിരവിധൌ
തത്രാപി യുഗ്മാസ്സ്മൃതാ
വിഷ്കംഭാശ്ച തദല്പസമ്മിതതരം—
ശ്ലഥ്യഗ്രേഷുവംശോട്പി ച
തസ്മാദംശ്ലിസമുച്ഛയാത്ത്യജതു വാ
കപാപ്യദ്രിനാഗാങ്കടി—
ഗ്രദ്വാംശം തചിഹ ചുളികോപരിലുപാ
സ്സ്വസ്സ്വാഗ്രധാന്യാചിതാഃ. 110

വ്യാ—ചെറിയ ഗൃഹങ്ങളിൽ ഉത്തരത്തിന്റെ സ്ഥാനത്തു ചുഴികയായിട്ടും പണിചെയ്യാം. അവിടെ രണ്ടു്, നാലു മുതലായി ഇരട്ടപ്പെട്ട സംഖ്യകളോടുകൂടിയ വിട്ടങ്ങളേയും, ആ വിട്ടങ്ങളിൽ വിട്ടങ്ങളുടെ നീളത്തിൽ പാതി പൊക്കമുള്ള കുന്തക്കാലുകളേയും, ആകുന്തക്കാലുകളുടെ മുകളിൽ മോന്തായത്തേയും ഇരുത്തണം. കുന്തക്കാലുകളുടെ പൊക്കം, അതിൽ ഏഴോ എട്ടോ ഒമ്പതോ പത്തോ പതിനൊന്നോ അംശം കൂറച്ചും ചിലേടത്തു കൊള്ളാം. (ഇങ്ങനെ കുറക്കുന്നതിനു് 'അവിച്ചു്' എന്നു് ആശാരിഭാഷ.) ഇവിടെ ചുഴികയുടെ മീതെ ചിറകത്തരത്തിന്മേൽ എന്നപോലെ കഴക്കോലുകളെ വെട്ടി ഇരുത്തി മോന്തായത്തിങ്കൽ ചെല്ലുമാറു പണി ചെയ്യണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു കഴക്കോലുകളുടെ ഭേദങ്ങളേയും അവയുടെ സംജ്ഞകളേയും പറയുന്നു.

ഋജുമഞ്ചോപ്യോസ്ഥല്യാഃ
പ്രകൃതിലുപാഃ പാശ്വസംസ്ഥിതാസ്സുഷ്ഠുഃ
കോടൃുപകോടൃോ യാസ്സൃു-
വ്വികൃതിലുപാസ്താസ്തുപതുല്യദിഷ്ടതതാഃ 111

വ്യാ—ഗൃഹത്തിന്റെ നീളഭാഗത്തു് (മോന്തായത്തിന്റെ ഇരുപുറത്തു്) ഇറങ്ങുന്ന കഴുക്കോലുകൾക്കു് 'ഋജുമഞ്ചങ്ങൾ' എന്നും പ്രകൃതിലുപകൾ എന്നും പേരാകുന്നു. അവയ്ക്കു നീളവും വീതിയും എല്ലാറ്റിനും തുല്യമായിരിക്കും. ഗൃഹത്തിന്റെ മൂലകളിൽ ഇറങ്ങുന്ന കോടിക്കഴുക്കോലുകൾക്കും, അവയുടെ ഇരുപുറത്തും, ചരിഞ്ഞുചരിഞ്ഞു് ഇറങ്ങുന്ന ഉപകോടികൾക്കും 'വികൃതിലുപകൾ' എന്നു പേർ. അവയ്ക്കു നീളവും വീതിയും ഓരോന്നിനും ഓരോ വിധത്തിലായിരിക്കും.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു് അവയെ ഗൃഹത്തിന്മേൽ എങ്ങനെ കൊണ്ടുചെല്ലുണമെന്നു പറയുന്നു.

കായ്യാ ലുപാശ്ചോത്തരപട്ടികോല്പം
കൂടാഹിതാഗ്രാ വികൃതാസ്സുമസ്ഥാഃ
പാശ്വാഹിതാസ്സൃുഃ ഖലു നിവ്വികാരാ
നിവേശിതാഗ്രാഃ പുനരഗ്രധാന്യാം. 112

വ്യാ—വികൃതലുപകൾ എന്നു പറയുന്ന ചരിവുകഴുക്കോലുകളെല്ലാം ചിറകുത്തരത്തിൽ വെട്ടിയിരുത്തി തല കൂടത്തിൽ കേറിയിരിക്കത്തക്കവണ്ണം യോജിപ്പിക്കേണ്ടതാകുന്നു. പ്രകൃതിലുപകൾ (നേർകഴുക്കോലുകൾ) ഗൃഹത്തിന്റെ നെടിയ പാശ്വങ്ങളിലുള്ള ചിറകുത്തരങ്ങളിൽ വെട്ടിയിരുത്തി' തല മോന്തായത്തിൽ കേറിയിരിക്കത്തക്കവണ്ണം ചേർക്കേണ്ടതാകുന്നു.

അവ— ഇനി നാലു ശ്ലോകംകൊണ്ടു കഴക്കോലുകളുടെ നീളം നിണ്ണയിപ്പാൻ തോതെടുക്കുന്നതിനുള്ള പ്രകാരങ്ങളെ പറയുന്നു. അവിടെ മുമ്പിൽ ഒരു ശ്ലോകംകൊണ്ടു ഭുജാകോടികണ്ണങ്ങളെ പറയുന്നു.

സവ്യേഷ്ടാബ്ധ്യശ്രേ
തിര്യ്ഗുധഃ കല്പിതാത്ര രേഖായാ
സാഹി ഭുജാഗ്രോദ്ഭാഗ്രാ
കോടിസ്സ്യാൽ കോണഗാമിനീ കർണ്ണഃ. 113

വ്യാ— എവിടേയും അവനവൻ ഇഷ്ടംപോലെയുള്ള ഒരു ചതുരശ്രം വരച്ചാൽ അതിൽ മുവട്ടിൽ വിലങ്ങത്തിൽ വരക്കുന്ന രേഖയ്ക്കു 'ഭുജാ' എന്നു പേരാകുന്നു. ആ ഭുജയിൽ നിന്നു മേല്പട്ടു വരയ്ക്കുന്ന രേഖയ്ക്കു 'കോടി'യെന്നു പേർ. ഈ ഭുജാകോടികളുടെ കോണുകളിലേയ്ക്കു വരയ്ക്കുന്ന രേഖയ്ക്കു 'കർണ്ണം' എന്നു പേർ. ഈ സംജ്ഞ സാമാന്യമായിട്ടുള്ളതും, താഴെ പറയുന്നവയിൽ തെറ്റുവരാതെ ഓർമ്മവെക്കേണ്ടതുമാകുന്നു.

സുശ്ലക്ഷ്ണേ ഫലകാതലേ ക്ഷിതിതലേ
വാ ഗേഹതാരാഭ്രമാ-
ന്നാബ്ധ്യശ്രം, തദധോഭുജാപരിമിളൽ
ക്ഷുദ്രോത്തരോച്ചോന്മിതം
തസ്യാധോഘ്നമുത്തരസ്യ ച ലുപാ-
ലംബം ച തിര്യ്ഗ്രതൈഃ
സൂത്രൈഃ കല്പയതുത്തരോപരി ലുപാ-
പങ്ക്തിം ച യുജ്യാത്തതഃ. 114

വ്യാ— നല്ലവണ്ണം ചെത്തി നിരപ്പുവരുത്തിയ പലകത്തട്ടിന്മേലോ, സമനം മുതലായ യന്ത്രങ്ങളെക്കൊണ്ടു സമീകരിച്ചിട്ടുള്ള നിലത്തോ, പണിചെയ്യാൻപോകുന്ന ഗൃഹ

ത്തിന്റെ വിസ്താരത്തിൽ പകുതി അളവായിട്ട് ഒരു ചതുരശ്രം വരയ്ക്കുക; ആ ചതുരശ്രത്തിന്റെ ഭുജാരേഖയുടെ കീഴെ ചിറകത്തരത്തിന്റേയും ഉത്തരത്തിന്റേയും പൊക്കം എത്രയുണ്ടോ അത്രയും കീഴ്പ്പോട്ടിറക്കി രണ്ടു വരകളും, അതിന താഴെ കഴുക്കോലിന്റെ നിശ്ചയിച്ചിരിക്കുന്ന ചുറ്റളവ് എത്രയെന്നാൽ അത്രയും കീഴ്പ്പോട്ടിറക്കി ഒരു വരയും വരയ്ക്കുക. ഈ രേഖകളൊക്കെയും ഭുജാരേഖപോലെ വിലങ്ങത്തിലായിരിക്കണം. പിന്നെ ഈ ചതുരശ്രത്തിന്റെ താഴെ അത്യം വരച്ചിട്ടുള്ള ഭുജാരേഖയെ ഉത്തരസ്ഥാനത്തു കല്പിച്ച് അതിന്മേൽ കഴുക്കോലുകളുടെ പന്തിയിട്ട് അടയാളപ്പെടുത്തുകയും വേണം.

അവ—ഇനി പന്തിയിടേണ്ടും പ്രകാരം പറയുന്നു.

സംഖ്യാഃ കോട്യുപകോടികാദിവിഭക്താ—
നാം യാ ലുപ്താനാം തത—
സ്ത്രാസ്സംഖ്യാദിഗ്രഹൈകസംഖ്യരഹിതാഃ
കല്പ്യാസ്ത്ര സവ്യത്ര ച
ദേ ദേ കോട്യുപകോടികാദിവിഭക്താ—
നാമന്തരാളേ പൃഥക്
തത്തൈകാ ഗ്രഹതാരമധ്യനികടേ—
പ്യേവം വിഭാഗോ മതഃ. 115

വ്യാ—പിന്നെ ഇവിടെ ഉണ്ടാക്കുവാൻ ഭാവിക്കുന്ന ഗൃഹത്തിന്റെ കോടി, ഉപകോടി മുതലായ ചുരിവുകഴുക്കോലുകളുടെ സംഖ്യ എത്രവേണമെന്നു നിശ്ചയിച്ച്, ആസ്സംഖ്യയെ എഴുതിച്ചു അതിൽനിന്നും ഒന്നു കുറച്ചാലുണ്ടാകുന്ന സംഖ്യ എത്ര എന്നു നിർണ്ണയിക്കുക. ഇതു് എല്ലായിടത്തും സാമാന്യമായിട്ടുള്ള നിയമമാണു്. ഇതു് എങ്ങനെയെന്നാൽ ചുരിവുകഴുക്കോൽ രണ്ടാണെങ്കിൽ ഈ സംഖ്യ മൂന്നായിരിക്കും. കഴുക്കോൽ മൂന്നാണെങ്കിൽ സംഖ്യ അഞ്ചു്;

നാലാണെങ്കിൽ ഏഴു്; ഇങ്ങനെ സമ്പ്രതി കണ്ടുകൊൾക. ഇനി ഈസ്സംഖ്യയിൽ കോടിയുടേയും ഉപകോടിയുടേയും ഇടയിൽ രണ്ടും, ഉപകോടിയുടേയും അതിനടുത്ത പരിവുകഴക്കോലിന്റേയും ഏടയിൽ രണ്ടും, ഇങ്ങനെ ഓരോ കഴക്കോൽപ്പുഴതിൽ ഈ രണ്ടു സംഖ്യാവീതം നിശ്ചയിച്ചു പന്തിയിട്ടുകൊൾക. എന്നാൽ ഗൃഹത്തിന്റെ വിസ്താരമയ്യത്തിന്നു് അടുത്ത പന്തി ഒരംശമായിട്ടുവരും. ഇതെങ്ങനെ എന്നു് ഒരു ഉദാഹരണംകൊണ്ടു തെളിയിക്കാം. ഇഷ്ടമായ ഗൃഹത്തിന്റെ വിസ്താരം ഏഴുകോലെന്നു കല്പിക്കുക. അപ്പോൾ ഗൃഹവിസ്താരത്തിൽ പകുതി മൂന്നരക്കോൽ. ഈ ഗൃഹത്തിന്നു കോടിയോടുകൂടി പരിവുകഴക്കോൽ നാലാണെന്നു കല്പിക്കുക. ഈസ്സംഖ്യയെ ഏരട്ടിച്ചു് കിട്ടുന്ന കൂറക്കു സമ്പോൾ വരുന്ന സംഖ്യ ഏഴു്. വിസ്താരാർദ്ധമായ മൂന്നരക്കോലിനെ ഏഴുകൊണ്ടു് അംശിക്കുമ്പോൾ കാരോ അംശം അരക്കോൽ വീതമുണ്ടായിരിക്കും. കോടിക്കുഴക്കോലിന്റെ സ്ഥാനത്തുനിന്നു് ഈ രണ്ടംശം ചെല്ലുന്നേടത്തു് ഓരോ പന്തിയിട്ടു് അടയാളം കല്പിച്ചുകൊൾക. എന്നാൽ കോടിക്കുഴക്കോൽ കൂടാതെ അതിന്റെ ഇരുപാർശ്വങ്ങളിലും മുന്നു പരിവുകഴക്കോലുകളുടെ സ്ഥാനങ്ങൾ വരും. അവ കഴിച്ചു ഗൃഹവിസ്താരാർദ്ധമായ കൂടമയ്യത്തിനടുത്തു് ഒരംശം ശേഷിച്ചുകിടക്കും. ഇതുപോലെ മറ്റെ കോടിയിൽനിന്നും പന്തിയിട്ടുവരുമ്പോൾ അവിടേയും ഓരോ കഴക്കോലുകളുടെ ഇടയിൽ ഈരണ്ടംശംവീതം കഴിച്ചു കൂടമയ്യത്തിന്റെ മറ്റെ ഭാഗത്തും ഒരംശം ശേഷിച്ചുവരും. അപ്പോൾ രണ്ടു കോടിക്കുഴക്കോലുകളുടേയും ഏടയിൽ രണ്ടുഭാഗത്തും മുന്നു വീതം ആറു പരിവുകഴക്കോലുകളും അവയ്ക്കു് ഏഴു് ഏടകളും, ഓരോ ഏടയിൽ ഈരണ്ടംശം വീതമുള്ള പന്തികളും ശരിയായിരിക്കും. ഇതുപോലെ എല്ലാ ഗൃഹങ്ങൾക്കും കണ്ടുകൊൾക.

അവ—ഇനി ഈ ച്ചുരിവുകഴക്കോലുകൾ കാരോന്നിനും പ്രത്യേകം പ്രത്യേകം നീളം നിണ്ണയിപ്പാനുള്ള വിധിയെ പറയുന്നു.

ഇതി വികൃതിലൂപാനാം പങ്ക്തിമാകല്പ്യ തത്തൽ-
സ്ഥിതിനിയമകൃതാങ്കോ യസ്തടാക്രാന്തകണ്ണഃ
നിയതകൃതലൂപാലംബാഭഥാക്ഷടപാർശ്വം
ഭവതി പൃഥഗമീഷാം ദീഗ്ഘമാനം ലൂപാനാം. 116

വ്യാ—ഇപ്രകാരം ചരിവുകഴക്കോലുകൾക്കു പന്തിയിട്ട് അതതു കഴക്കോലുകളുടെ സ്ഥാനത്തു് അടയാളം കുറിക്കുക. പിന്നെ അതതു് അടയാളത്തിങ്കലേക്കു പ്രത്യേകം ഓരോ കണ്ണരേഖ വരയ്ക്കുക. അങ്ങനെ വരയ്ക്കുമ്പോൾ ഗൃഹവിസ്താരത്തിൽ പകുതിയായിട്ടു മുമ്പേ വരച്ചിട്ടുള്ള ചതുരശ്രത്തിൽ ഉത്തരസ്ഥാനത്തു കല്പിച്ചിരിക്കുന്ന ഭുജാരേഖയുടേയും മോന്തായത്തുക്കായിക്കല്പിച്ചിരിക്കുന്ന കോടിരേഖയുടെയും അഗ്രങ്ങൾ തമ്മിൽ യോജിപ്പിച്ചു വരച്ചിരിക്കുന്ന കണ്ണരേഖതന്നെ നോർമ്പക്കഴക്കോലിന്റെ നീളമാകുന്നതു്. ആ കണ്ണരേഖയുടെ നീളത്തിനൊപ്പിച്ചു് ഒരു തോരണമുണ്ടാക്കി ആ തോരണത്തിനെ മുൻപേ വരച്ചിട്ടുള്ള ഭുജാരേഖ മേൽക്കൂടി അതിന്റെ മൂലത്തിങ്കൽനിന്നു വലത്തുഭാഗത്തേക്കു നീട്ടിവച്ചു് അവിടെ ഒരു അടയാളം കുറിക്കുക. പിന്നെ കോടിരേഖയുടെഅഗ്രത്തിങ്കൽനിന്നു് ഈ അടയാളത്തിൽ തട്ടിച്ചുകൊണ്ടു് അതിനു കീഴെ എറത്താഴ്ചക്കു വരച്ചിട്ടുള്ള രേഖയിൽ എത്തുമാറു് ഒരു കണ്ണരേഖ വരച്ചാൽ ആ കണ്ണരേഖയുടെ നീളം കോടിക്കഴക്കോലിന്റെ നീളമായിരിക്കും. പിന്നെ ഇതുപോലെ ഉപകോടി (കോടാവണ) എന്ന കോടിക്കു് അടുത്ത ചരിവുകഴക്കോലിന്റെ സ്ഥാനത്തു കുറിച്ചിരിക്കുന്ന അടയാളത്തിങ്കൽനിന്നു കോടിരേഖയുടെ അഗ്രത്തിങ്കലേക്കുള്ള കണ്ണദീഗ്ഘത്തെ ഭുജയാക്കി അതിന്റെ അഗ്രത്തിങ്കൽ

അടയാളം കുറിച്ചു ആ അടയാളത്തിൽ തട്ടിച്ചുകൊണ്ടു കോടിയുടെ അഗ്രംമുതൽ എറ്റത്താഴ്ചവരെ ഒരു കണ്ണരേഖ വരച്ചാൽ അതിന്റെ നീളം കോടാവണിക്കുഴക്കോലിന്റെ നീളമായിരിക്കും. ഇങ്ങനെ എട്ടുചുരിവു കഴക്കോലുകൾക്കും തോതെടുത്തു നീളം നിണ്ണയിച്ചാൽ അഴു, അതതു ചരിവു കഴക്കോലുകൾക്കു വെവ്വേറെ എറ്റത്താഴ്ച, മുതൽ ക്ഷേത്രാഗ്രം അല്ലെങ്കിൽ മോന്താഴമേൽവായവരെയുള്ള നീളമായിവരും.

ഗ്രന്ഥകാരൻ വിവക്ഷിച്ചിട്ടുള്ളതും, 'വാസ്തുവിദ്യ' മുതലായ പൂർവ്വഗ്രന്ഥങ്ങളിൽ വിധിച്ചിട്ടുള്ളതും, യുക്തിക്കു ശരിയായിട്ടുള്ളതും ഇങ്ങനെയാണെങ്കിലും, ഈ മൂലശ്ലോകത്തിലെ പദങ്ങളുടെ അർത്ഥം ശരിയായി ആലോചിച്ചാൽ അതിൽനിന്നു് ഈ അർത്ഥം വിശദമാകുമെന്നു തോന്നുന്നില്ല.

മേൽപ്പറഞ്ഞവിധം ഗൃഹവിസ്താരത്തിൽ പകുതി അളവായിട്ടുള്ള ഒരു ചതുരശ്രം പലകമേലോ നിലത്തോ വരച്ചു ശരിയാക്കുവാൻ വളരെ പ്രയാസമുള്ളതിനാൽ നാലോ ആറോ വിരൽ ചതുരശ്രത്തിൽ മട്ടത്തിന്റെ പുറത്തോ മറ്റൊരു പലകമേലോ ഒരു തളം വരച്ചു് അതിന്മേൽ പന്തിയിട്ട കണ്ണം വരച്ചു തോതെടുത്തു് ആത്തോളുകൊണ്ടു, ത്രൈരാശികപ്രകാരം ആവശ്യമുള്ള ഗൃഹത്തിന്റെ കഴക്കോലുകളുടെ നീളം നിണ്ണയിക്കുന്നതു് അധികം സൌകര്യപ്രദമാകുന്നു. അതിനാൽ ആശാരിമാരുടെ ഇടയിൽ അങ്ങനെ നടപ്പായിരിക്കുന്നു. എന്നാൽ വലിയ തോളുകൊണ്ടു് അധികം നീളം അളക്കുമ്പോൾ സൂക്ഷ്മക്കുറവുകൊണ്ടു രേഖമാത്രമെങ്കിലും പലേടത്തും കൂടുതൽകുറവു വരുന്നതായാൽ ഒടുവിൽ വലിയ വ്യത്യാസം വന്നേക്കാവുന്നതാകകൊണ്ടു് അതിൽ പ്രത്യേകം ശ്രദ്ധയുണ്ടായിരിക്കുകയും വേണം.

അവ—ഇനി രണ്ടു ശ്ലോകങ്ങളെക്കൊണ്ടു കഴുക്കോലുകളുടെ വീതി നിശ്ചയിപ്പാൻ പറയുന്നു. അവിടെ ആദ്യ ശ്ലോകംകൊണ്ടു നേർമഞ്ചങ്ങളുടെ വീതിയെ പറയുന്നു.

സവ്യേതരതാരതുല്യമുജ്ജ്വമ—
ഞ്ചാനാം ലുപാനാം തതം
തദ്വസദ്ധിരസാഗ്നിഗാബ്ധ്യനലഭം—
ഗൈകോനിതം വാനിതം
പിഷ്ടം പോത്തരതാരതോഽഗ്നിരഹിത
പിഷ്ടം ച സാർദ്ധം പുനഃ
കായ്യം തൽഘനമംഗുലേന യവവൃ—
ദ്ധ്യാ യാവദുതഃംഗുലം. 117

വ്യാ—നേർമഞ്ചക്കഴുക്കോലുകളുടെ വീതി എല്ലായിത്തും ഉത്തരവീതിയോടു സമമായിട്ടു കല്പിക്കാം. അല്ലെങ്കിൽ ഉത്തരവിസ്താരത്തെ എട്ടുമുതൽ മൂന്നുവരെ കീഴ്പ്പെട്ടുള്ള സംഖ്യകളെക്കൊണ്ടു് അംശിച്ചു് ഒരംശം, ഉത്തരവിസ്താരത്തിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്താൽ കിട്ടുന്ന വിസ്താരവും കല്പിക്കാം. ഉത്തരവിസ്താരത്തിൽ എരുട്ടിയോ ഒന്നേമുക്കാലോ വിസ്താരമായിട്ടും കൊള്ളാം. ആക്കഴുക്കോലുകളുടെ കനം ഒന്നര വിരൽ സാമാന്യമായിട്ടു കൊള്ളാം. പിന്നെ ഓരോ തോര കൂട്ടി ഔചിത്യംപോലെ ആറുവിരൽവരെ കൊള്ളുകയുമാം.

അവ—ഇനി പരിവുകഴുക്കോലുകളുടെ വീതി അറിവാനുള്ള ഉപായത്തെ പറയുന്നു.

അഞ്ജ്യശ്രം മഞ്ചകസ്യ പ്രതതിമിതമഥാ—
കല്പ്യ തൽക്കർണ്ണമഷ്ടീ—
കൃത്യ ന്യസ്യേൽ ഭുജായാമഥ വികൃതലുപാ—
പങ്ക്തിമധ്യൈവ കുര്യാൽ

തത്തൽക്കണ്ണപ്രമാണം ഖലു വികൃതിലുപാ-
നാം പൃഥഗവിസ്മൃതിസ്സ്യാൽ
പാശ്വേ ച കാര്യം ധ്വജാദിത്രയമപി ച വിതാ-
നം ച ലംബം ച സൂത്രം. 119

വ്യാ—നേർമഞ്ചക്കഴക്കോലിന്റെ വീതിയോട്ടു തു
ല്യമായിട്ട് (ഒരു പലകമേലോ നിലത്തോ) ഒരു ചതുര
ശ്രം വരയ്ക്കുക. പിന്നെ ആച്ചതുരശ്രത്തിന്റെ കണ്ണരേഖ
വരച്ചു്, അതിന്റെ പാതി നീളത്തിൽ ഒരു തോരണമാക്കി,
ആത്തോരണത്തെ ആച്ചതുരശ്രത്തിന്റെ ഭുജാരേഖയിൽക്കൂടി
നീട്ടിവയ്ക്കുക. പിന്നെ ആ ഭുജാരേഖയിൻമ്മന്നെ പരിവുക
ഴക്കോലുകളുടെ പന്തിയിട്ടു് അതതിന്റെ സ്ഥാനത്തു് അ
ടയാളം കുറിക്കുക. ആ അടയാളങ്ങളിൽ തട്ടുമാറു് ഓരോ
കണ്ണരേഖ വരച്ചാൽ അതതു കണ്ണരേഖയുടെ നീളംതന്നെ
അതതു പരിവുകഴക്കോലുകളുടെ വീതിയാകുന്നതു് എന്നു
റിഞ്ഞുകൊൾകം. ഈ പതുരശ്രത്തിന്റെ മൂലയോടുമൂലയിൽ
തട്ടുന്ന കണ്ണരേഖയുടെ നീളത്തോളം കോടിക്കഴക്കോലി
ന്റെ വീതി; അതിനടുത്ത കണ്ണരേഖയുടെ നീളം കോടാവ
ണയെന്ന ഒന്നാമത്തെ പരിവുകഴക്കോലിന്റെ വീതി; അ
തിനടുത്തതു രണ്ടാമത്തേതിന്റെ വീതി; ഇങ്ങനെ മറെ
ല്ലാറ്റിനും കണ്ടുകൊൾകം. (ഇവിടെ മൂലശ്ലോകത്തിൽ
"തൽകർണ്ണമദ്ധീകൃത്യ ന്യസ്യേത്ഭുജായാം" എന്നുള്ള വാ
ക്യത്തിന്റെ പ്രയോജനമെന്തെന്നു മനസ്സിലാകുന്നില്ല.)
പിന്നെ മേല്പറഞ്ഞപ്രകാരം കഴക്കോലുകളുണ്ടാക്കുവാനായി
ശരിയാക്കി വെത്തിവെച്ചിരിക്കുന്ന കഴപ്പലകകളുടെ രണ്ടു
പാട്ടിലും നെടുനീളത്തിൽ ധ്വജരേഖയും (കോടിസൂത്രം)
പാർശ്വരേഖകളും, വിലങ്ങത്തിൽ ലംബരേഖയും (തൂക്കുവര
യും) വിതാനരേഖയും ഇങ്ങനെ അഞ്ചുരേഖകളെ വരയ്ക്കുന്നു.

അവ — ഇനി രണ്ടു ശ്ലോകംകൊണ്ടു് ആ രേഖകളെ വരപ്പാൻ പറയുന്നു: അവിടെ ആദ്യശ്ലോകംകൊണ്ടു നീളത്തിലുള്ള മൂന്നു രേഖകളെ വരയ്ക്കേണ്ട പ്രകാരം പറയുന്നു.

വ്യാസേഷ്ടകാംശിന്യൂധോങ്ഘ്രിപ്രമിതമുപരിബാ-
ണോന്മിതം കല്പയിത്വാ
മധ്യേ സൂത്രം ധ്വജാഖ്യം വിരചയതു ലുപാ
പാശ്വയുഗ്മേ സമന്താൽ
അദ്ര്യംശിന്യവ്യധസ്ഥാനേലമിതമുഭ-
ധ്രുന്മിതം ചോല്വ്വഭാഗം
യുഗ്മാ ബാണാംശിതേഷ്ടഗ്നിപ്രമിതമുപരിഭ-
സ്രോന്മിതം ചാവ്യധസ്ഥാൽ. 120

വ്യാ — കഴക്കോലുകളുടെ വീതി എത്രയെന്നാൽ അതിനെ ഒമ്പതായിട്ടു് അംശിച്ചു്, താഴത്തെ ഭാഗം നാലംശവും മുകളിലെ ഭാഗം അഞ്ചംശവുമായി കല്പിച്ചു്, കഴപ്പലകകളുടെ രണ്ടു പാട്ടിലും നീളത്തിൽ നടുവെ കൊടിന്തൽ വരയ്ക്കണം. അല്ലെങ്കിൽ വിസ്താരത്തെ ഏഴംശിച്ചു്, താഴെ മൂന്നംശവും മേലേ നാലംശവും കല്പിച്ചിട്ടും, അഥവാ വിസ്താരത്തെ അഞ്ചംശിച്ചു്, മൂന്നംശം മുകളിലും രണ്ടംശം കീഴിലും കല്പിച്ചിട്ടും. കൊടിന്തൽ വരയ്ക്കണം.

അവ — ഇനി ശുകം വിതാനവും വരപ്പാൻ പറയുന്നു.

കൃതപാ വേദാംഗുലാങ്ഘ്ര്യശ്രകമഖിലലുപാ-
പാർശ്വയോർമ്മധ്യസൂത്രേ
തദ്വേദാശ്രോത്ഥകർണ്ണദ്വിതയമിഹ വിതാ-
നം ച ലംബം ച വിദ്യാൽ
സർവ്വത്രൈതദ്വിധേയം ദ്വയമപി വലയ-
സ്ഥാനകൂടാവസാന-
സ്ഥാനേഷ്വപ്യുത്തരാദ്യപ്പണനിയമപദേ
നീപ്രലംബാന്തതോപി. 121

വ്യാ—മേൽപ്രകാരം കൊടിന്തലും പാശ്വരേഖകളും വരച്ചിട്ടുള്ള കഴപ്പുലകകളുടെ രണ്ടു പാട്ടിലും നാലു വിരൽ പ്രമാണത്തിൽ ഒരു ചതുരശ്രം വരച്ച്, ആചതുരശ്രത്തിന്റെ കോണുകളിൽ തട്ടിച്ചു രണ്ടു കണ്ണരേഖകളും വരച്ചാൽ അവ, ലംബരേഖ(തൂക്കുവര)യും വിതാനരേഖയും ആയിട്ടു വരും എന്നറിഞ്ഞുകൊൾകെ. പിന്നെ കൂടസ്ഥാനം അല്ലെങ്കിൽ മോന്തായസ്ഥാനം എന്ന അവസാനത്തിലും, വളകളും, ഉത്തരങ്ങളും, വാമട ഇവയുടെ സ്ഥാനങ്ങളിലും ഇപ്രകാരം തൂക്കും വിതാനവും എല്ലാകുഴക്കോലുകളുടേയും രണ്ടുപാട്ടിലും വരച്ചുകൊള്ളണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു വളകളുടെ പ്രമാണത്തെ പറയുന്നു.

മനുയവചതുരശ്രം ചൈംഹലം തത്ര യുഗ്മ
ചയയവപരിവൃദ്ധ്യാ ത്ര്യംഹലാന്തം ക്രമേണ
വലയമിതി മുനീന്ദ്രൈരുക്ഷഡിധം ഗദിതം തേ-
ഷ്വിഹ വിഹിതലുപൌചിത്യേന തൽ കല്പനീയം 122

വ്യാ—വളകളും, പതിനാലു തോരയോ രണ്ടു വിരലോ ചതുരമായിട്ടും, അതിൽനിന്ന് ഈരണ്ടുതോര വീതം കുട്ടി മൂന്നു വിരൽ ചതുരംവരെ ആറു വിധത്തിൽ കൊള്ളാമെന്നു മുനിശ്രേഷ്ഠന്മാരാൽ വിധിക്കപ്പെട്ടിരിക്കുന്നു. അവയിൽവച്ച് അവിടവിടെ കഴക്കോലുകളുടെ വലിപ്പത്തിനു തക്കവണ്ണം ഔചിത്യംപോലെ വളകളുടെ വലിപ്പം കല്പിക്കാം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു വാമടയുടെ വീതികനങ്ങളെ വിധിക്കുന്നു:

വിസ്താരേ പുനരുത്തമസ്യ ദശധാ
ഭക്തേ രസാദ്യൈഷ്ടകി-
ഗ്ഭാഗൈർവ്വോത്തരതാരതോംഗ്രിരഹിതം
വാദ്ര്യംശിതേഗ്ന്യംശകൈഃ

വിസ്താരം പ്രകരോത്ത നീവ്രഫലക-
സൈ്യതത്രിഭാഗം ഘ്രനം
വിസ്താരേ ശരഭാജിതേപി ച ഘ്രനം
പാഭ്യാം പ്രകൽപ്യാൽ കപചിൽ. 123

വ്യാ—ഉത്തരത്തിന്റെ വീതിയെ പത്തുകൊണ്ട് ഒന്നോ, രണ്ടോ, മൂന്നോ, നാലോ ക്രമകളെക്കൊണ്ടോ, ഉത്തരവീതിയിൽ നാലൊന്നു കുറച്ചിട്ടോ, ഉത്തരവീതിയെ ഏഴു കൊണ്ട് മൂന്നംശകംകൊണ്ടോ വാമടക്കു വീതി കല്പിക്കാം. ഈപ്പറഞ്ഞവയിൽ ഏതു പ്രകാരം വീതി കല്പിച്ചാലും ആ വീതിയിൽ മൂന്നിലൊന്നോ, വീതിയെ അഞ്ചംശിച്ചു രണ്ടംശമോ കനവും കല്പിക്കാം.

അവ—ഇനി ഒരു ശ്ലോകം കൊണ്ടു വാമട കൊത്തുവാനുള്ള വിധിയെപ്പറയുന്നു.

നീവ്രവ്യാസേ ശരാംശിന്യൂഥ തദ്ഭയേതഃ
പട്ടമൂർധ്വം തലം ച
പാഭ്യാമേകേന പട്ടം പരമപി ച വിധേ-
യം തഥാ ഷഡ്വിഭക്തേ
പാഭ്യാം തസ്യോർധ്വപട്ടം ത്രിഭിരപി ച തലം
സ്യാദധഃ പട്ടമേകേ-
നൈവം വാ നാഗഭക്തേ ജ്വലനനിഗമഭ-
ക്ത്യംശതഃ കല്പനീയം. 124

വ്യാ—വാമടയുടെ വിസ്താരത്തെ അഞ്ചംശിച്ചാൽ രണ്ടംശംകൊണ്ടു മേലെപ്പട്ടവും, രണ്ടംശംകൊണ്ടു തളവും, ഒരംശംകൊണ്ടു കീഴേപ്പട്ടവും, അല്ലെങ്കിൽ വാമടവിസ്താരത്തെ ആറംശിച്ചാൽ രണ്ടംശംകൊണ്ടു മേലേപ്പട്ടവും, മൂന്നംശംകൊണ്ടു തളവും, ഒരംശംകൊണ്ടു കീഴേപ്പട്ടവും, അഥവാ വാമടവിസ്താരത്തെ എട്ടംശിച്ചാൽ മൂന്നംശം മേലേപ്പ

ട്ടവും നാലംശം തളവും കരംശം കീഴേപ്പട്ടവും ഇങ്ങനെ മൂ
ന്നുപ്രകാരത്തിൽ കല്പിക്കാം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു കഴക്കോലുകളിന്മേൽ
വാമട വെട്ടി ഇരുത്തുവാനുള്ള വിധി പറയുന്നു.

നീവ്യവ്യാസേ വിഭക്തേ ശരഗിരിനവഭി—
സ്സൂത്രതോ വഹ്നിഭാഗം
നീവ്യസ്ഥാനാദിതാനാദുപരി തദുചിതം
കോടികണ്ണാധപാന്ത്ര
നീതപാ നീപ്രം ലുപാസു സപയമിഹ വിധിനാ
ധൂളിസംരോധയോഗ്യം
കൃതപാ വായവ്യഹോമാദ്യവഹിതഫളയഃ
കാരുഭിഃ കീലയേത്തൽ. 125

വ്യാ—വാമടയുടെ വിസ്താരത്തെ അഞ്ചോ ഏഴോ കൊ
ണ്ടതോ അംശിച്ചാൽ ഏല്ലാറിലും അതതിന്റെ മൂന്നംശ
കം, വാമട ഇരുത്തേണ്ടുന്ന സ്ഥാനത്തു കഴക്കോലുകളി
ന്മേൽ വരച്ചിട്ടുള്ള വിതാനരേഖയിൽനിന്നു മേല്പട്ട കോ
ടികണ്ണമാഗ്രത്തിൽക്കൂടി (അതായതു് വിതാനരേഖയിൽനി
ന്നു മേല്പട്ടു പൊക്കുനാളു് ഏതുയോ അതിനെ കോടിയെ
ന്നും വിതാനരേഖയെ ഭുജയെന്നും കല്പിച്ചു് ആ ഭുജാകോടി
കളുടെ അഗ്രങ്ങളിൽ തട്ടിച്ചു് ഒരു കണ്ണരേഖ വരച്ചു് ആ
രേഖയിൽക്കൂടി ഏറുന്ന സാരം.) മാറിയിട്ടു് അവിടെ കഴ
ക്കോലുകളിന്മേൽ വെട്ടിയിരുത്തണം. അങ്ങനെ വാമട വ
യ്ക്കുന്നതു്, നല്ല പൊഴുതുനോക്കി വിധിപ്രകാരം ആചാര്യൻ
ധൂളിസംരോധയോഗ്യമായ വായവ്യഹോമാദികളെ ചെയ്തു.
ഏറ്റവും ചിത്താവധാനത്തോടുകൂടി ശില്പികളെക്കൊണ്ടു്
ആണിവച്ചുതറപ്പിക്കയും വേണം. ഈ ക്രിയയെ വാസ്തുവി
ദ്യാദിഗ്രന്ഥങ്ങളിൽ വിസ്തരിച്ചു പറഞ്ഞിട്ടുള്ളതു നോക്കുക.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു പട്ടികകളെ പറയുന്നു.

തത്ര സപ്തദശഭിസ്ത്വൈവസൂത്ര
പട്ടികാവിതതിഃ രങ്കസമ്മിതൈഃ
തദ്ഘനം, ഘനപദോനമന്തരം
സന്ദധീത ച ലുപാസു കീലകൈഃ. 126

വ്യാ—പട്ടികകൾക്കും പതിനേഴതോര വീതി വേണമെന്നു പൂർവ്വാചാര്യന്മാർ വിധിച്ചിരിക്കുന്നു. അതിന്റെ കനം കമ്പതു തോര വേണ്ടതാകുന്നു. പട്ടികകൾ തമ്മിലുള്ള അന്തരം (അകലം=വിടവ്)പട്ടികയുടെ കനത്തിൽ നാലിലൊന്നു കുറഞ്ഞിരിക്കണം. പട്ടികകളെ കഴുക്കോലുകളുടെ മുകളിൽ ആണി തറച്ചു് ഉറപ്പിക്കുകയും വേണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു് അപിധാനം എന്ന അവസാനത്തെ പറയുന്നു.

ശിരഃപ്രദേശസ്ഥമപിധാനമുക്തം
വേശ്മാഖ്യപുംസസ്യധരോമുഖം സ്യാൽ
മാസ്യരുഗ്ഗാൽപദോനിതം ത—
ദപിസ്ഥിരമാദ്യംഗഘനാൽ ഘനം ച. 127

വ്യാ—ഗൃഹമാകുന്ന പുരുഷന്റെ ശിരസ്സു് അപിധാനം (അവസാനം) ആകുന്നു. അതിനാൽ അതിനെ കമഴ്ത്തി വയ്ക്കേണ്ടതാകുന്നു. (ഉത്തരം മുതലായതു മലർത്തി വയ്ക്കുണ്ണമെന്നുകൂടി ഇതുകൊണ്ടു സിദ്ധിക്കുന്നു.) അതിന്റെ വീതി, ഗൃഹത്തിന്റെ തറപ്പാകത്തിൽ പാതിയോ മുക്കാലോ കൊള്ളാം. കനം പാദകത്തിന്റെ പൊക്കത്തിൽ പാതിയോ മുക്കാലോ വേണ്ടതാകുന്നു.

അവ—ഇനി ഗൃഹങ്ങൾക്കു ഭിത്തി കെട്ടി മുറികഠം തിരിക്കേണ്ടതിലേക്കു പ്രാരങ്ങഠം ആവശ്യമാകകൊണ്ടു പ്രാരവിധി പറയുന്നു. അവിടെ അങ്കണത്തിലേക്കുള്ള പ്രാരത്തെ മുമ്പേ പറയുന്നു.

ശേഷവ്യാസഗജാംശകുഡ്യമിഹിരാം
ശേഷച്ഛിബ്വാണാംശകാൻ
കൃതപാന്തശ്ച ബഹിശ്ച കല്പിതസിരാ-
വിന്യസ്തയോഗാന്യഥ
പ്രാരാണ്യങ്കണഗേഹമധ്യസിരയോ-
മ്മധ്യസ്ഥമധ്യാന്യഥാ-
ധ്യാഭംഗ്രലകല്പിതാഗമവയോ
യോനീനി പൂർവ്വോദിതം. 128

വ്യാ—പുരകഠംക്കു ഭിത്തിവണ്ണം അധികം വേണമെങ്കിൽ അടുപ്പുർയുടെ വിസ്താരത്തിൽ എട്ടിലൊന്നു കല്പിക്കാം. അപ്പോഠം ഭിത്തിവണ്ണത്തോളം കട്ടിളക്കാലിനു വീതിയുണ്ടാക്കുവാൻ സാധിക്കാതെ വന്നേക്കാം. അങ്ങിനെ വരുമ്പോഠം ഭിത്തിവണ്ണത്തെ പത്രണ്ടംശിച്ചു് എഴുഭാഗം അകത്തേക്കും അഞ്ചംശം പുറത്തേക്കും വച്ചു് ഒരു സൂത്രമിട്ടു് കട്ടിളക്കാലിന്റെ വീതിയുടെ മദ്ധ്യം് ആ സൂത്രത്തിൽ വരുമാറും, അങ്കണമദ്ധ്യസൂത്രങ്ങളും ഗൃഹമദ്ധ്യസൂത്രങ്ങളും തമ്മിലുള്ള അന്തരത്തിന്റെ നടുവിൽ പ്രാരമദ്ധ്യം വരുമാറും കിഴക്കിനി മുതലായ ഗൃഹങ്ങഠംക്കു് അങ്കണത്തിലേക്കുള്ള പ്രധാനപ്രാരങ്ങളെ വച്ചുകൊഠംക; ആ പ്രാരങ്ങളുടെ ഉള്ളിനു് അംഗുലംകൊണ്ടു പുറമേ കല്പിച്ചു് ആയാധിക്യവും, നല്ല വയസ്സും, അഭീഷ്ടദിഗ്ജ്ഞാനിയും വരുത്തുകയും വേണം.

അവ—ഇനി പുറത്തേക്കുള്ള പ്രാരത്തെ പറയുന്നു.

ആശാഹപ്പ്രതിസൂത്രഭേദിനി ഗൃഹേ
ഷഷ്ഠേഽഥവാ സപ്തമേ
സൂത്രേ പ്രാരമഥാപരം വിതനയാ-
ച്ഛൂലാസു സവ്യാഭ്രകേ.
പ്രാഗക്ഷിണ്യവശേന തദ്വിഹിതയോ-
ന്യായാദിഭിസ്സംയുതം
പൈകശ്ചേദഥ നിർഗ്ഗമേത്തു യുകവാ-
ടോ വാമപാദാശ്രിതഃ 129

വ്യാ—കിഴക്കിനിമുതലായ ഗൃഹങ്ങൾക്ക് അതതു ഗൃഹത്തിന്റെ ടീച്ചുത്തെ പത്തായി പകുത്താൽ ആറാമത്തെ സൂത്രത്തിലോ, പന്ത്രണ്ടായി പകുത്താൽ ഏഴാമത്തെ സൂത്രത്തിലോ മധ്യം വരുമാറു പുറത്തേക്കുള്ള പ്രാരങ്ങളെ വയ്ക്കണം. അങ്ങനെ വയ്ക്കുന്നതു പ്രദക്ഷിണമായിട്ടു വരുമ്പോൾ അതതു ഗൃഹങ്ങളുടെ ഇടത്തെ പാർശ്വത്തിലായി വരികയും വേണം. എല്ലാ ഗൃഹങ്ങളുടേയും മുഖം അങ്കണത്തിലേക്കാക്കികൊണ്ടു കിഴക്കിനിയുടെ പൃഷ്ഠപ്രാരം പാതിക്കുതെക്കോട്ടു നീങ്ങീട്ടും തെക്കിനിയുടേതു പടിഞ്ഞാട്ടു നീങ്ങീട്ടും പടിഞ്ഞാറിനിയുടേതു വടക്കോട്ടു നീങ്ങിയിട്ടും വടക്കിനിയുടെ കിഴക്കോട്ടു നീങ്ങിയിട്ടും വരും. ഈ പ്രാരങ്ങൾക്കും അതതിനു പറയപ്പെട്ടിരിക്കുന്ന യോനിയും, ആധിക്യവും, വയോഗ്രണവും ഉണ്ടായിരിക്കേണം. അതിനു വാതിൽ ഒറക്കതകായിട്ടാണെങ്കിൽ അതു പുറത്തേക്കിറങ്ങുമ്പോൾ ഇടത്തെക്കട്ടിളക്കാലിന്മേൽ വരുമാറു വയ്ക്കയും വേണം.

അവ—ഇനി രണ്ടു ശ്ലോകംകൊണ്ടു കട്ടളയുടെ പ്രാരനീളം മുതലായതിനെ പറയുന്നു.

കയ്യാൽ സവ്യഗ്രഹോഷു ശൈലവസുന-
ന്ദാംശോംശിതേടംശ്ലൃക്ഷ്ണയേ
ദ്വാരോത്സേധമധൈകഭാഗരഹിതം
വിസ്തീർണ്ണമാത്മാഷ്ടതഃ.
യോഗ്യേ സുംഭസമാധിപാദലേവി-
സ്തീർണ്ണേ സ്ഫരദ്വാജനേ
വിസ്താരാഷ്ടകലനേ ഭവംഗമപതം-
ഗാഖ്യേ ച മൂലാഗ്രയോഃ. (ത. സ) 130

• വ്യാ—എല്ലാ ഗ്രഹങ്ങൾക്കും അതതിന്റെ കാലെകര ത്തെ ഏഴോ എട്ടോ ഒമ്പതോ ആയിട്ടംശിച്ചതിൽ ഒരംശം കളഞ്ഞു ശേഷം കട്ടിളകാൽക്കു ദ്വാരനീളം കല്പിക്കാം. ആ ദ്വാരനീളത്തിൽ പാതി വിസ്താരവും ആവാം. കട്ടിളക്കാലുകളുടെ വീതി സ്തംഭവിസ്താരത്തോളമോ അതിൽ നാലൊന്നുകൂടിയോ പകുതി കൂടിയോ ആയിരിക്കണം. കട്ടിളക്കാലുകൾ പുറത്തേ അരുകിൽ വാജനങ്ങളെക്കൊണ്ടു ഭംഗിയായിരിക്കണം. കട്ടിളക്കാലുകൾക്കു വീതിയിൽ പാതി കനവും, പോട്ടിൽ 'ഭവംഗമം' എന്ന പേരുപടിയും മുകളിൽ 'പതംഗം' എന്ന കുമ്പടിയും ഉണ്ടായിരിക്കണം.

ദ്വാരോത്സേധനിയുക്തശേഷചരണോ-
ത്സേധേ ശരാംശീകൃതേ
ദ്വ്യംശേനാധരപട്ടികാം മിതഘനാം
സാർദ്ധേനവാങ്കാംശിതേ.
ഹീനാം വാജനകേന യോഗവിതതാം
ശിഷ്ടാംശതഃ പട്ടികാ-
മൂർദ്ധ്വസ്ഥാമഥ മംഗലാഖ്യഫലകാം
യുക്ത്യാർദ്ധപട്ട്യർദ്ധതഃ. (ത. സ.) 131

വ്യാ—കാലുയരത്തിൽനിന്നു ദ്വാരനീളത്തിനു് എട്ടത്തു കഴിച്ചുള്ള ശേഷത്തെ അഞ്ചംശിച്ചു് രണ്ടംശംകൊണ്ടോ

ഒമ്പതംശിച്ച് ഒന്നര അംശംകൊണ്ടോ താഴത്തെ പടിയെ ഉണ്ടാക്കാം. അതു വാജനമില്ലാത്തതും കട്ടിളക്കാലോളം വീതിയുള്ളതുമായിരിക്കണം. ശേഷമുള്ള അംശംകൊണ്ടു യക്ഷിപോലെ മുകളിലെപ്പടിയും, അതിനു മീതെ ശ്രീഭഗവതി മുതലായ മൂർത്തികളെ കൊത്തിയ 'മംഗലപ്പലക' എന്ന ക്ഷുദ്രപുപലകയും ഉണ്ടാക്കാം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു വാതിലും സൂത്രപട്ടികയും ഉണ്ടാക്കുവാൻ പറയുന്നു

ഷണ്ഡാഷ്ടൃംശമതംഗജാംശബഹളം
താവദ്വൃതദ്വാർള്ളള—
വ്യാസം മൂലശിഖായുതം ദ്വിഗുണിതം
കായ്യം കവാടദ്വയം
കായ്യാ വാമകവാടരോപിതപരാ—
ഗ്ഭാഗാദ്ധതീവ്രാതത—
സ്തദ്വിഷ്ണുപ്രതതാ ച സൂത്രഫലകാ
സൂയ്യേത് സ്തനാദ്യൈർജ്ജലാ. (ത. സ) 132

വ്യാ—സ്തംഭാഗ്രവിസ്താരമാകുന്ന ഷണ്ണിന്റെ നാലിലൊന്നോ എട്ടിലൊന്നോ കനവും, ഈ കനത്തോളവും പാരവിസ്താരത്തിൽ പകുതിയോളവും കൂടിയ വീതിയും, പുവട്ടിലും മുകളിലും കൂടുമയും ഉള്ളതായി നല്ല ഉറപ്പോടുകൂടിയതായ രണ്ടു വാതിലുണ്ടാക്കണം. കനത്തിൽ ഇരട്ടി വീതിയും, സ്തനാദികളായ അലങ്കാരങ്ങളും ഉള്ളതായ സൂത്രപട്ടികയെ എടത്തുഭാഗത്തുള്ള കതകിന്മേൽ അതിന്റെ പകുതി വീതി കയറിയിരിക്കത്തക്കവണ്ണം തറച്ചിരിക്കയും വേണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു സൂത്രപട്ടികയെത്തന്നെ പറയുന്നു.

ചാരവ്യാസാബ്ജിബാണോമ്പ്യവനിധരളജം_
ഗാംശകൈകകാംശനീവ്യ_
വ്യാസാ വ്യാസാർധപാദോനിതബഹളമിതാ
ചാരതുല്യായതിശ്ര.
കത്തവ്യാ സൂത്രപട്ടീജചലനശരമഹീ_
ധ്രാടികൈരുജസ്ഥനാഢ്യാ
മുക്താദാമാദിചത്രസ്ഥിതമഹിതരമാ_
കൃഷ്ണവിശ്ലേശയുക്താ. 133

വ്യാ—ചാരവിസ്താരത്തെ നാലുമുതൽ എട്ടുവരെയുള്ള സംഖ്യകളെക്കൊണ്ടംശിച്ച് രണ്ടംശം കനവും അത്രതന്നെ വീതിയും ഉള്ളതായിട്ടോ അല്ലെങ്കിൽ വീതിയിൽ പാതിയോ മുക്കാലോ കനമുള്ളതായിട്ടോ ചാരനീളത്തോളം നീളമുള്ളതായും മൂന്ന്, അഞ്ച്, ഏഴ മുതലായി ഒറപ്പെട്ട മൂലകളോടും മുത്തുമാല മുതലായവയോടും, താമരപ്പൂവിൽ ഇരിക്കുന്ന ലക്ഷ്മീദേവി, ശ്രീകൃഷ്ണൻ, ഗണപതി എന്നീ മൂത്തികളുടെ രൂപങ്ങളോടും കൂടിയതായും ഇരിക്കുന്നതായ സൂത്രപട്ടികയെ ഉണ്ടാക്കണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ട് വാതിലുകളുടെ അവയവങ്ങളേയും അലങ്കാരങ്ങളേയും പറയുന്നു.

ഉത്സേധാർദ്ധപ്രമണകാഷ്ഠളസന്ധിപാല_
പ്രക്ഷേപണീയവലയാന്യപി പത്രകാണി.
തിസ്രഞ്ചിപുളകാത്തവകഡ്മളാനി
സശ്രീമുഖേന്ദുശകലാനി കവാടയോസ്സ്യുഃ. 134
(ത. സ.)

വ്യാ—വാതിലുകൾ രണ്ടിനും, മുകളിലും താഴത്തും തിരികുറ്റികളും, തഴുതുകൾ, താക്കിഴകൾ, സൂത്രപട്ടിക, ചീപ്പു, വട്ടക്കണ്ണി, കീഴ്മേലായിട്ടും വിലങ്ങത്തിലായിട്ടും

തകിട്ടുകൊണ്ടുള്ള കെട്ടുകഥം, പോളകഥം, പൂക്കഥം, പൂമൊട്ടുകഥം (മൊട്ടും മലരുമായിട്ടുള്ള ആണികഥം) ശ്രീഭഗവതിയുടെ മുഖത്തോടുകൂടിയ ചന്ദ്രക്കലകഥം എന്നിവയെല്ലാം ഉണ്ടായിരിക്കണം.

അവ—ഇനി കട്ടിളവാതലുകഥംക്കുള്ള മരത്തിന്റെ നിയമത്തെ പറയുന്നു.

യോഗ്യേ കവാടേ വിഹിതൈകഭാരു—
സമുത്ഭവേ സവ്വസമൃദ്ധിദേ ച.
തതോഽന്യഥാ സ്യാദപനിതാജനാനാം
ദുശ്ശീലതാസ്ഥാന ച മിശ്രതേഷ്ടാ. 135

വ്യാ—കട്ടിളയും വാതിലുകളും, ആതിനു വിധിക്കപ്പെട്ടിരിക്കുന്ന മരങ്ങളിൽ ഏതെങ്കിലും ഒരു ജാതി മരംകൊണ്ടുതന്നെ ഉണ്ടാക്കപ്പെട്ടതായാൽ സവ്വസമൃദ്ധിയെ ചെയ്യുന്നതാകുന്നു. കട്ടിളയും വാതിലുകളും ഭിന്നജാതിമരങ്ങളെക്കൊണ്ടുണ്ടാക്കപ്പെട്ടതായിരുന്നാൽ ആ ഗൃഹത്തിലുള്ള സ്ത്രീകഥംക്കു ദുശ്ശീലത സംഭവിക്കുന്നതാകകൊണ്ട് അങ്ങനെ ചെയ്യുന്നതു് ഇഷ്ടമായിട്ടുള്ളതല്ല.

അവ—വാതിലുകളുടെ സ്വഭാവത്തെ പറയുന്നു.

വിദ്യാൽ കവാടാവിഹ മാതൃപുത്രൌ
വാമേ തു മാതാ തപരത്ര പുത്രീ.
മാതൃപുത്രുദ്ധാ ഖലു സൂത്രപട്ടി—
രേകഃ കവാടോ യദി വാമതോഽന്യം. 136

വ്യാ—ഇരട്ടക്കതകായിട്ടുള്ള വാതിലുകളിൽ ഒന്നു മാതാവും മറേതു പുത്രിയുമാകുന്നു. അവയിൽ ഏടത്തുഭാഗത്തുള്ളതു മാതാവും മറുഭാഗത്തുള്ളതു പുത്രിയുമാണു്. മാതാവായിട്ടുള്ളതിന്മേൽ സൂത്രപട്ടിക തറക്കേണ്ടതാകുന്നു. വാതിൽ ഒറയാണെങ്കിൽ അതു് ഏടത്തുഭാഗത്തായിരിക്കണം.

അവ—ഇനി രണ്ടു ശ്ലോകംകൊണ്ടു് 'അരമ' ഏന്ന താക്കിഴമതികത്തെ പറയുന്നു.

ദ്വാരോച്ചവഹന്യുദധിസായകഭാഗതുസ്ത്യാൽ
കാഷ്ഠാരമായതി, രഥായതിബാണഭാഗഃ.
അംശ്ര്യംശതോടപി വിതതിർബഹളശ്രമധ്യാ-
ന്മധ്യം വ്യതീത്യ കലയേത കവാടവൃഷ്ഠേ. 137

. വ്യാ—വാതിലിന്റെ നീളത്തിൽ മൂന്നിലൊന്നോ നാലിലൊന്നോ അഞ്ചിലൊന്നോ താക്കിഴമതികത്തിനു നീളമുണ്ടായിരിക്കണം. നീളത്തിൽ അഞ്ചിലൊന്നോ നാലിലൊന്നോ അതിനു വസ്താരവും കനവും വേണം. ഇതിന്റെ മധ്യത്തെ വാതിലിന്റെ നീളത്തിന്റെ മദ്ധ്യത്തിൽ നിന്നു് അല്പം കീഴ്പ്പോട്ടോ മേൽപോട്ടോ നീക്കി വാതിലിന്റെ പിൻഭാഗത്തു താഴ്ത്തുകയും വേണം.

തത്സന്ധിതശ്ചോല്ലപമധസ്ഥടഗ്ലള-
പ്രമാണരൂപാം കബളീം പ്രകല്പയേൽ.
ഉഴല്പാഗ്ലളം തത്ര ധ പുത്രികാഗതം
പാദോഗ്ലളം മാതൃകവാടസംസ്ഥിതം. 138

വ്യാ—ആ താക്കിഴമതികത്തിന്റെ മേലും കീഴും രണ്ടു് അറപ്പുണ്ടാക്കണം. ആ അറപ്പുകളുടെ വിസ്താരം താക്കിഴ (തഴു)യുടെ വിസ്താരത്തോളവും താഴ്ച താക്കിഴയുടെ കനത്തോളവും ആയിരിക്കണം. മേലെയുള്ള താക്കിഴ വലത്തെ കതകിന്മേലും കീഴേത്തഴു് ഇടത്തെ കതകിന്മേലും ചുവരത്തക്കവണ്ണം മതികത്തിന്റെ അറപ്പുകളിൽവച്ചു തറച്ചു കൊഠംകയും വേണം.

അവ—ഇനി താക്കിഴയെ പറയുന്നു.

കവാടവിസ്താരസമാഗ്ഗളായതി-
യ്യുടെ തടംഘ്ര്യുന്മിഗജാംശവജ്ജിതാ.
ദീഗ്ഘാഷ്ടഭാഗേന കരോത്ത വിസ്തൃതിം
ഘനം തടഭ്യേന ഘനേന ഖണ്ഡകെ. 139

വ്യാ—താക്കിഴയുടെ നീളം വാതിലിന്റെ വിസ്താര ത്തോളമോ അതിൽ നാലൊന്നോ ആറൊന്നോ എട്ടൊ ന്നോ കുറഞ്ഞിട്ടോ കൊള്ളാം. നീളത്തിൽ എട്ടൊന്ന വീ തിയും വീതിയിൽ പാതി കനവും കനത്തോളം രണ്ട തല ക്കല്ലും കട്ടകളും ഉണ്ടായിരിക്കണം.

അവ—ഇനി ഒറക്കതകായിട്ടുള്ള വാതിലിന്റെ താ ക്കിഴയെ പറയുന്നു.

ഏകഃ കവാടോ യദി യോഗമധ്യാ-
ദധസ്ഥമൈവോപരിവാരമാസ്യാൽ.
തദഗ്രയോ വസ്തുളകശ്ച തദ്വ-
ദേഷോശ്രകോവാപി ച ശൃംഖലം വാ. 140

വ്യാ—ഒറക്കതകായിട്ടുള്ള വാതിലിന്റെ താക്കിഴ മതികം, വലത്തുഭാഗത്തുള്ള കട്ടിളക്കാലിന്മേൽ മദ്ധ്യത്തിൽ നിന്നു അല്പം കീഴ്പ്പുട്ടോ മേല്പുട്ടോ നീക്കിത്തരയ്ക്കണം. അ തിന്റെ തഴത്ത് ഉരുണ്ടിട്ടോ ചതുരത്തിലോ ആവാം. തഴത്ത വയ്ക്കാത്തപക്ഷം മങ്ങലയും കുറിയുമായിട്ടും കൊള്ളാം. അഗ്ഗളം—തഴത്ത—താക്കിഴ—സാക്ഷ ഇവയെല്ലാം ഏകാ ത്മകമാകുന്നു.)

അവ—ഇനി ഭിത്തിയെ പറയുന്നു.

സ്തംഭാധസ്ഥാരതോഭ്യന്തരസത്തരഗാ-
ഷ്ടാംശതോ വാ പ്രതേര-
പ്രാന്തേധേനാപി സാദ്ധ്യാവനിയുഗളഹതാ-
ശോന്മിതൈവ്വേദികാത്ര

105871

കത്തവ്യാകൃതിമോദ്ധ്യം തദുപരിചരണൈ
സ്ത്രിഗ്രഹസംഖ്യൈശ്ച ഭാരൈ-
സ്തംഭാദ്ധ്യാംഘ്ര്യുനതുല്യപ്രതതിഭിരഭിതഃ
സോപാനരാജൈശ്ച ഭിത്തിഃ 141

വ്യാ—ഗ്രഹങ്ങളുടെ തറ പടുപ്പാനുള്ള വിധി മുൻപേ പറഞ്ഞിട്ടുണ്ടല്ലൊ. അതുപ്രകാരം തറ പടുത്തു കഴിഞ്ഞാൽ തറയ്ക്കുമേൽ ഉത്തരംവരേയുള്ള ഇടയിൽ മരംകൊണ്ടു നിരയ്ക്കുകയോ, കല്ല്, ഇഷ്ടികമുതലായതുകൊണ്ടു ഭിത്തി കെട്ടുകയോ വേണ്ടുന്നേടത്തു മുൻപറഞ്ഞ പ്രകാരം അതതു സ്ഥാനങ്ങളിൽ കട്ടിളവച്ചു തറപ്പുറത്തു വേദികയുണ്ടാക്കണം. വേദികയുടെ ഉയരം, മുൻവിധിച്ചിട്ടുള്ള സ്തംഭത്തിന്റെ ചുവട്ടിലെ വിസ്താരത്തോളമോ, സ്തംഭത്തിന്റെ ഉയരത്തെ ആറോ ഏഴോ എട്ടോ അംശിച്ച് ഒരംശത്തോളമോ, പടിയുടെ ഉയരത്തോളമോ, അതിൽ ഒന്നരയോ രണ്ടോ മൂന്നോ ഇരട്ടിയോ ഉണ്ടായിരിക്കണം. പിന്നെ ആ വേദികയുടെ മേലെ, മരത്തൂണുകൾക്കു പറഞ്ഞിട്ടുള്ള വിസ്താരത്തിൽ പാതിയോ മുക്കാലോ സമമോ വിസ്താരമുള്ളവയും ഇരട്ടപ്പെട്ടവയും ആയ കാലുകളോടും ഉത്തരം വളരു കപോതം മുതലായവയോടും കൂടി ചുറവും ഭിത്തി കെട്ടുകയും ചെയ്യണം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു വേദികയുടെ ചുവട്ടുപാടിനെ പറയുന്നു.

പത്രമാനവശതോഽംഗുലവൃദ്ധ്യാ
വേദികാവിഹിതനിഷ്ക്രമണം സ്യാൽ.
സാർദ്ധയുഗ്മഹനാദ്രിമിതൈസ്തൈ-
രംഗുലൈർവ്വിഹിതമുത്തരലംബാൽ. 142

വ്യാ—ഉത്തരത്തുക്കിൽനിന്നു പത്രമാനംപോലെ അംഗുലവൃദ്ധികൊണ്ടു വേദികക്കു വിഹിതമായ ചുവട്ടുപാടു കല്പി

ക്കണം. അതുപുറപ്പാട് രണ്ടരവിരലോ മൂന്നു വിരലോ ഏഴു വിരലോ ആക്കുകയും ചെയ്യാം. ഈ വേദികയെ അരഞാൺപടി എന്നും, നിരപ്പടി എന്നും പറയുന്നു.

അവ—വേദിക പണിയുന്നതിൽ സാധനഭേദത്തെക്കുറിച്ചുള്ള മതഭേദത്തെ പറയുന്നു.

സപ്തദ്വയ്യരേവവേദീതി ച കതിചിദുശ—
ന്തീഷ്ടകാമൃല്ലിലാദ്യൈ—
ർപ്പ്രൈക്ഷേവ്യാ, ഭിന്നജാതൈരപി ച വിരചിതാ
ദൃശ്യതേ കാപി പൂർവ്വൈഃ.
അന്തർഗ്രാഹ്യേന യോന്യാനിതഭവനവിധേ
ഗർഭഗേഹോക്തരീത്യാ
പ്രാരം തൽപാദകോത്സേധം ന്യസതു ച തദധ
സ്താൽ പ്രതേഷ്ടഗേഹേ. 143

വ്യാ—ഇഷ്ടക, മണ്ണ്, കല്ല്, മരം എന്നിവയിൽവച്ച് ഭിത്തിയുണ്ടാക്കുന്നതു് ഏതു സാധനംകൊണ്ടോ അതേസാധനംകൊണ്ടുതന്നെ വേദികയുണ്ടാക്കിക്കൊള്ളണം എന്നു ചില ആചാര്യന്മാർ സിദ്ധാന്തിക്കുന്നു. എന്നാൽ വേദികയും ഭിത്തിയും വെവ്വേറെ സാധനങ്ങളെക്കൊണ്ടുതന്നെ പണ്ടുള്ളവർ ഉണ്ടാക്കീട്ടുള്ളതായി ചിലേടത്തു കാണപ്പെടുന്നുണ്ടു്. വേദിക കരിങ്കല്ലും, ഭിത്തി വെട്ടുകല്ലുമായിട്ടും, വേദിക കല്ലും, ഭിത്തി മരവും ആയിട്ടും കാണപ്പെടുന്നു എന്നു സിദ്ധാന്തം. ഉള്ളിലെ പുറവുകൊണ്ടു യോനി വരുത്തിയുണ്ടാക്കുന്ന അറ, കിടപ്പുമുറി മുതലായവക്കു ഗർഭഗൃഹത്തിനു പറഞ്ഞപോലെ കല്പിച്ചുകൊള്ളണം. ഗർഭഗൃഹം എന്ന നിലവരയ്ക്കു് അവയുടെ അധിഷ്ഠാനം താഴ്ത്തി ഉള്ളിൽ യോന്യാദികളെല്ലാം വരുത്തി അതിന്റെ പാദകത്തിന്മേൽ വാതിൽ വയ്ക്കണം. അധിഷ്ഠാനത്തിന്റെ പടിക്കു കീഴേ പ്രാരം

അവസാനിക്കുകയും വേണം. പടിയും പാടുകവും മുറിയരുതെന്നു സിദ്ധാന്തം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു തുലാങ്ങളം, തൂണുകളം മുതലായവയെ ഉണ്ടാക്കുന്നതിൽ ഒരു സാമാന്യനിയമം പറയുന്നു.

യുഗ്മാസ്തുലാസ്തംഭലൂപാഭയസ്ഥ്നഃ
സവ്വാസ്ത്വയുഗ്മാഃ ഖലു പങ്ക്തയസ്ത്രാഃ.
നൃഗേഹനിട്ടിഷ്ടകരാധികാശ്ചേൽ
പാടോന്തരാസ്താസ്തു വിനാശദായ്യൽ!! 144

വ്യാ—തുലാങ്ങളം, തൂണുകളം, കഴുക്കോലുകളം മുതലായവ ഏരട്ടപ്പെട്ടിരിക്കണം. അവയുടെ പന്തികളെല്ലാം ഒറപ്പെട്ടം വരണം. തൂണുകളുടെ എടയിലുള്ള കാൽപ്പന്തികളം, ഇഷ്ടകീഷ്ടവിധിയിൽ പറഞ്ഞിരിക്കുന്ന കോലിന്റെ സംഖ്യയിൽ ഏറിയിരിക്കരുത്. (നൂറുകോലിൽ കവിഞ്ഞും, ഒരുകോലിൽ കുറഞ്ഞും ഇരിക്കരുതെന്നു സാരം.) അങ്ങനെ വന്നാൽ നാശത്തെ ചെയ്യുന്നതാണെന്നു പൂവ്വാചാര്യന്മാർ പറയുന്നു. "അയുഗ്മാഃ പങ്ക്തയസ്ത്രയുഗ്മാ സ്തംഭാദയഃ സ്ഥതാഃ നിട്ടിഷ്ടകരതോ ഹീനാ നാശായ പരികീത്തിതാഃ തദാധിക്യം വിനാശായ പാടപങ്ക്തേർന്യസ്തനി" എന്നു വാസ്തുവിദ്യ.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു നടുമുറത്തു മുല്ലത്തറയുണ്ടാക്കുവാനുള്ള വിധി പറയുന്നു.

തൃക്ഷപായാമന്തു മധ്യാങ്കണാജ്ജഗവാക്
തച്ചതുഷ്പഷ്ടികോഷ്ഠം
കൃത്വാ പ്രാക്കോഷ്ഠമേകം ത്യജതു തദുഭയം
ത്തരേ വ്യത്യയാദ്വാ

തന്മദ്ധ്യേ മല്ലികാകുട്ടിമമിഹ നിഗമാ-
ശ്രം ധ്വജോത്രം സമോത്സേ-
ധ്വായാമം പാദഹീനോച്ഛ്രയമിഭമുപപീ
ഠാദിമൽ ഗേഹരീത്യാ. 145

വ്യാ—നടുമുറ്റത്തിന്റെ വിസ്താരം കഴിച്ച് അധിക മുള്ള ഭിത്തിന്റെ തെക്കും വടക്കും സമം നീക്കി നട പത്തുര ശ്രമായി കല്പിച്ച് ആപത്തുരശ്രത്തെ അറുപത്തുനാലായി ഖണ്ഡിച്ച കിഴക്കുനിന്ന് ഒരു ഖണ്ഡവും, വടക്കുനിന്ന രണ്ടു ഖണ്ഡവും നീക്കി പിന്നത്തെ ഖണ്ഡത്തിൽ മധ്യം വരത്ത ക്കവണ്ണം മുല്ലത്തറയുണ്ടാക്കണം. അല്ലെങ്കിൽ കിഴക്കുനിന്ന രണ്ടു ഖണ്ഡവും വടക്കുനിന്ന് ഒരു ഖണ്ഡവും നീക്കി പിന്ന ത്തെ ഖണ്ഡത്തിൽ മദ്ധ്യം വരത്തക്കവണ്ണവും ഉണ്ടാക്കാം. ഈ മുല്ലത്തറ പത്തുരശ്രമായും ധ്വജയോനിയായും, നീള ത്തോളമോ അരിൽ നാലൊന്നു കുറച്ചോ ഉള്ള പൊക്ക ത്തോടു കൂടിയതായും ഇരിക്കണം. ഈ ഗൃഹത്തെപ്പോലെ ഉപപീഠം മുതലായ അവയവങ്ങളോടുകൂടിയതായിരിക്ക യും വേണം.

അവ:—ഇതുവരെ ഗൃഹനിർമ്മാണത്തിൽ എല്ലാടത്തും ആവശ്യമായിട്ടുള്ള സാമാന്യവിധികളെ പ്രസ്താവിച്ചു. ഇ നിച്ചില വിശേഷവിധികളെ പറയുന്നു. അവിടെ മുമ്പിൽ ഗൃഹങ്ങളുടെ പ്രാധാന്യക്രമത്തെയും അവയുടെ യോനിക ളേയും പറയുന്നു.

ഏകം സ്യാദ്ദ്വി ദക്ഷിണം ഗൃഹമുദേ
ഗ്വേത്തച്ച പാശ്ചാത്യകം
തേ സൌമ്യം ച ഗൃഹത്രികേ ഗൃഹപ-
ഷ്ഠേ പ്രാഗ്വ്യമേതാനി ച

*പ്രാച്യ്യാം കേതുജമേണരാജജമിഭം
പാപത്യ്യവാച്യ്യാമഥോ_
ദീച്യ്യാംതേ ഗജജം പ താനി വൃഷജം
പാഹുഃ പ്രതീച്യ്യാം ഗൃഹം. 146

വ്യാ—ഒരു പുരമാത്രം ഉണ്ടാക്കുന്നുവെങ്കിൽ തെക്കിനി യുണ്ടാക്കണം. പുര രണ്ടു വേണമെങ്കിൽ തെക്കിനിയും പ ടിഞ്ഞാറിനിയും കൂടി വേണം. മൂന്നെങ്കിൽ ഇവ രണ്ടും വടക്കിനിയും കൂടി വേണം. നാല പുരയും ഉണ്ടാക്കുമ്പോൾ ഇവ മൂന്നും കിഴക്കിനിയും കൂടി കൊള്ളാം. കിഴക്കിനിയാ യിട്ടുണ്ടാക്കുന്ന ഗൃഹം ധ്വജയോനിയായിരിക്കണം. തെക്കി നിക്കു സിംഹയോനി വേണം. നിഷ്കാഹമില്ലെങ്കിൽ ധ്വ ജയോനിയും കൊള്ളാം. വടക്കിനിക്കു ഗജയോനിവേണം. അത്യാവശ്യത്തിങ്കൽ ധ്വജസിംഹങ്ങളും കൊള്ളാം. പടി ഞ്ഞാറിനിക്കു വൃഷയോനിയായിരിക്കണം. ധ്വജസിംഹ ഗജങ്ങളും എടുക്കാം.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു മൂന്നു കെട്ടുകളായി ട്ടു പണിയുന്ന ഗൃഹങ്ങളുടെ ഗുണദോഷങ്ങളെ പറയുന്നു.

---

* ഈ ശ്ലോകത്തിന്റെ ഉത്തരാർദ്ധത്തിനു താഴെ കാണുന്നപ്രകാ രം ഒരു പാഠാന്തരമുണ്ടു്.

വാഞ്ഛന്തി കചിദേകമേവ ഭവനം
യത്രൈവ പാശ്ചാത്യകം
ഷോഷ്ടം, ഗേഹയുഗാദിനിർമ്മിതിവിധൌ
പ്രാഗുക്തവൽ കല്പ്യതാം

അർത്ഥം—ഒരു പുരമാത്രമുണ്ടാക്കുമ്പോൾ പടിഞ്ഞാറിനിയാണുണ്ടാ ക്കേണ്ടതു് എന്നു ചിലേടത്തു ചില ആചാര്യന്മാർ അഭിപ്രായപ്പെടുന്നു. അ തുകൊണ്ടു് ഒറ്റപ്പുര പണിയുമ്പോൾ തെക്കിനിതന്നെ വേണമെന്നില്ല; പടിഞ്ഞാറിനിയും ആവാമെന്നു സിദ്ധമാകുന്നു. പലവിധ സൌകര്യ ങ്ങളുണ്ടാകകൊണ്ടു് ഈ മതം മലയാളത്തിൽ പരക്കെ നടപ്പായിട്ടും കാ ണുന്നുണ്ടു്. രണ്ടോ മൂന്നോ പുരകൾ കൂട്ടിച്ചേർത്തു പണിയുമ്പോൾ മുമ്പേ പറഞ്ഞപ്രകാരം ചെയ്യുന്നും വരുന്നു.

പ്രാക് ശാലാരഹിതം ഗൃഹത്രികമഥോ
സുക്ഷേത്രമുദ്ധിപ്രദം.
ചുല്ലീ ദക്ഷിണമന്ദിരേണ രഹിതം
തദ്ചിത്തഹാനിപ്രദം
ധ്വംസഃ പശ്ചിമശാലയാ വിരഹിതം
പുത്രക്ഷയാരിപ്രദം
സൌമ്യാനം ച ഹിരണ്യനാഭിരിതി ത-
ദ്ചിത്തപ്രദം സർവ്വദാ 147

വ്യാ—കിഴക്കിനി ക്കൂടാതെ മറ്റുമൂന്നു കെട്ടുകളുമുണ്ടാക്കിയാൽ ആ ഗൃഹത്തിന്നു 'സുക്ഷേത്രം' എന്നു പേരാകുന്നു. അതു സമ്പ്സമൃദ്ധിയെ ഉണ്ടാക്കും. തെക്കിനി ക്കൂടാതെ മറ്റേവ മൂന്നുമുണ്ടാക്കിയാൽ അതിന്നു 'ചുല്ലി' എന്നു പേർ. അതു ധനനാശത്തെ ചെയ്യും. പടിഞ്ഞാറിനിയൊഴിച്ചു മറ്റുള്ളവ മൂന്നുമുണ്ടാക്കിയാൽ ആ ഗൃഹത്തിന്നു 'ധ്വംസം' എന്നു പേരാകുന്നു. അതു സന്താനഗാശത്തെയും ശത്രുപീഡയേയും ചെയ്യും. വടക്കിനിയൊഴികെ മറ്റു മൂന്നു ഗൃഹങ്ങളുമുണ്ടാക്കിയാൽ അതിന്നു 'ഹിരണ്യനാഭി' എന്നു പേരാകുന്നു. അതു് എല്ലാനാളും ധനസമൃദ്ധിയെ ഉണ്ടാക്കും.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു രണ്ടുകെട്ടുകളായിട്ടുണ്ടാക്കുന്ന ഗൃഹങ്ങളുടെ ഗുണദോഷങ്ങളെ പറയുന്നു.

പ്രക് പാശ്ചാത്യവിഹീനകേ കലഹമു-
ദ്വേഗം ച കാപാഭിധേ
യാമ്യോദഗ്ഗൃഹിതേ ത്വസിദ്ധിരുദിതാ
സിദ്ധാഖ്യകാഖ്യേ ചിരം!
പ്രഗാദിതയോനിതേ ക്രമവശാ-
ന്മൃത്യും ഭയം വിഗ്രഹം
പാർത്ഥാപ്തിം പ്രവദന്ത്യൃതഃ ക്രമവശാ-
ദ്ധ്യാമ്യാദികം കല്പയേൽ 148

വ്യാ—കിഴക്കിനിയും പടിഞ്ഞാറെറിനിയും കൂടാതെ മറവള്ള രണ്ടുകെട്ടുകളും ഉണ്ടാക്കിയാൽ അതിനു 'കാമം' എന്നു പേരാകുന്നു. അതിൽ വസിക്കുന്നവർക്കു കലഹവും ഭയവും ഫലം. തെക്കിനിയും വടക്കിനിയും കൂടാതെ മറവള്ള രണ്ടും ഉണ്ടാക്കിയാൽ അതിനു 'സിദ്ധാർത്ഥം' എന്നു പേർ. അതിനു ധനലാഭം ഫലം. കിഴക്കിനിയും തെക്കിനിയുമില്ലാതെ മറേറവ രണ്ടുമുണ്ടാക്കിയാൽ മരണവും, തെക്കിനിയും പടിഞ്ഞാററിനിയുമില്ലാതെ മറവരണ്ടു കെട്ടുകളുമുണ്ടാക്കിയാൽ ഭയവും, പടിഞ്ഞാററിനിയും വടക്കിനിയും ഒഴികെ മറേറവ രണ്ടുമായാൽ കലഹവും, വടക്കിനിയും കിഴക്കിനിയും ഒഴിച്ചു തെക്കിനിയും പടിഞ്ഞാററിനിയുമുണ്ടാക്കിയാൽ ധനലാഭവും ഫലം. അതിനാൽ തെക്കിനി മുതലായ ഗൃഹങ്ങളെ ക്രമത്താലെ ഉണ്ടാക്കേണ്ടതാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു ഗൃഹങ്ങളുടെ പത്രമാനത്തെ വിധിക്കുന്നു.

സവ്യേതരബാഹ്യപാർശ്വവിഹിതാൽ
ലംബാൽ ബഹിഃകുട്ടിമ—
സ്യാഷ്ടാഷ്ടാംഗുലനിഷ്ക്രമോ യ ഉദിത—
സ്തൽ പത്രമാനം വിദുഃ
യദ്വാ തദ്ഗൃഹണം ച തത്ഗൃഹണിതം
വാ തദ്വിധേയം, തഥൈ—
വാവാച്യുത്തരയോഃ ഷഡംഗുലമതോ
ദന്ദ്വം പ്രതീച്യാം കചിൽ 149

വ്യാ—എല്ലാടവും ഉത്തരപ്പുറത്തുനിന്നു തറയ്ക്കു് എട്ടെട്ടുവിരൽ പുറപ്പാടു വേണമെന്നു പറയപ്പെട്ടിരിക്കുന്നതിനു പത്രമാനമെന്നു പേരാകുന്നു. അല്ലെങ്കിൽ അതുപുറപ്പാടു പതിനാറു വിരലോ ഒരുക്കോലോ ആയിട്ടും കൊള്ളാം. (ഇതിനെ കോലായം എന്നും, കോലിറയം എന്നും, പറയാറുണ്ടു്.)

ഈപ്പത്രമാനം തെക്കിനിക്കും വടക്കിനിക്കും ആറാവു വിരലും, പടിഞ്ഞാറിനിക്കു പന്ത്രണ്ടുവിരലും പിലോടത്തു് എടുത്തുവരുന്നു. ഇതിൽനിന്നു പത്രമാനത്തിന്റെ ആകെ പുറമനോക്കുമ്പോൾ ഇഷ്ടയോനി വരത്തക്കവണ്ണം എടുക്കാമെന്നു സിദ്ധമാകുന്നു. ഇങ്ങനെ നടപ്പും കാണുന്നുണ്ടു്.

ഇവിടെ പില ഗ്രന്ഥങ്ങളിൽ താഴേ എഴുതുന്ന പ്രകാരം ഒരു ശ്ലോകവും കൂടി കാണുന്നുണ്ടു്.

തൽ പത്രമാനമസമം പ സമം പ ബാഹ്യേ-
പ്യന്തശ്ച തദ്വിഹിതയോനികനാഹയുക്തം
മത്ത്യാലയേഷു വിഹിതം, സുരമന്ദിരേഷ്വന്ത-
ർഹാരാപ്രദീപനിലയേഷു പ ഗോപുരേഷു

അർത്ഥം—മനുഷ്യാലയത്തിൽ ആപ്പത്രമാനം നാലു കെട്ടായിട്ടുള്ള ഗൃഹങ്ങളിൽ അകത്തു് അങ്കണത്തിലും, പുറത്തും സമമായിട്ടോ സമമല്ലാതെയോ വിധിക്കപ്പെട്ട യോനി വരത്തക്കവണ്ണം പുറമകല്പിച്ചു് എടുത്തുവരുന്നു. ദേവാലയത്തിൽ പുറമ്പലത്തിനും വിളക്കുമാടത്തിനും ഗോപുരത്തിനും ഇങ്ങനെ തന്നെ ചെയ്തുവരുന്നു. ഈ വിധിയനുസരിച്ചും സാധാരണ നടപ്പു കാണുന്നുണ്ടു്.

അവ—ഇനി ഒരു ശ്ലോകംകൊണ്ടു നാലുകെട്ടായിട്ടുള്ള ഗൃഹങ്ങളുടെ അങ്കണത്തെ വിധിക്കുന്നു.

പ്രോക്തം ഗേഹചതുഷ്കപാടുകബ ഹി-
ർഭാഗം ദ്വയൈരങ്കണം
ത്രയ്ശ്രം ധ്വജയോനികം യമധനേ-
ശാശാമുഖായ്യാമകം
ഭ്രമ്യശ്രപ്യംബുധിനാഗരസ്ഥദിനനാ-
ഥാഷ്ടഷ്ടപിസംഖ്യാംശുലൈ-
രേകദ്വിത്രികരൈരസ്രമൈവ പ ഗുണ-
വ്യാസാദിഭിശ്ചായതിഃ 150

വ്യാ—നാല പുരയുമുണ്ടാക്കുന്നേടത്ത് അവ നാലും ക്കൂടുമ്പോൾ ഒരു കെട്ടിന്റെ പാഴുകപ്പുരത്തുനിന്നും അതിന്റെ എതിർഭാഗത്തുള്ള കെട്ടിന്റെ പാഴുകപ്പുറംവരെയുള്ള സ്ഥലത്തിന്ന് അങ്കണമെന്ന വിദ്വാന്മാരാൽ പറയപ്പെട്ടിരിക്കുന്നു. അതു ചതുരശ്രവും ധ്വജയോനിയും തെക്കു വടക്കു നീളമേറിയതും ആയിരിക്കണം. ഈ അങ്കണത്തിന്ന് ഒന്നോ, രണ്ടോ, നാലോ, എട്ടോ, ഒമ്പതോ, പന്ത്രണ്ടോ പതിനാറോ വിരലുകളോ ഒന്നോ, രണ്ടോ, മൂന്നോ കോലുകളോ വിസ്താരത്തേക്കാൾ ദീർഘം കുറിയിരിക്കണം. അല്ലെങ്കിൽ ഗുണവിസ്താരംകൊണ്ടും ദീർഘവിസ്താരങ്ങളെ കല്പിക്കാം.

അവ—ഇനി ഏതാനും ചില ശ്ലോകങ്ങളെക്കൊണ്ടു ശാലാഭേദങ്ങളെ വിധിക്കുന്നു. അവിടെ മുമ്പേതന്നെ ഒരു ശ്ലോകംകൊണ്ടു് അവയുടെ സാമാന്യസ്വരൂപത്തെ പറയുന്നു.

ചതുരായ്ത്രു ത്ര ദിഗ്ഗ്രഹാണി ച പൃഥക്—
കോണാലയാന്യേവമി—
ത്യുക്താന്യഷ്ട നൃണാം ഗ്രഹാണി മുനിഭിഃ
സംസ്ഥാനഭിന്നാന്യഥ
ഏതാന്യേവ ച മാനനാമവശതഃ
പഞ്ചപ്രകാരാണി സ്—
ന്ത്യേതേഷാം ഭിതലാദിലക്ഷണവിധൗ
മാനാനി താന്യേവ ച. 151

വ്യാ—അത്ര—ത്രഃ—ഇവിടെ (ഈ കേരളദേശത്തിൽ) ആകട്ടെ. 'ത്ര' ശബ്ദം വിശേഷത്തെ കാണിക്കുന്നതിനാൽ ഈ ശാലാനിർമ്മാണവിഷയത്തിൽ വിശേഷമുണ്ടെന്നു സൂചിപ്പിച്ചിരിക്കുന്നു. കിഴക്കുമുതലായ നാലു ദിക്കുകളിലും വെവ്വേറെ നാലു ദിഗ്ഗ്രഹങ്ങളും, അഗ്നികോണമുതലായ നാലു കോണുകളിലും നാലുകോൺഗ്രഹങ്ങളും ഇങ്ങനെ മനുഷ്യർക്ക്

എട്ടു ഗൃഹങ്ങളും മുനികളാൽ വിധിക്കപ്പെട്ടിരിക്കുന്നു. പിന്നെ ഈശാലകളെത്തന്നെ ആകൃതിഭേദംകൊണ്ടും അളവിന്റെ വ്യത്യാസംകൊണ്ടും വെവ്വേറെ പേരുകളോടുകൂടി അഞ്ചു വിധത്തിലുള്ള ശാലകളായിട്ടും ഭവിക്കുന്നു. ഇവയെല്ലാം രണ്ടോ മൂന്നോ നിലകളുണ്ടാക്കുമ്പോൾ അളവും പേരും അതതിനു കല്പിക്കപ്പെട്ടതുതന്നെ ആയിരിക്കുകയും ചെയ്യും.

അവ—ഇനി ഒരു ശ്ലോകംകൊണ്ട് 'ഭിന്നശാല'യെ വിധിക്കുന്നു.

ശാലാസ്ഥപന്യോന്യഭിന്നാ നിജവിഹിതഗതി-
വ്യാസയോന്യാദിയുക്താഃ
പഞ്ച്യൽപത്രമാനാവധി വിഹിതലസൽ-
പാടകാ 'ഭിന്നശാലാഃ'
സർവ്വാർഹാസ്താ വിശേഷാദവനിസുരഹിതാഃ
കോണവേശ്മപ്രഹീണാ-
സ്തത്രാപി പ്രാങ്മുഖം കേതുജമപി ച ശുഭാ-
യാദിമൽ കല്പനീയം. 152

വ്യാ—തങ്ങളിൽതങ്ങളിൽ കൂടാതെ വേർവിട്ടും, തനിക്കുതനിക്കു വിധിച്ചിരിക്കുന്ന ഗമനം, വിസ്താരം, യോനി മുതലായവയോടുകൂടിയും നാലുഭാഗത്തും പത്രമാനത്തോളം ഉണ്ടാക്കപ്പെട്ടിരിക്കുന്ന പാടകത്തോടുകൂടിയും ഉണ്ടാക്കപ്പെടുന്ന ശാലകൾ 'ഭിന്നശാലകൾ' ആകുന്നു. കോൺഗൃഹങ്ങളില്ലാത്തവയായ ഈ ഭിന്നശാലകൾ എല്ലാ വർണ്ണങ്ങൾക്കും കൊള്ളാം. ബ്രാഹ്മണർക്കു വിശേഷിച്ചും നല്ലതാകുന്നു. അവിടേയും അങ്കണം ധ്വജയോനിയായിട്ടും, ആയാധിക്യം മുതലായ നല്ല ഗുണങ്ങളുള്ളതായിട്ടും കല്പിക്കപ്പെടേണ്ടതാകുന്നു.

അവ—ഇനി ഒരു ശ്ലോകംകൊണ്ട് പ്രകരണവശാൽ പ്രസ്താവിക്കപ്പെട്ടതായ ഗമനത്തെ വിധിക്കുന്നു.

സൂത്രൈഃ പ്രാങ്കണഗേഹമധ്യവിഹിതൈ-
രന്യോന്യവിദ്ധൈർവേൽ
തൽഗേഹസ്ഥിതപുത്രപൌത്രവിലയ-
സ്ഥസ്ഥാൽ ഗൃഹാണാം ക്രമാൽ
കർത്തവ്യം ഗമനം പ്രദക്ഷിണതയാ
പ്രാഗാദിതോ വഹ്നിര-
സ്രാദ്രീക്ഷ്ണംഗ്രഹലകൈസ്സ്വയോനിസഹിതൈ-
രാവശ്യകേ വാ യവൈഃ. 153

വ്യാ— അങ്കണത്തിന്റെ മധ്യത്തിൽക്കൂടി തെക്കുവടക്കും കിഴക്കുപടിഞ്ഞാറും ഉള്ള രണ്ടു സൂത്രങ്ങളും കിഴക്കിനി മുതലായ ദിഗ്ഗൃഹങ്ങളുടെ മധ്യത്തിൽക്കൂടിയുള്ള സൂത്രങ്ങളും തങ്ങളിൽ വേധിച്ചാൽ ആ ഗൃഹത്തിൽ വസിക്കുവാക്കു പുത്രപൌത്രാദിസന്താനനാശം ഭവിക്കും. അതിനാൽ കിഴക്കിനി മുതലായി നാലു ഗൃഹങ്ങൾക്കും ക്രമത്താലെ മൂന്നു്, ഒമ്പതു്, ഏഴു്, അഞ്ചു് ഇങ്ങനെ തന്റെ തന്റെ യോനിയോടുകൂടിയിരിക്കുന്ന അംഗ്രുലങ്ങളെക്കൊണ്ടു പ്രദക്ഷിണമായിട്ടു ഗമനമുണ്ടാക്കണം. അതെങ്ങനെയെന്നാൽ കിഴക്കിനിയുടെ മധ്യം അങ്കണമധ്യസൂത്രത്തിൽനിന്നു മൂന്നംഗ്രുലം തെക്കോട്ടു നീക്കണം. തെക്കിനിയുടെ മധ്യം അങ്കണമധ്യത്തിൽ തെക്കുവടക്കുള്ള സൂത്രത്തിൽനിന്നു് ഒമ്പതംഗ്രുലം പടിഞ്ഞാട്ടു നീക്കണം. പടിഞ്ഞാറിനിയുടെ മധ്യം അങ്കണമധ്യസൂത്രത്തിൽനിന്നു് ഏഴംഗ്രുലം വടക്കോട്ടു നീക്കണം. വടക്കിനിയുടെ മധ്യം അങ്കണമധ്യസൂത്രത്തിൽനിന്നു് അഞ്ചംഗ്രുലം കിഴക്കോട്ടു നീക്കണം. ഇങ്ങനെ ഗമനം അംഗ്രുലങ്ങളെക്കൊണ്ടു നീക്കുവാൻ കഴിവില്ലാതെ വന്നാൽ അരിയും തോരകളെക്കൊണ്ടും നീക്കാവുന്നതാണു്. ഇവിടെ പറഞ്ഞ ഗമനാംഗ്രുലത്തിന്റെ സംഖ്യ മൂന്നിൽ പെരുക്കിഏട്ടിൽ ഹരിച്ചാൽ അതതു ദിഗ്ഗൃഹനിസംഖ്യ ശേഷിക്കുന്നതു

കൊണ്ടാണ് ഇവയെ 'സപ്തയോനിസഹിതങ്ങൾ' എന്നു പറഞ്ഞിട്ടുള്ളത് എന്നറിഞ്ഞുകൊൾക.

അവ—എല്ലാ വണ്ണങ്ങൾക്കും കൊള്ളാവുന്നതായ ഭിന്നശാലയെ മുമ്പേ വിധിച്ചിട്ട്, ഇനി ഒരു ശ്ലോകംകൊണ്ടു ബ്രാഹ്മണക്കു യോഗ്യമായ ഭിന്നത്രയ്ശ്രശാലയെ വിധിക്കുന്നു.

ദിഗ്ഗ്രഹാനി തഥാങ്കണം ച വിധിവൽ
കൃത്വാഥ കോണാലയം
സിംഹോക്ഷദ്വിപകേത്വയോനിവിഹിതം
ച്ഛാശ്യാദികം കല്പയേൽ
നേഷ്ടം വഹ്നിജമത്ര ഭൂസുരഗൃഹേ
സർവ്വം തദന്യച്ഛുഭം
മിത്രേ ദക്ഷിണപശ്ചിമേ പുനരുദക്
പ്രാഗ്വേ ച ഗേഹേ മിഥഃ. 154

വ്യാ—തെക്കിനി മുതലായ ദിഗ്ഗ്രഹങ്ങളും നാലും അങ്കണവും മുൻപറഞ്ഞ വിധിപ്രകാരം ഉണ്ടാക്കണം. പിന്നെ അഗ്നികോണിൽ സിംഹയോനീയായിട്ടും, നിരൃതികോണിൽ വൃഷയോനിയായിട്ടും, വായുകോണിൽ ഗജയോനിയായിട്ടും, ഈശകോണിൽ ധ്വജയോനിയായിട്ടും കോൺഗൃഹങ്ങളും നാലും ഉണ്ടാക്കണം. എന്നാൽ ബ്രാഹ്മണക്കുള്ള ഗൃഹത്തിൽ അഗ്നികോൺഗൃഹം ഉണ്ടാക്കരുത്. മറേവ മൂന്നും ഉണ്ടാക്കാം. എന്തെന്നാൽ തെക്കിനിയും പടിഞ്ഞാറിനിയും തങ്ങളിലും വടക്കിനിയും കിഴക്കിനിയും തങ്ങളിലും ബന്ധുക്കളാകുന്നു. അതിനാൽ അവയിൽ ഒന്നിനു വല്ല അശുദ്ധിയും സംഭവിച്ചാൽ മറേതിനും ആ അശുദ്ധി ബാധിക്കും എന്നു കല്പിച്ചിട്ടാകുന്നു, "ശൂദ്രാദിസൂതികാദീനാം പ്രവേശസ്പൃഷ്ടിസംഭവാൽ ഏകച്ഛായേന തേ ഷേ ച വർജ്ജയേൽ ഭൂസുരാലയേ" എന്നു 'വാസ്തുവിദ്യ'

യില്യം, "ദക്ഷിണം ചൈവ പാശ്ചാത്യം മിശ്രോ മിശ്രഗൃഹം ഭവേൽ. തഥാ പൂർവ്വോത്തരഗൃഹം മിശ്രമന്യോന്യമേവ ച തക്ഷേ പ്രവിഷ്ടേ ചൈകസ്മിൻ ബന്ധോരപ്യുത്ഥചിർഭവേൽ തസ്മാദന്യഗൃഹേ വാസം മോചയേത്തു കലാചന" എന്ന 'മനുഷ്യാലയലക്ഷണം' എന്ന ഗ്രന്ഥത്തിലും ഉള്ള വചനങ്ങളിൽനിന്ന് ഇതു സ്പഷ്ടമാകുന്നു.

അവ—ഇങ്ങനെ ദിഗ്ഗൃഹങ്ങളേയും കോൺഗൃഹങ്ങളേയും വേർതിരിച്ചുണ്ടാക്കുമ്പോൾ അവയുടെ എടയിൽ വരുന്ന അന്തരങ്ങളെ ഒരു ശ്ലോകംകൊണ്ടു പറയുന്നു.

ദിക്കോണാലയഭേദകാനി ച ഭവേ-
ന്നൃഷ്ടാന്തരാളാനി തൽ-
ബാഹുല്യം യു ധനക്ഷയായ ഹി ഭവേ-
ദത്യുല്ലതാ വ്യാധയേ
മൃത്പിണ്ഡിവിരോധനാദിരഹിതാ
തൽ പാദതഃ പ്രായശോ
നേഷ്ടം ഗേഹരസാംശതോധികതരം
ദിഗ്ഭാഗലാഭാച്ചോനിതം. 155

വ്യാ—മുൻപറഞ്ഞപ്രകാരം ദിഗ്ഗൃഹങ്ങളും കോൺഗൃഹങ്ങളും ഉണ്ടാക്കുമ്പോൾ അവയെ തങ്ങളിൽ വേർപെടുത്തുന്നതായിട്ട് എട്ട് അന്തരാളങ്ങളുണ്ടാകുന്നതാകുന്നു. അവ അധികം വലുതായാൽ ധനനാശവും ഏറെച്ചുരുങ്ങിയാൽ വ്യാധിയുമുണ്ടാകും. അന്തരാളങ്ങളില്ലായ്കകൊണ്ടു കാലിന്നു ഇടമില്ലാതെ ദിഗ്ഗൃഹങ്ങളുടേയും കോൺഗൃഹങ്ങളുടേയും ഭിത്തികൾ തമ്മിൽ കേറി മുട്ടിപ്പോയാൽ മരണം ഫലം. അതിനാൽ ഗൃഹദീർഘത്തിൽ ആറിലൊന്നിൽ ഏഴരീച്ചം രണ്ടോ മൂന്നോ അംഗുലത്തിൽ കുറഞ്ഞിട്ടും അന്തരാളങ്ങൾ ഉണ്ടാക്കരുതു്.

അവ—ഇനി ഒരു ശ്ലോകംകൊണ്ട് ക്ഷത്രിയക്ക യോഗ്യമായിട്ടുള്ള പത്തരശാലയെ വിധിക്കുന്നു.

പത്തിന്തം ധ്വജമാദധീത ബഹിര-
ന്തഃ പത്തുമാനം തഥാ
തുല്യാതാനവിതാനമങ്കണമഥോ
ദിക്ഷ്വത്തരാഭ്യന്തരം
തത്തുര്യശ്രയുജോതഥകോണപത്തര-
ശ്രേഷ്വുത്തരാന്തർധ്വജം
യുക്ത്യാചോത്തരവിസ്തൃതിം 'പത്തരശാ-
ലാ'കല്പനേ ഭൂജ്ഞാം. 156

വ്യാ—രാജാക്കന്മാക്ക യോഗ്യമായ 'പത്തരശാല' ഉണ്ടാക്കുമ്പോൾ, പുറത്തെ ഉത്തരത്തിന്റെ പുറത്തെ പുറവും, അകത്തെ അങ്കണോത്തരത്തിന്റെ അകത്തെ പുറവും, അകത്തെയും പുറത്തെയും പത്തുമാനപ്പുറവും, ധ്വജയോനിയായിരിക്കണം. അങ്കണം സമചതുരശ്രമായിരിക്കണം. പിന്നെ ദിഗ്ഗ്രഹങ്ങളുടേയും സമചതുരശ്രങ്ങളായ കോൺഗ്രഹങ്ങളുടേയും ഉത്തരത്തിന്റെ ഉള്ളുപുറവും ധ്വജയോനിയായി വരണം. ഇപ്രകാരമെല്ലാം ചേർന്നു വരത്തക്കവണ്ണം യുക്തികൊണ്ട് ഉത്തരവിസ്താരത്തെയും കല്പിക്കണം.

അവ—ഇനി ഒരു ശ്ലോകം കൊണ്ട് മേൽപ്പറഞ്ഞ പ്രകാരം പത്തരശാലയുടെ കണക്കുണ്ടാക്കുവാൻ എളുപ്പത്തിലുള്ള ഒരു ക്രിയാമാർഗ്ഗത്തെ പറയുന്നു.

മാനാൽ ബാഹ്യാന്നിജേഷ്ടാദ്രഹയതുമിതിമാ-
ഭ്യന്തരീം ശേഷമാനാൽ
കോണാഗ്ര്യശ്രോളരോദ്യൽഭുജമപി ശിതധീ-
രഷ്ടനിഘ്നം വിജഹ്യാൽ

തച്ചോഷ്ടാഭ്യന്തരാണാമപി ജനയതു വി
ഷ്കംഭമഷ്ട്യംശതോടമൂ -
ന്യാപഷ്ഠന്തായതാന്യാകലയതു ച ചതുർ -
ഭിക്ഷു ബാഹ്യാന്തരാണി. 157

വ്യാ—തങ്ങൾക്ക് ഇഷ്ടമായിട്ടും ഏകയോനിയായിട്ടും അകത്തെ ചുറവും പുറത്തെ ചുറവും നിശ്ചയിച്ചാൽ പുറത്തെ ചുറിൽനിന്ന് അകത്തെ ചുറിനെ കളയണം. ശേഷമുള്ള സംഖ്യയിൽനിന്ന സമചതുരശ്രമായ കോൺഗ്രഹത്തിന്റെ ഉള്ളിൽ ഏകയോനിയായി കല്പിച്ചിരിക്കുന്ന ചുറിന്റെ നാലൊന്നായ ഭുജയെ എട്ടിൽ പെരുക്കിയാലുണ്ടാകുന്ന സംഖ്യയേയും കളയണം. ശേഷിച്ച സംഖ്യയെ പതിനാറിൽ ഹരിച്ചാൽ ഒരംശംകൊണ്ട് ഉത്തരങ്ങളുടെ വീതിയെക്കല്പിക്കണം. ആ ഉത്തരങ്ങളെല്ലാം പുറത്തോട്ടു പുറംവരെ എത്തത്തക്കവണ്ണം നീളം സമമായിത്തീർത്തു് അകത്തേയും പുറത്തേയും ഉത്തരങ്ങളെത്തമ്മിൽ വിധിപ്രകാരം വെട്ടിക്കവരിച്ചുകൊഠകയും വേണം.

